# ഹസ്താക്ഷരം

## കെ.പി. നജീമുദ്ദീൻ





## ഹസ്താക്ഷരം

**കെ. പി. നജീമുദ്ദീൻ**

കെ.പി.നജീമുദ്ദീന്റെ കഥകളിലുള്ളത് പൊള്ളിയ്ക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളാണ്. വളച്ചുകെട്ടും വക്രോക്തികളുമില്ലാതെ നജീമുദ്ദീൻ ചുറ്റും കാണുന്ന ജീവിതം ആവിഷ്ക്കരിക്കുന്നു.

ഈ കഥാകൃത്തിന് കഥ ജീവിതം തന്നെയാണ്. ആയിരത്തൊന്നു രാത്രികളിലും പറഞ്ഞുതീരാത്ത മഹാകഥയായി ജീവിതം ചരിത്രത്തിനപ്പുറത്തേയ്ക്കു നീളുകയാണെന്ന് കഥാകാരൻ അറിയുന്നു.

– ആലങ്കോട് ലീലാകൃഷ്ണൻ

വിതരണം

ഒലിവ്

വില 45 രൂപ

# പടവുകൾ

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

**ജീ**വന്റെ നിഗൂഢതകൾ ഉറങ്ങിക്കിടക്കുന്നത് ജീനുകളിലല്ല, കാലത്തിന്റെ ഗോപ്യമായ ഞൊറിവുകളിലാണെന്ന വിശ്വാസമാണ് ചരിത്രം ഐച്ഛിക വിഷയമായെടുക്കാൻ അയാളെ പ്രേരിപ്പിച്ചത്.

എഴുതപ്പെട്ട ചരിത്ര സാക്ഷ്യങ്ങൾക്കപ്പുറം അപ്രകാശിതമായ പ്രപഞ്ചസത്യങ്ങളുടെ നിലവറകൾ തേടി ഭൂതകാലത്തിന്റെ പടവുകളിറങ്ങിയ അയാൾ തപോവനങ്ങളും മണലാഴികളും മലമടക്കുകളും പിന്നിട്ട് യുഗങ്ങൾ കടന്നുചെന്നപ്പോൾ ചരിത്രത്തിന്റെയും ചരിത്രാതീതകാലത്തിന്റെയും ദശാസന്ധിയിൽ ഇലക്കെട്ടും മഷിക്കുഴലുമായി മൗനിച്ചിരിക്കുന്ന ഹെറഡോട്ടസിനെ കണ്ടു.

അയാൾ ചോദിച്ചു. “ചരിത്രത്തിന്റെ പിതാവേ, അങ്ങന്താണാലോചിക്കുന്നത്?”

“ഒരിക്കലും വെട്ടിത്തിരുത്തപ്പെടാത്ത ചരിത്രം എങ്ങനെ എഴുതാം എന്നാണ് ഞാൻ ചിന്തിക്കുന്നത്.” അദ്ദേഹം പ്രതിവചിച്ചു.

“എങ്ങനെ എഴുതിയാലും മനുഷ്യരക്തം കൊണ്ടവ മായ്ക്കപ്പെടും. തീർച്ച....”

“നിങ്ങൾ എവിടെ പോകുന്നു സുഹൃത്തെ?” അദ്ദേഹം ചോദിച്ചു.

“പ്രപഞ്ചസത്യങ്ങൾ തേടി ചരിത്രത്തിന്റെ മറുകരയിലേക്ക്...”

ഇറങ്ങിപ്പുറപ്പെട്ടവർ ധാരാളം ഹെറോഡോട്ടസ് മുഖം ചുളിച്ചു.

“അറിയാം” അയാൾ പറഞ്ഞു. “ഞാനെന്റെ യാത്രാവഴിയിൽ ബോധിവൃക്ഷച്ചുവട്ടിൽ വെച്ച് ബുദ്ധനെ കണ്ടുമുട്ടി. സംസാരദു:ഖങ്ങൾക്ക് പരിഹാരം തേടിയിറങ്ങിയതായിരുന്നു അദ്ദേഹം. തുടർന്നുള്ള യാത്രയിൽ വനാന്തരങ്ങളിൽ വെച്ച് കൗടില്യനെ കണ്ടു. നന്ദ രാജാവിനോട് പ്രതികാരം ചെയ്യാൻ യോഗ്യനായ ഒരു രാജകുമാരനെ അന്വഷിച്ചിറങ്ങിയതായിരുന്നു ആ ബ്രാഹ്മണൻ.”

“അവർ ഇരുവരും തെരയുന്നതൊന്നുതന്നെ.” ഹെറോഡോട്ടസ് പറഞ്ഞു. “അവരുടേതു മാത്രമല്ല, ശ്രീ ശങ്കരന്റേയും ശ്രീരാമകൃഷ്ണന്റെയും ശ്രീനാരായണന്റെയും വഴി ഒന്നുതന്നെ. പക്ഷേ, സുഹൃത്തെ, ഇനി നിങ്ങളുടെ വഴി ദുർഘടം നിറഞ്ഞതാണ്. ഇതിനപ്പുറം മൈക്രോണുകളുടേയും ന്യൂക്ലിയോപ്രോട്ടീനുകളുടേയും യുഗമാണ്. അവിടേക്ക് മനുഷ്യർക്ക് പ്രവേശനമില്ല. പ്രപഞ്ചസത്യങ്ങൾ കണ്ടെത്തുക നിങ്ങൾക്ക് അസാധ്യമായ് വരും....”

“ഇല്ല. എനിക്കസാധ്യമായി ഒന്നും തന്നെയില്ല. ഞാൻ ശാസ്ത്രയുഗത്തിലെ മനുഷ്യനാണ്. എനിക്കതു കണ്ടെത്തിയേ തീരൂ......”

“എങ്കിൽ യാത്ര തുടരൂ സുഹൃത്തെ. ഞാനീ ബിർച്ച് ഇലകളിലേക്ക് ചരിത്രത്തെ പ്രസവിക്കട്ടെ.”

അയാൾ ഊറ്റത്തോടെ മുൻപോട്ടു നടന്നു.

ദീർഘിച്ച യാത്ര. അയാളുടെ കനത്ത കാൽവെപ്പുകൾക്ക് പിന്നിൽ കാലത്തിന്റെ ഫോസിലുകൾ ഘനീഭവിച്ചുകിടന്നു.

ഒടുവിൽ അയാൾ നിരോധിത മേഖലയിലേക്ക് കാൽകുത്തിയപ്പോൾ ഒരു കൂട്ടം മൈക്രോണുകൾ അയാളെ കടന്നാക്രമിച്ചു. അയാൾ അവയുടെ ഇടയിൽ നിന്നു കുതറിയോടി. പക്ഷേ, അയാൾ പിന്തിരിയാൻ ഒരുക്കമല്ലായിരുന്നു. രക്തം ഒലിക്കുന്ന മുറിവുകളുമായി അയാൾ കാതങ്ങൾ കടന്നുചെന്നു.

"പോഴത്തം മതിയാക്കുക. മടങ്ങിപ്പോവുക."

കാലത്തിന്റെ വിജാഗിരി ഞരക്കം പോലെ ആ താക്കീത് അയാളുടെ കാതുകളിൽ മുഴങ്ങി. പക്ഷെ, അയാൾ അതു ചെവികൊണ്ടില്ല.

മരീചികപോലെ തന്നെ കൈമാടി വിളിക്കുന്ന ജീവരഹസ്യങ്ങൾക്ക് പുറകെ അയാൾ മറ്റൊരു യുഗത്തിലേക്ക് കാൽവെച്ചു.

പക്ഷെ, .... അത് ശൂന്യതയുടെ യുഗമായിരുന്നു. വായുവില്ലാത്ത യുഗം.......

മുൻപോട്ടോ പിൻപോട്ടോ ചലിക്കാനാവാതെ പ്രാണവായുവിനായി കിതച്ചുകൊണ്ട് ഒരാക്രന്ദനത്തോടെ അയാൾ നിലംപതിച്ചു.

ആ മഹാശൂന്യതയിൽ നിന്നുണർന്നപ്പോൾ അയാൾ ഒരു മനോരോഗാശുപത്രിയുടെ ഇരുണ്ട സെല്ലിലായിരുന്നു.

-------------------

# ചതുപ്പുകൾ

കെ.പി നജീമുദ്ദീൻ
കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

പകൽ സന്ധ്യക്ക് വഴിമാറിക്കൊടുക്കുന്ന ആ ദശാസന്ധിയിൽ കുങ്കുമച്ചാർത്തണിഞ്ഞ ആകാശം കനൽമാത്രം അവശേഷിച്ച പട്ടടയെപ്പോലെ തോന്നിച്ചു. എരിഞ്ഞടങ്ങിയ പകലിന്റെ തിരുശേഷിപ്പുപ്പോലെ നഗരം ചലനമറ്റു കിടന്നു.

അയാൾ ബാൽക്കണിയിൽ നിന്നുകൊണ്ട് താഴെ നഗരത്തിന്റെ ഗർഭാശയത്തിലേക്ക് എത്തിനോക്കി. ഒറ്റക്കും തെറ്റക്കും നടന്നുനീങ്ങുന്ന നഗരവാസികൾ. നിരത്തിലോടുന്ന വാഹനങ്ങളിലും നിരത്തുവക്കിലെ കടകളിലും ലൈറ്റ് തെളിയിച്ചുകഴിഞ്ഞു.

പടിഞ്ഞാറ് കുന്നിനു മുകളിലെ ആശ്രമത്തിൽ നിന്നും പ്രാർത്ഥനാമണി മുഴങ്ങി. അസ്തമയ സൂര്യൻ കാവിപുതപ്പിച്ച ആ പർണ്ണശാലയുടെ പ്രശാന്തതയിലേക്ക് അയാൾ മിഴിയയച്ചു.

തലമുണ്ഡനം ചെയ്ത്, ഭസ്മം പൂശി, കഴുത്തിൽ രുദ്രാക്ഷമാലയണിഞ്ഞ് കൈയിൽ ഗീതാ പുസ്തകവുമായി ദീപസഞ്ചലമായ ആശ്രമകവാടത്തിലൂടെ പ്രാർത്ഥനാമണ്ഡപത്തിലേക്ക് നീങ്ങുന്ന കാഷായ വസ്ത്രധാരികൾ. മെയിൻ റോഡിൽ നിന്ന് കുന്നിനുമുകളിലെ ആശ്രമത്തിലേക്ക് നീണ്ട് പുളഞ്ഞുപോകുന്ന നിരത്തിലൂടെ വാഹനങ്ങളിലും കാൽനടയായും നീങ്ങുന്ന ഭക്തജനങ്ങൾ. അവരെ കാത്ത് റോഡരികിലെ സോഡിയം വേപ്പർ ലാംബിന്റെ വെളിച്ചത്തിൽ നിന്ന് അലമുറയിടുന്ന വഴിവാണിഭക്കാർ....

“ദേവൻ എന്താണ് ആലോചിക്കുന്നത്?”

രേണുക തൊട്ടു പുറകിൽ വന്ന് അയാളെ ഉരുമ്മി നിന്നുകൊണ്ട് ചോദിച്ചു.

ദേവൻ അവളെ തിരിഞ്ഞുനോക്കി.

രേണുക മുഖർജി. സന്ധ്യാംബരം പോലെ ചുവന്നു തുടുത്ത മുഖം. ചിരിക്കുമ്പോൾ ആഴവും പരപ്പുമുള്ള അവളുടെ കണ്ണുകളിൽ കല്ലോലങ്ങളിളകുന്നു.

അവൾ തന്റെ ആരാണ്?

അയാൾ ചിന്തിച്ചു. ആരുമല്ല. പക്ഷെ എല്ലാമാണ്. അവൾ തന്റെ എല്ലാമാകാൻ പോകുന്നവളാണ്.

“രേണൂ..”

“ഉം?”

“നിനക്കെന്റെ പുതിയ വീടിഷ്ടമായോ?” അയാൾ ചോദിച്ചു.

അവൾ വശ്യമായി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

“ഒത്തിരി ഇഷ്ടമായി. പക്ഷിക്കൂട് പോലത്തെ ഈ വീടും ഇതിനുള്ളിലെ ഒതുക്കവും ചിട്ടയുമെല്ലാം എനിക്ക് വളരെയേറെ ഇഷ്ടമായി. അതിനേക്കാളേറെ ഈ കിളിവാതിലിലൂടെ നോക്കിയാൽ കാണുന്ന ആ കുന്നിന്റെ മനോഹാരിത. ദേവനവിടേക്ക് നോക്കൂ...”

അവൾ ആ കുന്നിന്റെ ഉച്ചിയിലേക്ക് വിരൽച്ചൂണ്ടിക്കൊണ്ട് തുടർന്നു. “ഈ ആശ്രമത്തിന്റെ സാമീപ്യവും അവിടെ നിന്നുയരുന്ന പ്രാർത്ഥനാഗീതികളുടെ ഭക്തിനിർഭരമായ സ്വര സംഘാതങ്ങളും മാത്രം മതി മനുഷ്യന്റെ ഏതു ദു:ഖവുമകറ്റാൻ. നമുക്കാ ആശ്രമത്തിലേക്കൊന്നു പോയാലോ ദേവാ?”

“പോകാം”

“എങ്കിൽ വരൂ”

“ഇപ്പോഴോ?”

“ഉം?”

“പിന്നീടൊരിക്കലാവട്ടെ” അയാൾ ഒഴിഞ്ഞുമാറി.

സന്ധ്യയ്ക്കുള്ള പ്രാർത്ഥനാമണിയാണാ കേൾക്കുന്നത്. എനിക്കും അവരുടെ പ്രാർത്ഥനയിൽ പങ്കെടുക്കാൻ കൊതിയാവുന്നു ദേവാ. അയാളുടെ കരം കവർന്നുകൊണ്ടവൾ കെഞ്ചി.

“എങ്കിൽ രേണു പോയ് വരൂ. നമ്മളൊരുമിച്ച് പിന്നീടാകാം.” അയാൾ അവളുടെ കൈപ്പടത്തിൽ തലോടിക്കൊണ്ട് പറഞ്ഞു.

“ദേവൻ വരുന്നില്ലേ?”

“ഇല്ല.”

“എങ്കിൽ ഞാൻ പോയ് വരാം.”

“വേഗം വരണം. ഒറ്റയ്ക്ക് പോകേണ്ട. രാംസിംഗിനേയും കൂട്ടിക്കൊള്ളൂ.”

“വേണ്ട”

“ഒറ്റയ്ക്ക് പോവണ്ട രേണൂ. ആ ദീർഘിച്ച പാതയിലൂടെ നീയൊറ്റയ്ക്ക്.......” അയാൾ വിലക്കി.

“ഇല്ല ദേവൻ. ചുരുങ്ങിയ ദൂരമേയുള്ളൂ. ജീവിതത്തിൽ നിന്നും മരണത്തിലേക്കുള്ള ഹ്രസ്വമായ ദൂരം....”

അവൾ കണ്ണാടിക്ക് മുന്നിൽ നിന്ന് സാരിയും, തലമുടിയും ശരിപ്പെടുത്തിയ ശേഷം അയാളോട് യാത്രപറഞ്ഞ് സ്റ്റെയർകെയ്സിറങ്ങി. വഴിവക്കിലിരിക്കുന്ന പൂവിൽപ്പനക്കാരനിൽ നിന്ന് അർച്ചനക്കുള്ള പൂവും വാങ്ങി ആശ്രമത്തിലേക്കുള്ള നിരത്തു കയറുന്ന അവളെ നോക്കി അയാൾ നിന്നു.

കുന്നിൻ നെറുകയിൽ നിന്ന് പ്രാർത്ഥനാഗാനം അലയടിച്ചുവന്നു.

“യസ്യസ്മരണ മാത്രേണ
ജന്മസംസാര ബന്ധനാത്
വിമൂച്യതേ നമസ്തസ്മൈ
വിഷ്ണുവേ പ്രഭ വിഷ്ണുവേ”

കാറ്റിന്റെ നിശ്ബ്ദതയ്ക്കൊപ്പം പ്രകൃതിയുടെ മരവിപ്പിലേക്കൂർന്നിറങ്ങുന്ന പ്രാർത്ഥനാഗാനത്തിന്റെ സംഗീതനിസ്വനം അയാളുടെ മനസ്സിൽ ഓരാത്മീയ ശാന്തി പടർത്തി. പ്രസിദ്ധമായ യോഗാനന്ദസ്വാമികളുടെ പർണ്ണശാലയ്ക്ക് സമീപം തന്നെ വീട് തരപ്പെട്ടത് ഒരു വലിയ ഭാഗ്യമായി അയാൾക്ക് തോന്നി.

“ബാബൂജി, വിളക്കു കത്തിക്കാതെ എന്താണ് ആലോചിച്ചു നിൽക്കുന്നത്?”

അയാൾ തിരിഞ്ഞുനോക്കി.

രാംസിംഗാണ്.

കറന്റ് നിലച്ചിരിക്കുന്നു.

രാംസിംഗ് ഒരു ഹറിക്കേൻ വിളക്ക് കത്തിച്ചുവെച്ചു. ആ വിളക്കിന്റെ അരണ്ട പ്രകാശത്തിൽ വളഞ്ഞ ശരീരവും ശുഷ്കിച്ച മുഖത്ത് ചെമ്പൻ താടിയുമുള്ള ആ ചടച്ച മനുഷ്യൻ ഏതോ ചുടല

യിൽ നിന്നുയിർത്തുവന്ന പാതി ദ്രവിച്ച ശവദേഹം പോലെ ഒടിഞ്ഞുനിന്നു. അയാളുടെ ചാരനിറത്തിലുള്ള കൃഷ്ണമണികൾ എരിഞ്ഞടങ്ങിയ ജീവിതത്തിന്റെ ചിതാകുംഭങ്ങൾ പോലെ കാണുന്നവരിൽ അറപ്പും ഭീതിയുമുളവാക്കി. നടക്കുമ്പോൾ അയാളുടെ മരക്കാല് നിലത്തുമുട്ടി ഭയപ്പെടുത്തുന്ന മുഴക്കങ്ങളുണ്ടാക്കി.

നാലുദിവസം മുമ്പ് വീടന്വേഷിച്ചു ഇവിടെ വന്നതും രാംസിംഗിനെ പരിചയപ്പെട്ടതും ദേവൻ ഓർത്തു. പാൻവാലായോടൊപ്പമിരുന്ന് ചരസ്സ വലിക്കുകയായിരുന്ന അയാൾ തന്നെ കൂട്ടിവന്ന് വീടും പരിസരവും കാണിച്ചുതന്നു. വീടിഷ്ടമായെന്നറിഞ്ഞപ്പോൾ ഇഷ്ടമുള്ള വാടക കൊടുത്താൽ മതി എന്നു പറഞ്ഞു അയാൾ തന്നെ വീട് ശരിപ്പെടുത്തിത്തരികയും ചെയ്തു.

“പാചകം ചെയ്യാനും വീട് നോക്കാനും ഞാൻ കൂടെ നിൽക്കാം ബാബൂജി. ശമ്പളമൊന്നും വേണ്ട. രണ്ടുനേരം ഭക്ഷണം തന്നാൽ മതി” എന്നയാൾ പറഞ്ഞപ്പോൾ ദേവന് വളരെ കുണ്ഠിതമുണ്ടായി. അയാളെപ്പറ്റി ചോദിച്ചപ്പോൾ മുൻപ് പട്ടാളത്തിലായിരുന്നെന്നും ഒരു ഷെല്ലാക്രമണത്തിൽ വലതുകാൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചുവന്ന് ഇപ്പോൾ പെൻഷൻ പറ്റിക്കഴിയുകയാണെന്നും സ്വന്തമായിട്ട് ഒരു കൊച്ചുമകൻ മാത്രമേയുള്ളൂവെന്നുമാണയാൾ പറഞ്ഞത്.

ദേവൻ ബാൽക്കണിയിൽ ഒരു ക്യാൻവാസ് ചെയർ എടുത്തിട്ട് ഭാവിയുടെ ഇരുൾപരപ്പിലേക്കെന്നപോലെ പുറത്തെ വായുമണ്ഡലത്തിലേക്ക് നോക്കിയിരുന്നു.

ഈ യാത്രക്കിടയിൽ ഇതു തന്റെ എത്രാമത്തെ ഇടത്താവളമാണ്? ഇവിടെ ഇനി എത്ര നാൾ?

രാംസിംഗ് അയാൾക്ക് സമീപം വന്ന് വെറും നിലത്തിരുന്നു. പിന്നെ തന്റെ മരക്കാലിൽ പതിയെ തടവിക്കൊണ്ട് മൂളിപ്പാട്ടു പാടി.

ദേവൻ അല്പനേരം അത് ശ്രദ്ധിച്ചിരുന്നു. പിന്നെ ചോദിച്ചു. “രാംസിംഗ് എന്താണ് പിറുപിറുക്കുന്നത്?”

രാംസിംഗ് തന്റെ വായിൽ അവശേഷിച്ച പാൻ കറ പുരണ്ട ഏതാനും പല്ലുകൾ കാൺകെ ചിരിച്ചുകൊണ്ട് പറഞ്ഞു.

“പഴയൊരു മാർച്ചിംഗ് സോംഗാണ് ബാബൂജി. ഞങ്ങൾ ഷിംല റെജിമെന്റിലായിരുന്നപ്പോൾ ട്രഞ്ചുകളിലേക്ക് നീങ്ങുമ്പോഴും തിരികെ ബാരക്കിലേക്ക് മടങ്ങുമ്പോഴും ഈ ഗാനം പാടുമായിരുന്നു.”

“രാംസിംഗിന് പട്ടാളത്തിലെന്തായിരുന്നു ജോലി?”

“ആർട്ടിലറിയിൽ നായിബ് സുബേദാരായിരുന്നു.”അയാളുടെ കണ്ണുകളിൽ അഭിമാനത്തിന്റെ തിളക്കം.

ആശ്രമ കവാടത്തിലെ വാച്ച്മാനിരിക്കുന്ന ബൂത്തിൽ ഇടയ്ക്കിടെ സിഗരറ്റിന്റെ തീക്കണ്ണെരിഞ്ഞു. റോഡിലൂടെ ടോങ്കകളും, ട്രാംവണ്ടികളും ശബ്ദമില്ലാതെ നീങ്ങിക്കൊണ്ടിരുന്നു.

“രാംസിംഗ്” ദേവൻ വിളിച്ചു.

“എന്തേ ബാബൂ?”

“ഈ വീടിന്റെ ഉടമസ്ഥനാരാണ്?”

തന്റെ ഇടത്തെക്കാലും വലത്തെ മരക്കാലും നീട്ടിവെച്ച് ഉഴിഞ്ഞുകൊണ്ടയാൾ പറഞ്ഞു.

“ഞാൻ തന്നെയാണ് ബാബൂ”

ദേവൻ സ്തബ്ധനായി. ഇയാളോ?

അയാളുടെ മനസ്സ് വായിച്ചിട്ടെന്നപോലെ രാംസിംഗ് പറഞ്ഞു.

“അതേ ബാബൂ, ഞാൻ തന്നെയാണ് ഈ വീടിന്റെ ഉടമസ്ഥൻ. എന്റെ വീടാണിത്. ആയ കാലത്ത് ഞാൻ പണികഴിപ്പിച്ച എന്റെ സ്വന്തം വീട്. നാൽപതാമത്തെ വയസ്സിൽ വലതുകാൽ നഷ്ട പ്പെട്ട് പട്ടാളത്തിൽ നിന്നും വിരമിച്ച് നാട്ടിലെത്തിയ ഞാൻ കൃഷിപ്പണി ചെയ്ത് ജീവിച്ചത് ഈ വീട്ടി ലാണ്.”

ദേവൻ അപ്പോഴും വിസ്മയത്തിൽ നിന്നും മോചനം നേടിയിരുന്നില്ല. അയാൾ ചോദിച്ചു.

“രാംസിംഗിന് വേറെ വീടുണ്ടോ?”

“ഇല്ല”

“പിന്നെയെന്തിനാണ് ഈ വീട് വാടകയ്ക്ക് കൊടുത്തിരിക്കുന്നത്?”

“വയറ്റുപ്പിഴപ്പിന് വേണ്ടിയാണ് ബാബൂ” രാംസിംഗ് ദൈന്യതയോടെ പറഞ്ഞു. “നാലഞ്ചുമാ സമായി സർക്കാറിൽ നിന്നും പെൻഷനും കിട്ടാറില്ല. അവർക്കും മടുത്തുകാണും. എങ്കിലും ജീവി ക്കേണ്ടെ.....? ജീവനെടുത്തുപോകുന്നത് വരെയെങ്കിലും.... അതിങ്ങനെ കുശിനിക്കാരനായും തോട്ട ക്കാരനായും.....”

ദേവൻ ആ വൃദ്ധനെ അനുകമ്പയോടെ നോക്കി. സ്വന്തം വീട് വാടകയ്ക്ക് നൽകി അവിടെ ഒരു ശരണാർത്ഥിയായിക്കഴിയുന്ന ആ കിഴവനോട് അയാൾക്ക് സഹതാപം തോന്നി. അന്ന് മിലി ട്ടറിയിൽ നായിബ് സുബേദാരായിരുന്ന മനുഷ്യൻ! ഇന്ന്......

“രാംസിംഗ് ഈ വീട്ടിൽ തനിച്ചായിരുന്നോ താമസം?”

“അല്ല ബാബൂ. എന്നോടൊപ്പം എന്റെ മകളുമുണ്ടായിരുന്നു.”

“മകളോ?”

“അതേ. എന്റെ മകളുമുണ്ടായിരുന്നു. എന്റെ ഒറ്റമകൾ ചമേലി”

“ആ മകളിപ്പോളെവിടെ?”

രാംസിഗ് അതിനു മറുപടി പറയാൻ കഴിയാതെ നിശ്ചലനായി ഇരുന്നു.

തീവ്രദു:ഖത്തിന്റെ ചേർക്കുഴികൾ പോലെയുള്ള ആ കണ്ണുകൾ സജ്ജലങ്ങളാകുന്നത് കണ്ട പ്പോൾ അങ്ങനെ ചോദിക്കേണ്ടിയിരുന്നില്ല എന്നയാൾക്കു തോന്നി.

രാംസിംഗ് വിദൂരതയിലേക്ക് നോക്കിയിരുന്നു. തന്റെ ജീവിതത്തെ ഹ്രസ്വാവലോകനം ചെയ്തി ട്ടെന്നപോലെ അയാൾ പറഞ്ഞു.

“ബാബൂജി, ഈ ലോകം പാപങ്ങളുടെ ഓവുചാലാണ്. ഇവിടെ സ്നേഹവും ദയയും വിശ്വാ സങ്ങളുമെല്ലാം ശുദ്ധകാപട്യമാണ്.”

ആ വാക്കുകളിൽ മനസ്സ് മരവിപ്പിക്കുന്ന ദുരിതാനുഭവങ്ങളുടെ ജീർണ്ണഗന്ധം രൂക്ഷമായിരു ന്നു.

ആശ്രമത്തിൽ നിന്നു കേൾക്കുന്ന പ്രാർത്ഥനാലാപനത്തിന് ചെവിടോർത്തു കൊണ്ടയാൾ മന്ത്രിച്ചു.

“ആ കേൾക്കുന്നത് പാപികളുടെ മുറവിളിയാണ്. പിശാചുക്കളുടെ ആക്രന്തനം...”

“രാംസിംഗ്..” ദേവൻ ശാസിച്ചു

എന്തൊക്കെയാണിയാൾ പുലമ്പുന്നത്?

ദേവന് ഒന്നും മനസ്സിലായില്ല.

രാംസിംഗ് കിതച്ചുകൊണ്ട് പറഞ്ഞു.

“അതേ ബാബൂ. അങ്ങേയ്ക്കറിയാമോ? എന്റെ മകൾ ചമേലി, പേരുപോലെത്തന്നെ അവൾ ഒരു മുല്ലപ്പൂവായിരുന്നു. അവൾക്ക് ഒരു മുല്ലപ്പൂവിന്റെ പരിമളവും പരിശുദ്ധിയുമുണ്ടായിരുന്നു. അവളുടെ കലപില വർത്തമാനവും കാൽത്തളകിലുക്കവും ഇപ്പോഴുമെന്റെ കാതിൽ മുഴങ്ങുന്നു.”

അയാൾ അൽപനേരം നിശബ്ദനായിരുന്നു. പിന്നെ തുടർന്നു.

“ചമേലിക്ക് എട്ടുവയസ്സുള്ളപ്പോൾ അവളുടെ അമ്മ മരിച്ചു. കാൽ നഷ്ടപ്പെട്ട് പട്ടാളത്തിൽ നിന്ന് വിരമിച്ചപ്പോൾ എന്റെ പകുതി ജീവൻ അടർത്തിമാറ്റിയ ദേവനയാണെനിക്കുണ്ടായത്. എന്നിട്ടും ഞാൻ ജീവിച്ചത് എന്റെ മകൾക്ക് വേണ്ടിയായിരുന്നു. അവളുടെ ചിരിയും വളർച്ചയും കണ്ടാണ് ഞാൻ എന്റെ ദു:ഖം മറന്നിരുന്നത്.

എന്റെ സർവ്വസ്വവുമായ അവൾക്ക് വേണ്ടി ഞാൻ പലയിടത്തും വരനെയന്വേഷിച്ചു. ഒടുവിൽ സുമുഖനും സൽഗുണസമ്പന്നനുമായ ഒരു വരനെത്തന്നെ ഞാനവൾക്കായി കണ്ടെത്തി.”

അയാൾ പറഞ്ഞു തുടങ്ങി. ദേവൻ കേട്ടിരുന്നു.

“എന്നെക്കൊണ്ടാവുന്ന വിധം ആഢംബരമായിത്തന്നെ അവളുടെ വിവാഹം നടത്താൻ ഞാൻ നിശ്ചയിച്ചു. അവൾക്കുവേണ്ടി ഞാൻ പട്ടും പൊന്നും സ്വരൂപിച്ചു. വാത്സല്യത്തിന്റെ വറ്റുവാരിയൂട്ടി ഞാൻ അവളെ ഉൻമേഷവതിയാക്കി. ആ ദിവസങ്ങളിൽ അവളുടെ കണ്ണുകളിൽ പ്രതീക്ഷകളും സ്വപ്നങ്ങളും വെട്ടിത്തിളങ്ങുന്നത് കണ്ടു ഞാൻ ആനന്ദിച്ചിരുന്നു. അവൾ ഭർത്താവുമൊന്നിച്ച് സന്തോഷവതിയായി ജീവിക്കുന്നതായും അവളുടെ കുട്ടികൾ മുത്തച്ഛാ എന്നു വിളിച്ചെന്റെ മടിയിലേക്കോടി വരുന്നതായും ഞാൻ കിനാവ് കണ്ടിരുന്നു. പക്ഷെ.........

വിധിവൈപരീത്യമെന്നു പറയാം, വിവാഹത്തിന്റെ തലേന്നാൾ വരൻ ഹൃദയസ്തംഭനം മൂലം മരിച്ചു. എന്റെയും എന്റെ മകളുടെയും പ്രതീക്ഷകൾ തകർന്നു. ദയയില്ലാത്ത ഈ സമൂഹം ആ മരണം എന്റെ മകളുടെ മംഗല്യദോഷം കൊണ്ടാണെന്ന് വിധിയെഴുതി. ഇവിടെ ഞങ്ങൾ ഒറ്റപ്പെട്ടു. അവൾക്ക് വേറെ വിവാഹാലോചനകൾ വരാതെയായി. അത് അവളുടെ മനസ്സിൽ ആഘാതമേൽപിച്ചു. സ്വപ്നങ്ങൾ കളിയാടിയ അവളുടെ കണ്ണുകൾ കണ്ണീർക്കയങ്ങളായി. അവൾ മാനസികരോഗിയായിത്തീർന്നു. ഒടുവിൽ യോഗാനന്ദ സ്വാമികളുടെ ആശ്രമത്തിൽ മാനസിക വിഭ്രാന്തിക്ക് ചികിത്സയുണ്ടെന്നറിഞ്ഞ് ഞാൻ അവളേയും കൊണ്ട് ആശ്രമത്തിലെത്തി.”

അയാൾ ഒന്നു നിർത്തി.

ഭഗ്നാശയായ ഒരു യുവതിയുടെ കരിഞ്ഞുമണക്കുന്ന സ്വപ്നങ്ങളുടെ വിഷാദച്ഛായയിൽ നിന്ന് ഒരു അപസർപ്പക കഥയുടെ വിഭ്രമാത്മകമായ ദുരൂഹതയിലേക്ക് ആ കഥ പരിണമിക്കുന്നതായി ദേവന് തോന്നി.

രാംസിംഗ് തുടർന്നു.

“ഞാൻ ആദ്യമായിട്ടായിരുന്നു ആ ആശ്രമത്തിലേക്ക് ചെല്ലുന്നത്. നീണ്ട താടിയും രുദ്രാക്ഷമാല ചുറ്റി ഉയർത്തിക്കെട്ടിയ ജടയും ഭസ്മം പൂശിയ വീതിയേറിയ നെറ്റിത്തടവുമുള്ള ഒരു യോഗിയായിരുന്നു മഠാധിപതിയായ യോഗാനന്ദ സ്വാമികൾ. ഞാനും മകളും അദ്ദേഹത്തിനു മുന്നിൽ ഭക്തിയോടെ കൈകൂപ്പി നിന്നു. ആ കാഷായ രൂപിയുടെ കഴുകൻ കണ്ണുകൾ അവളുടെ ശരീരത്തിലേക്ക് ആർത്തിയോടെ ചൂഴ്ന്നിറങ്ങുന്നത് ഭക്തിപാരവശ്യത്താൽ ഞാൻ കണ്ടിരുന്നില്ല.

അയാൾ അവളെ മറ്റൊരു മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. കൂടെ പോകാൻ തുനിഞ്ഞ എന്നെ അയാളുടെ ചില ശിഷ്യൻമാർ തടഞ്ഞുവച്ചു. അവർ എനിക്ക് കഴിക്കാൻ ഭംഗും വലിക്കാൻ

ചരസ്സും തന്നു. സ്വതവേ മദ്യപാനിയായിരുന്ന ഞാൻ അൽപനേരത്തേക്ക് എന്റെ മകളെ മറന്ന് ലഹ രിയുടെ ലോകത്തിൽ മുഴുകി. മയക്കുമരുന്ന് ചേർത്ത ഭംഗിന്റെ സുഖകരമായ ലഹരിയിൽ ഞാൻ ബോധം കെട്ടുറങ്ങിപ്പോയി.

ഏതാനും മണിക്കൂറുകൾ കഴിഞ്ഞ് ബോധം വീണപ്പോൾ ഞാൻ എന്റെ മകളെ അന്വേഷിച്ചു. യോഗാനന്ദ സ്വാമികളുടെ ശയനമുറിയിലെ കിടക്കയിൽ തളർന്നുറങ്ങുന്ന ചമേലിയെ അവർ എനിക്ക് കാട്ടിത്തന്നു. അവളുടെ അസുഖം സുഖപ്പെടുത്തിക്കഴിഞ്ഞുവെന്നും ഇനി അവളെ വീട്ടിലേക്ക് കൊണ്ടുപോകാമെന്നും അവർ എന്നോട് പറഞ്ഞു. ഞാനവളേയും കൊണ്ട് മടങ്ങി.''

തൊണ്ണയിലൂടെ ഒലിച്ചിറങ്ങിയ കുറ്റബോധത്തിന്റെ കയ്പുനീർ പുറം കൈയാൽ തുടച്ചുകൊണ്ട് അയാൾ തുടർന്നു.

''അതിൽ പിന്നെ ചമേലി ഒരക്ഷരം മിണ്ടിയിട്ടില്ല. വീടിന്റെ ഏതെങ്കിലും ഇരുണ്ടമൂലയിൽ എവിടേക്കെങ്കിലും തുറിച്ചുനോക്കിക്കൊണ്ടിരിക്കും. ചിലപ്പോൾ പൊട്ടിക്കരയും. ചോദിച്ചാൽ ഒന്നും പറയുകയുമില്ല. ജലപാനമില്ലാതെ പ്രതിമ കണക്കെ ഇരിക്കുന്ന അവളെ കാണുമ്പോൾ എന്റെ ഉള്ള് നീറിയിരുന്നു. അവളുടെ ഉള്ളിലെ ദു:ഖമെന്താണെന്നോ എന്താണവൾക്ക് സംഭവിച്ചതെന്നോ എനിക്ക് മനസ്സിലായില്ല.

അങ്ങനെ മാസങ്ങൾ ചിലത് കഴിഞ്ഞപ്പോൾ അവൾ ഗർഭിണിയായി. അപ്പോഴാണ് എനി ക്കെല്ലാം ബോധ്യമായത്. ചിത്തഭ്രമം മൂർച്ഛിച്ച് ചികിത്സക്കാനെത്തിയ എന്റെ മകളെ കാമാർത്ത നായ ആ കപട സന്യാസി ബീജാവാപം കൊണ്ട് പുണ്യാഹം തളിച്ചാണാനുഗ്രഹിച്ചിരിക്കുന്നത്.

ഞാൻ ഉടനെത്തന്നെ ആശ്രമത്തിലെത്തി സ്വാമിയെ വിവരം ധരിപ്പിച്ചു. അപ്പോൾ അയാൾ പറഞ്ഞതെന്തെന്നോ? തന്റെ മകൾ പുണ്യവതിയാണ്. യോഗാനന്ദ സ്വാമികളുടെ ഇന്ദ്രിയങ്ങളി ലൂടെ ഇഷ്ടദൈവത്തിന്റെ രതിമൂർച്ഛയേറ്റു വാങ്ങാൻ ഭാഗ്യം സിദ്ധിച്ചവളാണവൾ. അവളുടെ ഉദര ത്തിൽ വളരുന്നത് ഈശ്വരന്റെ സന്താനമാണ്. അവൾ പ്രസവിക്കുന്ന കുഞ്ഞ് ദൈവസിദ്ധിയുള്ളതാ യിത്തീരും എന്ന്. അയാളുടെ മുഖത്തേക്കൊന്ന് കാർക്കിച്ചു തുപ്പാൻ പോലും ഞാൻ അശക്തനാ യിരുന്നു.

ഒരു വർഷത്തിനുള്ളിൽ ചമേലി ഒരാൺകുഞ്ഞിനെ പ്രസവിച്ചു. പക്ഷെ അവൾ ആ കുഞ്ഞിനെ എടുത്തോമനിക്കുകയോ മുലയൂട്ടുകയോ ചെയ്തിരുന്നില്ല. ആ കുഞ്ഞിന്റെ കരച്ചിൽ കേൾക്കു മ്പോൾ അവൾ ഞെട്ടി നിലവിളിക്കുമായിരുന്നു. അവൾ അതിനെ ഭയത്തോടെയും വെറുപ്പോടെയും തുറിച്ചുനോക്കുമായിരുന്നു.

പെട്ടെന്നൊരു നാൾ അവളെ കാണാതായി. അന്വേഷണങ്ങളൊക്കെ വിഫലമായി. നാലഞ്ചു നാൾ കഴിഞ്ഞപ്പോൾ ആശ്രമം നിൽക്കുന്ന കുന്നിൻ ചെരുവിലെ ചതുപ്പുകളിലൊന്നിൽ നിന്ന് അഴു കിത്തുടങ്ങിയ അവളുടെ മൃതദേഹം കണ്ടെടുത്തു.''

ഗദ്ഗദത്തോടെയാണയാൾ പറഞ്ഞു നിർത്തിയത്.

''പിന്നീടുള്ള കാലം ആ ദൈവപുത്രനെ വളർത്തിയത് ഞാനാണ്. ആൾവാർ ബസ്തികളിലെ ലംബാർഡി സ്ത്രീകളുടെ മുല കുടിച്ചാണവൻ വളർന്നത്. അതിനായി ഞാനവർക്ക് ദിവസവും കൂലി കൊടുത്തിരുന്നു.''

ദേവൻ അവിശ്വസനീയതയോടെ ആ കുന്നിനു മുകളിലേക്ക് നോക്കി.

ആത്മീയതയുടെ പുണ്യസങ്കേതമെന്നു താൻ കരുതിയ ആ പർണ്ണാശ്രമം രതിവൈകൃതത്തിന്റെ...

ലഹരി മരുന്നിന്റെ....

രാംസിംഗ് ആശ്രമത്തിനുനേർക്ക് വിരൽചൂണ്ടിക്കൊണ്ട് മുറുമുറുത്തു.

"എന്റെ മകളുടെ ആത്മാവലയുന്ന ചുടലക്കാടാണത്."

ദേവൻ ആ കുന്നിനു മുകളിലേക്ക് മിഴി തറച്ചിരുന്നു.

ആ കുന്നിന്റെ പള്ളങ്ങളിൽ തഴച്ചുവളർന്നു നിൽക്കുന്ന ബിർച്ച് മരരാശിക്കിടയിൽ ചമേലി യുടെ ആത്മാവ് ഗതികിട്ടാതെ അലയുന്നുണ്ടാവുമോ?

അയാൾ ചോദിച്ചു.

"ചമേലിയുടെ മകനിപ്പോളെവിടെ?"

"അവനീ തെരുവിൽ തന്നെയുണ്ട്. ചേരിപ്പിള്ളേരോടൊപ്പം കാള കളിച്ചു നടക്കുകയാണ്. ബാബൂ, ഈ കഥയെല്ലാം അവനറിയാം. പകയോടയാണവൻ നടക്കുന്നത്. തന്റെ അമ്മയെ കൊന്ന വരെ വകവെരുത്തിയേ അടങ്ങൂ എന്ന് ശപഥം ചെയ്തിരിക്കുകയാണവൻ. അവനിന്ന് പതിനാല് വയസ്സോളമായി. ഈ വൃദ്ധനായ എനിക്ക് അവനെ ശാസിക്കാനോ, നിയന്ത്രിക്കാനോ കഴിയില്ല ബാബൂ. അവൻ ഭംഗ് കഴിക്കാനും, വേശ്യാത്തെരുവിൽ പോകാനും കാശ് ചോദിക്കുമ്പോഴൊക്കെ ഞാൻ കൊടുക്കും. എന്റെ കാലശേഷമോ? അവൻ കാശിന് വേണ്ടി പിടിച്ചുപറിക്കാനും മോഷ്ടി ക്കാനും തുടങ്ങില്ലേ ബാബൂജി? അവനിങ്ങനെ നശിക്കുന്നത് കാണാൻ എനിക്ക് വയ്യ ബാബൂ..."

രാംസിംഗ് ദു:ഖഭാരത്തോടെ തേങ്ങിക്കരഞ്ഞു. ഭൂതകാലം വിസർജ്ജിച്ച നാറുന്ന അനുഭവ ങ്ങളുടെ ഓർമ്മകൾക്കു മുന്നിൽ അയാൾ മുഖം പൊത്തി.

ദേവൻ മനോവേദനയോടെ അയാളെ നോക്കി.

കുന്നിനു മുകളിലെ നരകത്തിൽ പാപികളുടെ മുറവിളിയൊടുങ്ങിയിരുന്നു. പിശാചുക്കൾ കൂട്ടത്തോടെ കുന്നിറങ്ങി വരാൻ തുടങ്ങി. വഴിയരികിൽ കാത്തുനിൽക്കുന്ന ടോങ്കകളും ട്രാം വണ്ടി കളും നിറഞ്ഞു. അവ ഹോൺ മുഴക്കിക്കൊണ്ട് നീങ്ങിത്തുടങ്ങി.

"ബാബൂജിക്കുണ്ണാറായില്ലേ?" രാംസിംഗ് ചോദിച്ചു.

"ഇല്ല"

"എങ്കിൽ ഞാനൊന്ന് തലചായ്ക്കട്ടെ. കഴിഞ്ഞതൊക്കെ ഓർത്തപ്പോൾ മനസ്സിനൊരു വല്ലാ യ്മ. ഊണ് ഞാൻ മേശപ്പുറത്ത് വിളമ്പിവെക്കാം."

"ശരി"

രാംസിംഗ് എഴുന്നേറ്റ് അകത്തേക്ക് നടന്നു. മരക്കാല് ശബ്ദിച്ചു.

ചമേലിയുടെ മകനെക്കുറിച്ചായിരുന്നു ദേവന്റെ ചിന്ത. അയാൾക്ക് ആ ദൈവപുത്രനെ ഒന്ന് കാണണമെന്ന് തോന്നി. ഭോഗാനന്ദനായ യോഗാനന്ദ സ്വാമികളുടെ ഉൽപന്നം. ആൾവാർ ബസ്തി കളിലെ ലംബാർഡി സ്ത്രീകളിൽ നിന്ന് വാടകയ്ക്ക് മുലയുണ്ടു വളർന്നവൻ. പറക്കമുറ്റുന്നതിനു മുമ്പേ ലഹരിസേവയും വേശ്യാസംസർഗ്ഗവും ശീലമാക്കിയവൻ. തന്റെ ജന്മരഹസ്യമറിഞ്ഞ് വൈരാ ഗിയായിത്തീർന്നവൻ. തനിക്ക് മുലപ്പാൽ നിഷേധിച്ചവരെ വകവരുത്താൻ ശപഥം ചെയ്തിറങ്ങിയ വൻ.... ദൈവപുത്രൻ....

അവസാനത്തെ ടോങ്കയും പോയിക്കഴിഞ്ഞു. നിരത്തുവക്കിലെ കടകളിൽ ലൈറ്റണച്ചു കഴി ഞ്ഞു. പൊതുനിരത്തിലും വഴിവക്കിലും ഒരൊറ്റ മനുഷ്യജീവി പോലുമില്ല.

എല്ലാം ശാന്തം...

പെട്ടെന്നയാൾ ഞെട്ടലോടെ ഓർത്തു.

രേണുക..

രേണുകയെവിടെ?

അയാൾ ആശ്രമത്തിലേക്ക് നോക്കി. ആശ്രമത്തിലേക്കുള്ള ഗേറ്റടച്ചു കഴിഞ്ഞു.

അയാൾ സംഭീതനായി.

രേണുകയെന്താണിനിയും വരാത്തത്?

ആ ദീർഘിച്ച പാതയുടെ ഏതെങ്കിലുമൊരു ബിന്ദുവിൽ അവളെ കണ്ടെത്താനാവുമെന്ന പ്രതീക്ഷയോടെ അയാൾ വഴിയിലേക്ക് കണ്ണയച്ചു. പക്ഷെ.... പാത ശൂന്യമാണ്. ആ വഴി....

പെട്ടെന്നയാളുടെ നെഞ്ചിൽ രേണുകയുടെ വാക്കുകൾ തീക്കൊള്ളിയായി വന്നു വീണു. .....ജീവിതത്തിൽ നിന്നും മരണത്തിലേക്കുള്ള ഹ്രസ്വമായ ദൂരം......

ആ ഹ്രസ്വമായ പാതയിലേക്കും, ചമേലിയുടെ ആത്മാവലയുന്ന കുന്നിൻ പള്ളങ്ങളിലെ ബിർച്ച് മരരാശിയിലേക്കും അവയ്ക്കിടയിലെ ചതുപ്പികളിലേക്കും അയാൾ ഉറക്കെ മിടിക്കുന്ന ഹൃദയത്തോടെ നോക്കി നിന്നു.

അയാൾ വാച്ചിൽ നോക്കി.

ഡയലിന്റെ വെളുത്ത പ്രതലത്തിനു മീതെ നിമിഷസൂചി ഞൊണ്ടി നീങ്ങിക്കൊണ്ടിരുന്നു.

പക്ഷെ രേണുക......

അവളെവിടെ

അയാൾ തളർന്നു തുടങ്ങി.

**********************************

# (ക) ഭേദങ്ങൾ

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

## പ്രതീക്ഷകൾ

ഓടിക്കൊണ്ടിരിക്കുന്ന ബസ്സിലിരിക്കുമ്പോൾ മജീദ് മനസ്സിൽ കണക്കു കൂട്ടി.

ഇനിയും അരമണിക്കൂർ നേരത്തെ യാത്ര കഴിഞ്ഞാൽ കാരത്തൂരെത്തും. കാരത്തൂരങ്ങാടിയിൽ നിന്ന് രണ്ടു മിനിറ്റു നടന്നാൽ റുഖിയ അമ്മായിയുടെ വീട്ടിലെത്താം. തന്നെ കാണുമ്പോൾ അമ്മായിക്ക് വലിയ സന്തോഷമാകും. പതിവുപോലെ ഗേറ്റു കടക്കുമ്പോൾത്തന്നെ ഓടിവന്ന് തന്നെ എതിരേറ്റുകൊണ്ട് അമ്മായി പറയും.

"ന്റെ മജീദേ, ഞാനന്നെ ഇന്നലേം കൂടി സ്വപ്നം കണ്ടാര്ന്ന്. ഇന്നിദാ ഇന്റെ കുട്ടി നേരില് വന്നിക്കിണ്..."

പിന്നെ തന്നെ സൽക്കരിച്ചിരുത്താനും വീട്ടിലെ വിശേഷങ്ങൾ ചോദിച്ചറിയാനുമൊക്കെ വലിയ തിരക്കാവും അമ്മായിക്ക്. റസിയ വീട്ടിലുണ്ടെങ്കിൽ അവളുടെ കൈയിലാവും ചായയും പലഹാരവും കൊടുത്തു വിടുക.

അതൊക്കെ കഴിഞ്ഞ് സാവധാനത്തിൽ തന്റെ ആവശ്യമറിയിക്കണം. അമ്മായി എന്തെങ്കിലും സഹായം ചെയ്യാതിരിക്കില്ല. ആയ കാലത്ത് തന്റെ ഉപ്പ അവരെ ഒത്തിരി സഹായിച്ചിട്ടുള്ളതല്ലേ? അമ്മായി സഹായിക്കാതിരിക്കില്ല.

തങ്ങളോടുള്ള കടപ്പാടുകൾ അത്ര പെട്ടെന്നൊന്നും അമ്മായിക്ക് മറക്കാൻ കഴിയില്ല. തന്റെ ഉപ്പ ഗൾഫുകാരനായിരുന്നപ്പോൾ കുറച്ചൊന്നുമല്ല അമ്മായിയെയും കുടുംബത്തെയും സഹായിച്ചിട്ടുള്ളത്. സഹായം ചോദിച്ചപ്പോഴൊക്കെ കൈയയച്ചു നൽകി. ചോദിക്കാൻ മടിച്ചപ്പോഴെല്ലാം കണ്ടറിഞ്ഞു വേണ്ടതു ചെയ്തു. അമ്മായിക്കാക്കാന്റെ മരക്കച്ചവടം പൊളിഞ്ഞപ്പോൾ ഉപ്പ തന്റെ ഒരു പരിചയക്കാരന്റെ കടയിൽ മൂപ്പർക്ക് കണക്കെഴുത്ത് ജോലി വാങ്ങിക്കൊടുത്തു. അമ്മായിയുടെ രണ്ടാൺമക്കൾക്കും ഗൾഫിൽ ജോലി ശരിയാക്കി സ്വന്തം ചെലവിൽ അവരെ അക്കര കടത്തി. റംലത്താത്താന്റെ കല്യാണവും ഉപ്പ ഗംഭീരമായിത്തന്നെ നടത്തിക്കൊടുത്തു.

ആ കടപ്പാടൊന്നും അമ്മായി അത്രവേഗം മറക്കാനിടയില്ല. അമ്മായി തീർച്ചയായും തന്നെ സഹായിക്കും. അമ്മായിക്ക് തന്നെ അത്രയ്ക്ക് സ്നേഹമാണല്ലോ?

അബുദാബിയിലെ ഇന്ത്യൻ സ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. പൂർത്തിയാക്കി നാട്ടിൽ വന്നശേഷം ആദ്യമായി അമ്മായിയെ കാണാൻ ചെന്നത് അവനോർത്തു.

പനമ്പുവേലി ശബ്ദിക്കുന്നതുകേട്ട് അടുക്കള കിളിവാതിലിലൂടെ പാളിനോക്കിയ അമ്മായി തന്നെ കണ്ടതും ഓടിവന്ന് കൈപിടിച്ചാനയിച്ചു കൊണ്ടു പറഞ്ഞു.

"ഇന്റെ കുട്ട്യേ, ഞാനന്നെ ഇന്നലേം കൂടി സ്വപ്നം കണ്ടാര്ന്ന്. ഇന്നിദാ കൺമുമ്പില്...."

താൻ കൊണ്ടുചെന്ന സമ്മാനപ്പൊതികൾ വാങ്ങിവെച്ചുകൊണ്ട് അമ്മായി പറഞ്ഞു.

"അമ്മായിക്കിതൊന്നും വേണ്ട. ഇന്റെ കുട്ടി ഇന്നെ കാണാൻ വന്നല്ലോ.... ഇനിക്ക് പെരുത്ത് സന്തോഷായി."

“ഇരിക്ക്. ഇപ്പൊ വരാം” എന്നും പറഞ്ഞ് അകത്തേക്ക് പോയ അമ്മായി പലഹാരങ്ങൾ അടുക്കിയ തളികയും ചായക്കപ്പുമായി റസിയയെ കോലായിലേക്ക് തള്ളിവിട്ടു. ചെറുപ്പത്തിൽ കണ്ട തായിരുന്നു അവളെ. ഇപ്പോൾ നിറയൗവ്വനം പൂത്തുലഞ്ഞ താരുണ്യവും സ്വപ്നങ്ങൾ കരിമഷിയെ ഴുതിയ കണ്ണുകളുമായി അവൾ തന്റെ മുന്നിൽ നാണിച്ചു നിന്നപ്പോൾ തന്റെ ഖൽബിൽ ഒരായിരം കുതിരക്കുളമ്പടികൾ....

പലഹാരപാത്രവും ചായക്കോപ്പയും തന്റെ മുന്നിലെ മേശപ്പുറത്തുവെച്ചിട്ട് നാണത്തോടെ അകത്തേക്ക് വലിഞ്ഞെങ്കിലും അമ്മായിയുമായി സംസാരിച്ചിരിക്കുമ്പോൾ വാതിൽ മറഞ്ഞുനിന്ന് അവൾ തന്റെ നേർക്ക് ഒളിക്കണ്ണെറിയുന്നത് കണ്ടിരുന്നു. അപ്പോൾ മുൻപൊരിക്കൽ അവളെക്കുറിച്ച് സംസാരിക്കുമ്പോൾ “അവള് അനക്കുള്ളതാ” എന്ന് ഉമ്മ പറഞ്ഞതും.... കുട്ടിക്കാലത്ത് തന്റെ കുഞ്ഞനുജത്തി തന്നോട് പിണങ്ങുമ്പോൾ “ഇക്കാന്റെ പൂയ്യെണ്ണ് റസ്യാത്താത്താ” എന്നു പറഞ്ഞ് തന്നെ കളിയാക്കാറുണ്ടായിരുന്നതും ഓർമ്മ വന്നു. ഉടൻ മനസ്സു മന്ത്രിച്ചു - റസിയ എന്റെ പെണ്ണാണ്.

പിന്നീട് നാട്ടിലെ പ്രശസ്തമായ കേളേജിൽ പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴും താനിടയ്ക്കൊക്കെ അവിടെ പോകാറുണ്ടായിരുന്നു. അപ്പോഴെല്ലാം ഉമ്മ തന്റെ കൈയിൽ അമ്മായിക്ക് കൊടുക്കാൻ പലഹാരങ്ങളും സമ്മാനങ്ങളും തന്നയക്കുമായിരുന്നു.

പ്രീഡിഗ്രിക്ക് റാങ്ക് കിട്ടിയ വിവരം അറിയിക്കാൻ ചെന്നപ്പോഴേക്കും അമ്മായി ഓടിവന്ന് തന്നെ ആനയിച്ചുകൊണ്ടു പറഞ്ഞു.

“ഇന്റെ കുഞ്ഞിനെ ഇന്നലേം ഞാൻ സ്വപ്നം കണ്ടാരുന്നു.”

റാങ്ക് കിട്ടിയ വിവരം അറിഞ്ഞപ്പോൾ അമ്മായി സന്തോഷക്കണ്ണീരൊപ്പിക്കൊണ്ട് പറഞ്ഞു. “ഇനിക്കറിയായിരുന്നു, ഇന്റെ കുട്ടിക്കത് കിട്ടുംന്ന്. ജ്ജ് മിടുക്കനാ.”

അന്ന് റസിയ വീട്ടിലുണ്ടായിരുന്നില്ല. സ്കൂളിലായിരുന്നു. എസ്.എസ്.എൽ.സി.ക്ക്.

യാത്ര പറഞ്ഞിറങ്ങാൻ നേരം അമ്മായി പറഞ്ഞു - “പോവുന്ന വഴിക്ക് തന്ന്യാണ് റസിയാന്റെ സ്ക്കോള്. അവിടെക്കേറി ഓളേം ഒന്ന് കണ്ടിട്ട് പൊയ്ക്കോ. ഓൾക്ക് പെരുത്ത് സന്തോഷാവും.”

സ്കൂളിൽ ചെന്ന് അവളെ കണ്ട് സംസാരിച്ചു മടങ്ങുമ്പോൾ പുറകിൽ നിന്ന് അവളുടെ ചങ്ങാതിച്ചികളുടെ കുശലാന്വേഷണം കേട്ടു.

“ആരാടിയത്?”

“ന്റെ ചെക്കനാ.” നാണം പൊതിഞ്ഞ മറുപടി.

പൊട്ടിച്ചിരികളുടെ മുഴക്കം. അകതാരിൽ കരിവളക്കിലുക്കം. ഞാൻ അവളുടെ ചെക്കനാ...

പക്ഷെ അതൊക്കെ അന്നായിരുന്നു.

ഒന്നരക്കൊല്ലം മുൻപ് - അന്ന് തന്റെ ഉപ്പ ഗൾഫുകാരൻ മായിൻകുട്ടിയായിരുന്നു. ഇന്നോ? മാറാരോഗം ബാധിച്ച് സകല പ്രതീക്ഷകളും തകർന്ന്, ദുരിതങ്ങളുടെ പൊക്കണവും പേറി ഗൾഫിൽ നിന്ന് നാട്ടിലേക്ക് മടങ്ങിയ, സ്പോൺസർ തിരിച്ചയച്ച - മായിൻകുട്ടി. ക്യാൻസർ മായിൻകുട്ടി.

സമൂഹത്തിന് മുമ്പിൽ തങ്ങളുടെ വിലയിടിഞ്ഞത് പോലെ അമ്മായിയുടെ കണ്ണിലും... ഹേയ്, ഒരിക്കലുമില്ല. അമ്മായിയും കുടുംബവുമിപ്പോൾ നല്ല നിലയിലാണെന്നാണ് കേട്ടത്. ഉപ്പാന്റെ പരിച

യക്കാരന്റെ കൈയിൽ നിന്ന് അമ്മയിക്കാക്ക പീടിക സ്വന്തമായി വാങ്ങി നല്ല രീതിയിൽ കച്ചവടം നടത്തി വരുന്നു. രണ്ടാൺമക്കളും ഗൾഫിൽ പണം വാരുകയാണ്. പോരാത്തതിന് ഏതാനും ക്വാർട്ടേഴ്സുകളും പണിത് വാടകയ്ക്ക് വിട്ടിട്ടുണ്ട്. നല്ല വരുമാനം... അമ്മായി തന്നെ സഹായിക്കാതിരിക്കില്ല. പഴയ കടപ്പാടൊന്നും അത്രവേഗം....

## അപ്രതീക്ഷിതം

കാരത്തൂരിൽ ബസ്സിറങ്ങി റുഖിയ അമ്മായിയുടെ വീട്ടിലേക്ക് നടക്കുമ്പോൾ അവനോർത്തു- എല്ലാം ശരിയാക്കി വൈകുന്നേരത്തിനുള്ളിൽ ആശുപത്രിയിലെത്തണം. നാളെ കാലത്താണ് ഉപ്പാന്റെ ഓപ്പറേഷൻ.

ഗേറ്റു തുറക്കുന്ന ശബ്ദം കേട്ടപ്പോൾ നിവർത്തിപ്പിടിച്ച വർത്തമാനപത്രത്തിൽ നിന്ന് മുഖമുയർത്തി നോക്കിയെങ്കിലും അമ്മായി പണ്ടത്തെപ്പോലെ ഓടിവന്ന് കൈപിടിച്ചാനയിച്ചില്ല. സ്വപ്നത്തെപ്പറ്റിയൊന്നും പറഞ്ഞില്ല. അപ്രതീക്ഷിതം!

ചെരിപ്പഴിച്ചുവെച്ച് കോലായിലേക്ക് കയറിയപ്പോൾ അമ്മായി പത്രത്തിൽ നിന്നു കണ്ണെടുക്കാതെ പറഞ്ഞു.

“ഇരിക്ക്.

ഫൈബർ കസേരയിൽ സങ്കോചത്തോടെ ഇരുന്നുകൊണ്ട് ചുറ്റിലും കണ്ണോടിച്ചു. വീടാകെ മോടിപിടിപ്പിച്ചിട്ടുണ്ട്. മോഡൽ വിളക്കുകളും ഫ്ളവർ സ്റ്റാൻഡുകളും ....

“എന്തേ പോന്ന്?” അമ്മായി പത്രം മടക്കിക്കൊണ്ട് ചോദിച്ചു.

“എല്ലാവർക്കു സുഖം തന്നല്ലേ അമ്മായി?”

“ഉം.”

“അബൂദാബീന്ന് ഇക്കാക്കമാരെ കത്തൊക്കെ വരുന്നില്ലേ?”

അതിനുത്തരം പറയാതെ എടുത്തടിച്ചപോലെ അവർ ചോദിച്ചു.

“ജ്ജിപ്പോ എന്തിനാ വന്നേ?”

“അത്.... അമ്മായി... ഞാൻ..”

“ബെക്കം പറയ്.... ഇനിക്കൊരൂട്ടം പണീണ്ട്.” കർക്കശമായ സ്വരം.

“അമ്മായി.. അത്.. ഇന്നെ ഉമ്മ പറഞ്ഞയച്ചതാണ്.... ഉപ്പാക്ക് പിന്നേം അസുഖം കൂടി. മിനിഞ്ഞാന്ന് ആശുപത്രീലാക്കി. തൊണ്ടേലെ പഴുപ്പ് ഉടനെ മുറിച്ചുമാറ്റീല്ലെങ്കി അപകടാവൂന്നാ ഡോക്ടർ പറഞ്ഞത്. നാളെ കാലത്താണ് ഓപ്പറേഷൻ. കാശിന് ബുദ്ധി മുട്ടായതോണ്ട്.....”

“ആയതോണ്ട്?”

“ഉമ്മ പറഞ്ഞു അമ്മായിയെ വന്നു കണ്ട്... കുറച്ച് കാശ് മേടിച്ചോണ്ടു വരാൻ....”

തന്റെ വാക്കുകൾക്കൊപ്പം അമ്മായിയുടെ മുഖത്ത് ഈർഷ്യ കനം വെക്കുന്നതവൻ കണ്ടു. അവർ പറഞ്ഞു.

“നോക്ക് മജീദേ, ജ്ജും അന്റെ ഉമ്മേം കരുതിയിരിക്കണത് ഞങ്ങളിവിടെ വല്യ സുജായിമാരായി കഴിയാണെന്നാവും. എന്നാലങ്ങനെയല്ല. കായിക്ക് ബുദ്ധിമുട്ട് എല്ലാർക്കൂണ്ട്. ഇപ്പോ പീട്യേ

ന്നൊന്നും വല്യ വരുമാനല്ല്യ. ക്വാർട്ടേഴ്സുകളും താമസക്കാരില്ലാതെ ഒഴിഞ്ഞ് കെടക്ക്വാണ്. പിന്നെവിടുന്നാ പൈസ? ഗൾഫുകാരമ്മാര് രണ്ടാളും നാട്ടിലേക്ക് വരാമ്പോവാണ്. ഓലുക്ക് പെണ്ണ് കണ്ടുവെച്ചിട്ടുണ്ട്. റസ്യാനേയും കെട്ടിച്ചയക്കണം. കല്യാണച്ചെലവിനൊക്കെ കായ് വേണ്ടേ?"

"അ.... അത്... നാളെ കാലത്ത് ..... ഉപ്പാന്റെ ഓപ്പറേഷൻ....."

"അതിന് ഞാനെന്ത് ചെയ്യാനാ? ഇങ്ങനെ വന്ന് ചോദിക്കുമ്പളേക്കും എടുത്തു തരാൻ ഇബടെ പൈസ വേണ്ടേ...." അമ്മായി ചൊടിച്ചു.

അവൻ ഉമിനീരിറക്കിപ്പോയി.

അമ്മായി എഴുന്നേറ്റ് അകത്തേക്ക് പോയി.

പണ്ടത്തെ അമ്മായി തന്നെയാണോ ഇത്? എന്തൊരു മാറ്റം? പഴയ കടപ്പാടുകളെല്ലാം അവർ.....

ചായക്കോപ്പയുമായി ആരോ കോലായിലേക്ക് വന്നു. റസിയയാണോ? അല്ല..... ബ്ലൗസും മുണ്ടുമുടുത്ത കറുത്ത ഒരു സ്ത്രീ. ഇവിടുത്തെ വേലക്കാരിയാവണം.....

അവൻ ആ ചായക്കോപ്പയിലെ കടുംകാപ്പിയിലേക്ക് നോക്കി. പണ്ടൊക്കെ ഹോർലിക്സും ബൂസ്റ്റുമായിരുന്നു. ഹാ...... അതൊക്കെ പണ്ട്......

അവൻ നടുമുറിയിലേക്ക് കടന്നുകൊണ്ട് ചോദിച്ചു.

"ഞാനിറങ്ങട്ടെ അമ്മായി?"

"ആയ്ക്കോട്ടെ."

"റസിയ എവിടെ?"

"ഓള് മോളിലുണ്ട്."

"എനിക്കൊന്നു കാണാൻ...."

"വേണ്ട....... ഓളവിടെയിരുന്ന് പഠിച്ചോട്ടെ. വെറുതെ ബുദ്ധിമുട്ടിക്യണ്ട. ഓള് താഴെ വരുമ്പൊ ഞാൻ പറഞ്ഞോളാം ജ്ജ് വന്നിരുന്നൂന്ന്."

ഇറങ്ങാൻ തുടങ്ങിയപ്പോൾ അമ്മായി പുറകിൽ നിന്ന് വിളിച്ചു.

"ഇന്നാ. വഴിച്ചെലവിനിതു വെച്ചോ."

അവരുടെ നീട്ടിപ്പിടിച്ച കൈയിൽ ഒരു ഇരുപത് രൂപാ നോട്ട്.

"വേണ്ട.... എന്റെ കൈയിലുണ്ട്." അവൻ ഒരു ചെറുചിരിയോടെ അത് നിരസിച്ചു.

ചെരുപ്പിട്ട് പടിയിറങ്ങി മുറ്റത്തെത്തിയപ്പോൾ അവൻ തിരിഞ്ഞുനിന്ന് വിളിച്ചു.

"അമ്മായീ....."

"ഉം?" അവർ ചോദിച്ചു.

"അമ്മായി ഇപ്പോഴൊന്നും എന്നെ സ്വപ്നം കാണാറേയില്ലല്ലേ?"

അവർ ചൂളുന്നതും മുഖം വിളറുന്നതും അവൻ കണ്ടു.

വന്ന വഴിയേ മടങ്ങുമ്പോൾ അനുഭവം നൽകിയ പുതിയ പാഠം അവൻ മനസ്സിലുരുവിട്ടു.

'ബന്ധങ്ങൾ കബന്ധങ്ങൾ പോലെ നിർജ്ജീവമാണ്.'

-------------------

# ഒരു മനുഷ്യക്കുഞ്ഞിന്റെ വലതുകാൽ കണ്ടു കിട്ടിയിട്ടുണ്ട്...

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

**സം**ഘർഷത്തെത്തുടർന്നുണ്ടായ നിരോധനാജ്ഞയ്ക്കുശേഷം ജനജീവിതം സജീവമാകാൻ തുടങ്ങിയ ഒരു സായാഹ്നത്തിലാണ് ഞാൻ ആ കാൽ കാണുന്നത്. ബോംബേറിൽ തകർന്ന ഒരു വീടിനുള്ളിലെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നും ഒരു തെരുവുനായ കടിച്ചെടുത്തുകൊണ്ടോടുകയായിരുന്നു ആ കാല്. അജ്ഞാതമായ ഒരുൾപ്രേരണയോടെ ഞാൻ അതിനെ പിന്തുടർന്നോടി. കുറേ ദൂരം ഓടിയ നായ പെട്ടെന്ന് തിരിഞ്ഞു നിന്നു: കൊളുത്തിട്ടപോലെ ഞാനും നിന്നു. എന്റെ മുന്നിൽ ആ കാലുപേക്ഷിച്ച ശേഷം അവജ്ഞയോടെ എന്നെ നോക്കിയിട്ട്, പുകകലർന്ന വായുവിൽ നിന്ന് മണം പിടിച്ചുകൊണ്ടവൻ ഓടി മറഞ്ഞു. അതൊരു മനുഷ്യക്കുഞ്ഞിന്റെ വലത്തേക്കാലായിരുന്നു. വെളുത്ത് മൃദുലമായ പിഞ്ചുകാൽ. ഞാനത് കൈയിലെടുത്ത് വാത്സല്യപൂർവ്വം തലോടിക്കൊണ്ട് ചോദിച്ചു.

“നീ ആരുടെ നഷ്ടമാണ്?”

മറുപടി കിട്ടാൻ താമസമുണ്ടായില്ല.

“കണ്ണുകളിൽ ഭീതിയുടെ കറുപ്പുള്ള, അധ്യാപകന്റെ ചോരക്കാഴ്ചയുടെ ഓർമ്മയിൽ നടുങ്ങുന്ന കൊച്ചുഹൃദയമുള്ള ഒരു പെൺകുട്ടിയുടെ, ജീവിതത്തിലേക്ക് പിച്ചവെച്ചു തുടങ്ങിയ കാലായിരുന്നു ഞാൻ....”

“എന്നിട്ട് ആ കുട്ടിയെവിടെ?”

“ആ, അറിയില്ല. ഒരു പക്ഷേ ആ സ്ഫോടനത്തിൽ ചിന്നിച്ചിതറിയിരിക്കാം. അല്ലെങ്കിൽ ഏതെങ്കിലും മെഡിക്കൽ കോളേജിലെ തീവ്രപരിചരണവിഭാഗത്തിൽ ജീവന്റെ അവസാനമിടിപ്പുകളെണ്ണിക്കഴിയുകയാവാം. അതുമല്ലെങ്കിൽ മരണത്തിന്റെ പിളർവായിൽനിന്നും തലനാരിഴക്ക് രക്ഷപ്പെട്ട് വിധി വരുത്തിയ വൈകല്യമോർത്ത് കരയാതെ കരയുകയാവാം.”

“അങ്ങനെയെങ്കിൽ ഇനി ആ കുഞ്ഞിന്റെ ഭാവി? അവൾ..... വികലാംഗയായി............”

“അതാണവളുടെ വിധി. മൈക്രോവാസ്കുലാർ സർജറിക്ക് പോലും തുന്നിച്ചേർക്കാനാവാത്ത വിധം ഞങ്ങൾ തമ്മിലുള്ള ബന്ധം അറ്റുപോയില്ലേ? അല്ലെങ്കിൽത്തന്നെ മനോവൈകല്യമുള്ള ഈ സമൂഹത്തിൽ അവൾ മാത്രമെന്തിന് വൈകല്യമില്ലാത്തവളായി അവശേഷിക്കണം?”

തീവ്രമായ മനോവിഷമത്തോടെ ഞാൻ ചോദിച്ചു. “സ്ഫോടനത്തിൽ ചിതറിയപ്പോൾ നിനക്ക് വേദനിച്ചില്ലേ?”

“ഇല്ല. സംഭവിച്ചതെന്താണെന്ന് തിരിച്ചറിയും മുൻപേ എന്നിലെ വികാരങ്ങളുടെ കണ്ണിയറ്റിരുന്നു.”

തുടർന്നെന്തെങ്കിലും ചോദിക്കുവാനോ ഉത്തരം പറഞ്ഞു കേൾക്കാനോ എനിക്ക് മനക്കട്ടിയുണ്ടായിരുന്നില്ല. അതിനാൽ ആ കുരുന്നു കാൽ എന്റെ നെഞ്ചോടു ചേർത്തുകൊണ്ട് ഞാൻ നടന്നു.

ഒരു വെട്ടുവഴിയിലേക്കിറങ്ങിയപ്പോൾ മദ്യത്തിന്റെ ലഹരിയിൽ കാലുറയ്ക്കാതെ കുഴഞ്ഞാടിക്കൊണ്ടൊരു വൃദ്ധൻ എനിയ്ക്കെതിരെ വന്നു. എന്റെ നെഞ്ചിലമർന്നിരുന്ന കൊലുന്നനെയുള്ള ആ കാൽ കണ്ടപ്പോൾ അയാളുടെ ചുവന്ന ചെന്നായക്കണ്ണുകൾ തിളങ്ങി. വിശന്ന കാട്ടുമൃഗത്തിന്റെ തൃഷ്ണയോടെ അയാൾ ചോദിച്ചു.

"അത്.... ആ... ആ കാലെനിക്ക് തരുമോ?"

"ഇത് നിങ്ങൾക്കെന്തിനാ?"

"ഹാഹാ.. എന്തിനാണെന്നോ? അതിങ്ങനെ കെട്ടിപ്പിടിച്ചുമ്മവെച്ചുകൊണ്ട് കിടക്കാൻ... അതിന്റെ പതുപതുപ്പിലൂടെ വിരലോടിക്കാൻ."

അതു പറയുമ്പോൾ അയാളുടെ കണ്ണിൽ കാമത്തിന്റെ വിഷജ്വാലകൾ.

"നിങ്ങളുടെ കൊച്ചുമകളാകാൻ മാത്രം പ്രായമുള്ള ഒരു പെൺകുട്ടിയുടെ കാലാണിത്."

"അതിനെന്താ?" അയാൾ മഞ്ഞപ്പല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് ശൃംഗാരചേഷ്ടകളോടെ പറഞ്ഞു. "നിന്നെപ്പോലെ ചോരയും നീരുമുള്ള ചെറുപ്പക്കാർ കറവറ്റിയ പെണ്ണുങ്ങളെ തെരഞ്ഞു പോവാറില്ലേ? അതുപോലെ ഞങ്ങൾ വയസ്സൻമാർക്ക് ഇത്തരം കിളുന്തുകളോടാ താത്പര്യം. അതെനിക്കിങ്ങു തന്നേര്........"

ഈർഷ്യയോടെ അയാളെ നോക്കി പല്ലിറുമ്മിക്കൊണ്ട് ഞാൻ നടന്നു.

"നന്ദി"

"എന്തിന്?"

"എന്നെ ആ ആഭാസന് കൊടുക്കാതിരുന്നതിന്.."

"നിന്നെ ആർക്കും കൊടുക്കുന്നില്ല. നിന്നെ ഞാൻ പൊതുശ്മശാനത്തിൽ കൊണ്ടുപോയി മറവുചെയ്യാം. ചെന്നായ്ക്കൾ കടിച്ചുവലിക്കാനെത്താത്ത മണ്ണിന്റെ സ്നിഗ്ധതയിൽ നിനക്കു വിശ്രമിക്കാം."

ചുടലക്കാടിന് സമീപമെത്തിയപ്പോൾ കുറ്റിക്കാട്ടിൽ നിന്നൊരു ഭീകരരൂപം എന്റെ മുന്നിലേക്കെടുത്തു ചാടി. ഞാൻ ഞെട്ടി പുറകോട്ട് മാറി. മേലാകെ ഭസ്മം പൂശി, വലതു കൈയിൽ തലയോട്ടിയും മറുകൈയിൽ ധൂപക്കൂട്ടെരിയുന്ന മൺചിരട്ടയുമായി എതോ ആഭിചാരക്രിയയ്ക്കിറങ്ങിപ്പുറപ്പെട്ട ഒരു മന്ത്രവാദിയായിരുന്നു അയാൾ. എന്റെ നേർക്ക് കൺകുഴിയിലെ തീക്കട്ടകളുരുട്ടിക്കൊണ്ടയാൾ പറഞ്ഞു.

"ആ കാലെനിക്ക് തന്നേക്കുക."

"എന്തിന്?"

"ചോദ്യം വേണ്ടാ അതിങ്ങുതരൂ..."

"നിങ്ങൾക്കിതുകൊണ്ടുള്ള ആവശ്യമെന്തെന്നു പറഞ്ഞില്ല."

"അതെന്റെ കർമരഹസ്യമാണ്. എങ്കിലും പറയാം. ഇത് നാം നമ്മുടെ ശിഷ്യന്മാരെവിട്ട് കുഞ്ഞുങ്ങളില്ലാത്ത ഏതെങ്കിലും ധനാഢ്യന്റെ വീട്ടുവളപ്പിൽ കുഴിച്ചിടും. രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ നാം അവിടേക്കെഴുന്നെള്ളി, ശത്രുക്കൾ ചെയ്ത കൂടോത്രം നിമിത്തമാണവർക്ക് സന്താനഭാഗ്യമില്ലാത്തതെന്നരുളിച്ചെയ്യും. തെളിവിനായി വീട്ടുവളപ്പിൽ നിന്ന് ഈ കാല് തോണ്ടിയെടുത്ത് കാണി

ക്കും. എന്തെങ്കിലും വിശേഷപൂജയും മന്ത്രവാദവും ചെയ്താലേ മാരണത്തെ അകറ്റാനാവൂ എന്നും അവരെ പറഞ്ഞ് വിശ്വസിപ്പിക്കും. പിന്നത്തെ കാര്യം കുശാൽ. ഇങ്ങനെ ദേശദേശാന്തരം നടന്ന് നാം പണം കൊയ്യും. ഇനി അതിങ്ങുതരൂ.''

''ഇല്ല. നിങ്ങൾക്കിതു തരില്ല.''

''ശപിച്ച് ഭസ്മമാക്കിക്കളയും ഞാൻ.'' അയാൾ ആക്രോശിച്ചു.

അയാളുടെ തീക്കണ്ണുകളെ പുച്ഛിച്ചുതള്ളിക്കൊണ്ട് ഞാൻ നടന്നു നീങ്ങി.

''ഞാൻ നിന്നെയിവിടെ അടക്കുന്നില്ല. ആ മ്ലേച്ഛൻ നിന്നെ കുഴിമാന്തിയെടുത്ത് കൊണ്ടുപോകും.'' ഞാൻ മന്ത്രിച്ചു.

പൊതുനിരത്തിലേക്ക് കയറിച്ചെന്ന എന്നെ അഭിമുഖീകരിച്ചത് ഒരു രാഷ്ട്രീയപാർട്ടിയുടെ ജാഥയാണ്. അവരുടെ നേതാവ് മുദ്രാവാക്യം വിളിക്കുന്നത് നിർത്തി എന്റെ കൈയിലേക്ക് സൂക്ഷിച്ചുനോക്കി.

''ഈ കാല് നിനക്കെവിടുന്ന് കിട്ടി?''

''ഞാൻ സംഘർഷഭൂമിയിൽ നിന്നും കണ്ടെടുത്തതാണിത്.''

''അതിങ്ങു താ.''

''എന്തിനാ....?''

''അതു നീയറിയേണ്ട.... അതിങ്ങുതാ.''

''എന്തിനാണെന്നാ ചോദിച്ചത്.''

''അതോ?'' അയാൾ ബീഭത്സമായി ചിരിച്ചു. ''അതു ഞങ്ങളുടെ ഒരു തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയാണ്. ഞങ്ങളുടെ പാർട്ടി മത്സരിക്കുന്ന മണ്ഡലങ്ങളിലെല്ലാം കൊണ്ടുചെന്ന് കാണിച്ചാൽ ജനങ്ങളുടെ മനസ്സിളക്കി വോട്ട് വാരാമല്ലോ? നീ അതിങ്ങുതാ. നിനക്ക് എന്തു വില വേണമെങ്കിലും തരാം.''

''നിങ്ങൾ മൂലം ആ കൊച്ചു പെൺകുട്ടിക്കുണ്ടായ നഷ്ടത്തിന്റെ വില തരാമോ?'' ഞാൻ ചോദിച്ചു.

''പ്ഫ.... ധിക്കാരം പറയുന്നോ .... ഇങ്ങോട്ടുതാടാ അത്.''

ഒരാൾ എന്റെ കൈയിൽ നിന്ന് അത് പിടിച്ചുവാങ്ങി എന്നെ നിരത്തിലേക്ക് തള്ളിയിട്ടു.

പെട്ടെന്ന് എതിർ ദിശയിൽ നിന്ന് മറ്റൊരു രാഷ്ട്രീയ പാർട്ടിയുടെ ജാഥ വന്നു. രണ്ടുകൂട്ടരും തമ്മിൽ ഏറ്റുമുട്ടി. ആ കാലിനു വേണ്ടി ഇരുചേരിയും ഉരുണ്ടുപിടിച്ചു. ഒരു തുണ്ടു മാംസത്തിനായി കടിപിടി കൂടുന്ന കാട്ടുനായക്കളെപോലെ... അതിനിടയിൽ ആ കാൽ നിരത്തുവക്കിലേക്ക് തെറിച്ചു വീണു. ഞാനതെടുത്ത് നെഞ്ചോടടക്കിക്കൊണ്ടോടി.

എന്റെ മുറിയിൽ കടന്ന് വാതിലടച്ച് ഒരു ദീർഘനിശ്വാസത്തോടെ കിടക്കയിലിരുന്നുകൊണ്ട് ഞാൻ ആ കാലിൽ പതുക്കെ തടവി. ഒരു തേങ്ങൽ പോലെ അതെന്നോടു ചോദിച്ചു:

''എന്തേ എന്നെ ഉപേക്ഷിക്കാഞ്ഞത്?''

''എന്തോ..... എനിക്കതിന് കഴിയുന്നില്ല..''

അതിൽ തലോടിക്കൊണ്ടിരിക്കവെ ഞാൻ അംഗച്ഛേതം വന്ന ആ ബാലികയെ ഓർത്തു. അവ

ളുടെ വികലമായ ഭാവിയോർത്തു. പിന്നെ........

ചുമരിൽ തൂങ്ങുന്ന കേരളത്തിന്റെ ഭൂപടത്തിലേക്ക് ഞാൻ അറച്ചു നോക്കി. ഒന്നിനു മീതെ ഒന്നായി ജില്ലകൾ അടുക്കിയ ആ ഭൂപടം ഒരു ശവക്കൂനപോലെ തോന്നി. എന്റെയുള്ളിൽ ചൂടുള്ള ഒരു നീരാവി പുകഞ്ഞു നീറി.

ഞാൻ എഴുന്നേറ്റു ചെന്ന് ആ ഭൂപടമെടുത്ത് മേശമേൽ നിവർത്തി അതിനുമേൽ ആ കുഞ്ഞു കാൽ എടുത്തുവെച്ച് അതിലേക്ക് നോക്കിയിരുന്നു.

അപ്പോൾ.......

പ്രബുദ്ധ കേരളത്തിന്റെ ഭൂരേഖയുടെ നിറപ്പകിട്ടിനു മീതെ ആ പിഞ്ചുകാൽ ഒരു ചോദ്യചി ഹ്നംപോലെ നിലകൊണ്ടു...

-------------------

# പാഠപുസ്തകം

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

ഉച്ചവെയിലേറ്റ് തളർന്നുകിടക്കുന്ന ചെമ്മൺപാതയിലൂടെ ഞങ്ങളുടെ മാരുതി കാർ പൊടിപറത്തിക്കൊണ്ട് നീങ്ങി. ഞങ്ങൾ നാലുപേരും കനത്ത ഹൃദയവുമായി മൗനം ദീക്ഷിച്ചുകൊണ്ടിരുന്നു.

"അതാണെന്നു തോന്നുന്നു മാഷിന്റെ വീട് "

ദ്രവിച്ച കഴുക്കോലുകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന പായൽ വളർന്ന ഓടുകളെ ചുമലിൽ താങ്ങി നിൽക്കുന്ന ആ വീടിനു നേർക്കു കൈചൂണ്ടിക്കൊണ്ട് സണ്ണി പറഞ്ഞു.

ഒരു പ്രേതാലയം പോലെ ഒച്ചയുമനക്കവുമില്ലാതെ ഒറ്റപ്പെട്ടു നിന്ന ആ വീടിനു മുന്നിൽ കാർ നിന്നു. കാർ ഓടിച്ചിരുന്ന ജയേഷ് രണ്ടുവട്ടം ഹോണടിച്ചു.

അതു കേട്ടിട്ടാവണം, വീട്ടിനുള്ളിൽ നിന്ന് കൃശഗാത്രയായ ഒരു സ്ത്രീ പുറത്തേക്ക് വന്നു. നെറ്റിയിലെ കുങ്കുമപ്പൊട്ട് കാലത്തിന്റെ നീർച്ചാലുകൾ തെളിഞ്ഞ അവരുടെ മുഖത്തിന് സന്ധ്യാകാശത്തിന്റെ കാന്തി നൽകിയിരുന്നു.

തെല്ലമ്പരപ്പോടെ ഞങ്ങളെ നോക്കി നിന്ന ആ സ്ത്രീയോട് കൃഷ്ണകുമാർ ചോദിച്ചു.

"സച്ചിദാനന്ദൻ മാഷിന്റെ വീടല്ലേ ഇത്?"

"അതെ."

"നിങ്ങൾ മാഷിന്റെ......"

"ഭാര്യ. നിങ്ങളെ മനസ്സിലായില്ല...."

"ഞങ്ങൾ മാഷിന്റെ പഴയ സ്റ്റുഡന്റ്സാണ്. മാഷ് സുഖമില്ലാതെ കിടപ്പിലാണെന്നറിഞ്ഞു. ഒന്നു കാണാൻ വേണ്ടി വന്നതാണ്."

"അകത്തേക്ക് വരൂ."

നാലുപേരും പടികയറി അകത്തേക്ക് പ്രവേശിച്ചു. ചാണകം മെഴുകിയ തറ, ചുണ്ണാമ്പു പൂശാത്ത ചുമരുകൾ, ചിതലരിക്കുന്ന കഴുക്കോലുകളിൽ നിരതെറ്റിയ ഓടുകൾ, മാറാല തൂങ്ങുന്ന വലതുഭിത്തിയോടു ചേർന്ന് ഒരു കയറ്റുകട്ടിൽ. അതിൽ കമ്പിളി വിരിച്ചു കിടക്കുന്ന ഒരു അസ്ഥിപഞ്ജരം.

"ദേ, ആരോ കാണാൻ വന്നിരിക്കുന്നു."

ആ സ്ത്രീയുടെ ശബ്ദം കേട്ടപ്പോൾ ആ രൂപം ഒന്നു തിരിഞ്ഞു കിടന്നു.

ഞങ്ങൾ നാലുപേരും സ്തംഭിച്ചു നിന്നുപോയി.

സച്ചിദാനന്ദൻ മാഷ് തന്നെയാണോ ഇത്? എന്തൊരു ആരോഗ്യം സ്ഫുരിക്കുന്ന ശരീരമായിരുന്നു! ഇപ്പോൾ ഈർക്കിൾ പോലെ.. പാടേ തളർന്നു കഴിഞ്ഞ ആ ശരീരത്തിൽ മാംസമേയില്ലെന്നു തോന്നും. മുഴച്ചുനിൽക്കുന്ന എല്ലുകളെ പൊതിയാൻ ഒരു നേർത്ത ചർമ്മാവരണം മാത്രം. ഒട്ടിയ കവിളിനു മീതെ രണ്ടു ഗർത്തങ്ങളിലാഴ്ന്നു കിടക്കുന്ന കണ്ണുകളിൽ മാത്രം പഴയ ഗാംഭീര്യം ശേഷിച്ചിരുന്നു.

ഞങ്ങൾ ആ കട്ടിലിനെ സമീപിക്കുംതോറും ഇംഗ്ലീഷ് മരുന്നിന്റെയും ഏതോ നാടൻ കഷായത്തിന്റേയും സമ്മിശ്ര ഗന്ധം നാസാരന്ധ്രങ്ങളെ തുളച്ചു.

"നമസ്കാരം സാർ." ഞങ്ങൾ വന്ദിച്ചു.

മാഷ് പതിയെ എഴുന്നേറ്റിരുന്നു. അദ്ദേഹത്തിന്റെ വിളർത്ത നെറ്റിയിൽ ചുളിവുകൾ തെളിഞ്ഞു. കൃഷ്ണകുമാർ മാഷിന്റെ സമീപത്തേക്ക് നീങ്ങിനിന്ന് ഭവ്യതയോടെ പറഞ്ഞു.

"ഞങ്ങൾ സാറിന്റെ പഴയ വിദ്യാർത്ഥികളാണ്. സാറാണ് കോട്ടത്തറ യു.പി സ്കൂളിൽ ഞങ്ങളെ കണക്കു പഠിപ്പിച്ചത്. ഞാൻ കൃഷ്ണകുമാർ, ഇവൻ സണ്ണി, അത് നിവാസ്, പിന്നെ ജയേഷ്."

മാഷ് ഒന്നും മിണ്ടാതെ ഞങ്ങളെ മാറിമാറി നോക്കി. അദ്ദേഹത്തിന്റെ മനസ്സ് കാലത്തിന്റെ താളുകളെ പുറകോട്ടു മറിച്ചു ഓർമ്മകളുടെ നിഘണ്ടുവിൽ ഞങ്ങളുടെ പേരുകൾക്കായി പരതുകയാവണം.

"നിങ്ങളൊക്കെ ഇപ്പോൾ എന്തുചെയ്യുന്നു?" - പരിക്ഷീണമായ സ്വരം.

കൃഷ്ണകുമാർ പറഞ്ഞു.

"ഞാൻ സിവിൽ എഞ്ചിനീയറാണ്. സണ്ണി ഹൈക്കോർട്ടിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്നു. നിവാസ് വെള്ളാനിക്കര ഹോർട്ടി കൾച്ചറൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. ജയേഷ് ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ ആർക്കിയോളജിക്കൽ റിസേർച്ച് ട്രെയിനിയാണ്."

മാഷിന്റെ മുഖത്ത് പതിയെ പ്രകാശം പരന്നു.

"ഉയർന്ന നിലകളിലെത്തിയിട്ടും ഈ കിഴവനെ മറന്നില്ലല്ലോ നിങ്ങൾ. സന്തോഷായി എനിക്ക്."

അല്പനേരം ആ മുറിയിൽ കിടന്നു ചിറകിട്ടടിച്ച മൗനത്തെ സണ്ണിയുടെ സ്വരം ഭഞ്ജിച്ചു.

"സാർ."

"ഉം."

"ഞങ്ങളൊരു കാര്യം കേട്ടറിഞ്ഞു വന്നതാണ്."

"എന്തു കാര്യം?"

മാഷ് തന്റെ നരച്ച കുറ്റിരോമങ്ങൾ നിറഞ്ഞ താടി ഇടതുകൈയാൽ തടവിക്കൊണ്ട് ചേദിച്ചു.

"സാറിന് ബ്രെയിൻ ട്യൂമറാണെന്നു ഞങ്ങളറിഞ്ഞു.സാറിനെ ചികിത്സിക്കുന്ന ഡോക്ടർ ഈശ്വരമൂർത്തിയെ ഞങ്ങളിന്നലെ ടെന്നീസ് ക്ലബ്ബിൽവെച്ചു പരിചയപ്പെട്ടു. സംഭാഷണമദ്ധ്യേ ഞങ്ങൾ മാഷിന്റെ പഴയ സ്റ്റുഡന്റ്സാണെന്നറിഞ്ഞപ്പോൾ അദ്ദേഹമാണ് ഇക്കാര്യം ഞങ്ങളോട് പറഞ്ഞത്."

അത് കേട്ട് വിടവ് വീണ ദന്തനിര കാൺകെ ചിരിച്ചുകൊണ്ട് മാഷ് പറഞ്ഞു.

"ശരീരത്തെ രോഗങ്ങൾ പിടികൂടുന്നതു സർവ്വസാധാരണമല്ലേ? അവയിൽ ചിലതു ജീവനും കൊണ്ടേ പോകൂ. അത്തരം രോഗങ്ങളിലൊന്നാണ് ഈ പറഞ്ഞതും. എന്നായാലും മരിക്കേണ്ടതല്ലേ? അധികകാലം എന്നെയിങ്ങനെ ശേഷിപ്പിക്കാതിരുന്നാൽ ദൈവം കരുണയുള്ളവൻ."

മാഷിന്റെ സ്വരം ചിലമ്പി.

"സർ, ഞങ്ങൾ ഈ അസുഖത്തെപ്പറ്റി ഡോക്ടർ ഈശ്വരമൂർത്തിയുമായി വിശദമായി സംസാരിച്ചു. ഇത് സുഖപ്പെടുത്താൻ കഴിയുമെന്നാണദ്ദേഹം പറഞ്ഞത്." സജി പറഞ്ഞു.

"എങ്ങനെ?"

"ഒരു മേജർ ഓപ്പറേഷനിലൂടെ തലച്ചോറിൽ നിന്ന് ട്യൂമർ നീക്കം ചെയ്താൽ ഒരു മാസം കൊണ്ട് അസുഖം ഭേദമാകുമെന്നാണ് ഡോക്ടർ പറഞ്ഞത്."

മാഷ് തലയണക്കിടയിൽ നിന്ന് മുഷിഞ്ഞ് കരിമ്പുള്ളി വീണ ഒരു തോർത്തെടുത്തു മുഖവും കഴുത്തും തുടച്ചുകൊണ്ട് പറഞ്ഞു.

"ഈ ഓപ്പറേഷന്റെ കാര്യം ഡോക്ടർ എന്നോടും പറഞ്ഞിരുന്നു. ഇതിന് ഏകദേശം രണ്ടു ലക്ഷം രൂപ ചെലവഴിക്കേണ്ടി വരും. അത്ര പണം എന്റെ കയ്യിലെവിടെ?"

"സാറിന്റെ അവസ്ഥ ഞങ്ങൾക്കറിയാം. സാറിനെ ഈ ഓപ്പറേഷൻ ചെയ്തു സുഖപ്പെടുത്താൻ തന്നെ ഞങ്ങൾ തീരുമാനിച്ചുകഴിഞ്ഞു. പണച്ചെലവോർത്ത് സാർ ആവലാതിപ്പെടേണ്ട."

"എന്താ കുട്ടികളെ നിങ്ങളീ പറയുന്നെ? ഓപ്പറേഷനുള്ള ചെലവ് രണ്ടായിരമല്ല, രണ്ടുലക്ഷം രൂപയാണ്."

"ആ തുകയുണ്ടാക്കാനുള്ള ഏർപ്പാടൊക്കെ ഞങ്ങൾ ചെയ്തു കഴിഞ്ഞു സാർ."

"എങ്ങനെ?"

"സർ, ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ മുഖേന സാറിന്റെ ചികിത്സയ്ക്കുവേണ്ട പണം ശേഖരിക്കുവാനുള്ള എല്ലാ ഏർപ്പാടുകളും ഞങ്ങൾ ചെയ്തു കഴിഞ്ഞു." കൃഷ്ണകുമാർ പറഞ്ഞു.

"അതൊന്നും വേണ്ട മക്കളേ....."

"അങ്ങനെ പറയരുത് സാർ. വഴിതെറ്റി നടന്ന ഞങ്ങളെ ശിക്ഷിച്ചും ശാസിച്ചും നേർവഴിക്കു കൊണ്ടുവന്ന് അറിവും അതിലേറെ സ്നേഹവും പകർന്നുതന്നത് സാറാണ്. സാറിനു വേണ്ടി ഇതുപോലും ഞങ്ങൾ ചെയ്തില്ലെങ്കിൽ...."

ജയേഷിന്റെ വാക്കുകൾക്ക് നിഷേധാർത്ഥത്തിൽ തലയാട്ടിക്കൊണ്ട് മാഷ് പറഞ്ഞു.

"ഇതു തളർന്നു കഴിഞ്ഞ ശരീരമാണ്. രണ്ടുലക്ഷം രൂപ ചെലവ് ചെയ്തു അസുഖം സുഖപ്പെടുത്തിയാലും അതിനി എത്ര കാലത്തേക്ക്? വളരെ കുറച്ച് നാളത്തേക്കു മാത്രമേ ഈ ജീവൻ നിലനിൽക്കൂ."

"സാറ് ജീവിച്ചിരിക്കുന്ന ഓരോ നിമിഷവും ഞങ്ങൾക്കും ഈ സമൂഹത്തിനും വിലപ്പെട്ടതാണ്. ജോലിയിൽ നിന്നു റിട്ടയർ ചെയ്ത ശേഷവും മാഷ് വൈകുന്നേരങ്ങളിൽ ദരിദ്രരായ വിദ്യാർത്ഥികൾക്കു വേണ്ടി സൗജന്യമായി ട്യൂഷനെടുത്തിരുന്നു. ഈ ഓപ്പറേഷൻ മൂലം ഒരു പത്തുവർഷമെങ്കിലും സാർ ജീവിച്ചിരുന്നാൽ പാവപ്പെട്ട വിദ്യാർത്ഥികളുടെ ജീവിതത്തിൽ വെളിച്ചം തട്ടും."

"നിങ്ങളുടെ ഈ ഗുരുഭക്തിയും പരക്ഷേമതത്പരതയും കാണുമ്പോൾ എനിക്കൊത്തിരി സന്തോഷം തോന്നുന്നു. പക്ഷെ....." മാഷ് തന്റെ നെഞ്ചിലെ നരച്ച ചുരുളൻ രോമങ്ങൾക്കു മീതെ തോർത്തുമുണ്ട് അമർത്തിത്തടവിക്കൊണ്ട് പറഞ്ഞു. "വേണ്ട. എന്റെ കുട്ടികളുടെ മുൻപിൽ ഇരന്നു നിൽക്കാൻ ഞാനിഷ്ടപ്പെടുന്നില്ല."

സംസാരിക്കാൻ തുനിഞ്ഞ കൃഷ്ണകുമാറിനെ അദ്ദേഹം കൈ കാട്ടി നശ്ശബ്ദനാക്കി.

"എന്റെ ക്യാരക്ടറിനെക്കുറിച്ചു നിങ്ങൾക്കു നന്നായിട്ടറിയാം. അദ്ധ്യാപകവൃത്തിക്കിടയിൽ എന്റെ സ്വന്തം കാര്യങ്ങൾക്കായി ഒരു കുട്ടിയെപ്പോലും ഞാൻ ബുദ്ധിമുട്ടിച്ചിട്ടില്ല. ഡസ്റ്റർ എടുത്തു കൊണ്ടുവാ, ചോക്കെടുത്തു കൊണ്ടുവാ എന്നീ ചെറിയ കാര്യങ്ങൾക്കുപോലും ഞാനൊരു വിദ്യാർത്ഥിയോടും ആവശ്യപ്പെട്ടിട്ടില്ല."

അദ്ദേഹം ഞങ്ങൾ നാലുപേരേയും നോക്കിക്കൊണ്ട് തുടർന്നു.

"മരിക്കുന്നതുവരെ മറ്റുള്ളവർക്ക് ഉപകാരം ചെയ്യുവാനാണ് എനിക്കിഷ്ടം. മറ്റുള്ളവർ എനിക്കുവേണ്ടി ബുദ്ധിമുട്ടുന്നത് എനിക്ക് സഹിക്കുകയില്ല. അതെനിക്കിഷ്ടവുമല്ല. ഇന്നു നിങ്ങളെന്നോടു കാണിക്കുന്ന ഈ സ്നേഹത്തിനും ബഹുമാനത്തിനുമെല്ലാം കാരണം എന്റെ ഈ ആത്മാഭിമാനമാണ്."

അനുഭവങ്ങളുടെ തീച്ചൂളയിൽ പെട്ടുഴലുന്ന ദുർബ്ബലനായ ഒരു മനുഷ്യന്റെ പരിദേവനമായിരുന്നില്ല ആ വാക്കുകൾ. മരണത്തെ മുഖാമുഖം നോക്കി പുഞ്ചിരിക്കുന്ന അചഞ്ചലനായ ഒരു വ്യക്തിയുടെ മുഴക്കമാർന്ന സ്വരമായിരുന്നു അത്.

സണ്ണിയും കൃഷ്ണകുമാറും നിരാശയോടെ എന്നെ നോക്കി. അത്രയുംനേരം നിശബ്ദനായി നിന്ന ഞാൻ ഒരടി മുൻപോട്ടുനിന്നു കൊണ്ടു പറഞ്ഞു.

"സർ, സാറിനെ സഹായിക്കേണ്ടത് ഞങ്ങളുടെ കടമയാണ്."

"ക്ഷമിക്കണം എരിഞ്ഞുതീരാറായ മെഴുകുതിരി വീണ്ടും കത്തിക്കാൻ പാഴ്ശ്രമം നടത്തുന്നതിലും  ഉചിതം പുതിയൊരെണ്ണം കത്തിച്ചുവെക്കുകയാണ്. എനിക്കുവേണ്ടി വെറുതെ പണം പാഴാക്കിക്കളയാതെ ആ പണം സമൂഹത്തിലെ നിർധനരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി വിനിയോഗിക്കൂ. നിങ്ങൾ ജീവൻ വയ്പിക്കാൻ ശ്രമിക്കുന്ന ഈ ഒരു മൃതപ്രായനായ സച്ചിദാനന്ദൻ മാഷിനുപകരം ഒരായിരം സച്ചിദാനന്ദൻമാരെ വാർത്തെടുക്കാൻ അതുവഴി നിങ്ങൾക്കു സാധിക്കും. എനിക്കു നന്നേ ക്ഷീണം തോന്നുന്നു. ഞാനല്പം വിശ്രമിക്കട്ടെ."

അദ്ദേഹം ആയാസപ്പെട്ടുകൊണ്ടു കട്ടിലിലേക്കു ചാഞ്ഞു.

പ്രായത്തിന്റെ പുഴുക്കുത്തേറ്റ് നിർവീര്യനായിത്തീർന്ന ആ മനുഷ്യന്റെ തളർന്ന ശരീരത്തിലേക്ക് തികഞ്ഞ മനോവേദനയോടെ ഞങ്ങൾ നോക്കിനിന്നു.

ഞങ്ങൾ അല്പനേരം അവിടെ നിശ്ശബ്ദരായി നിന്ന ശേഷം കൈകൂപ്പിക്കൊണ്ട് പറഞ്ഞു.

"പോയ് വരാം സാർ."

"ശരി. ബെസ്റ്റ് ഓഫ് ലക്ക്."

ഞങ്ങൾ മുറിവിട്ടു പുറത്തിറങ്ങി.

ഭഗ്നാശരായി കാറിനെ സമീപിച്ച ഞങ്ങളെ ആ സ്ത്രീ പുറകിൽ നിന്നു വിളിച്ചു.

"മക്കളേ" അവർ നിറകണ്ണുകളോടെ പറഞ്ഞു. "ആത്മാഭിമാനം നോക്കി നോക്കി അദ്ദേഹത്തിനു ജീവിതത്തിൽ നഷ്ടങ്ങളേ ഉണ്ടായിട്ടുള്ളൂ. ഇപ്പോഴിതാ സ്വന്തം ജീവനും...." അവർ ചേലാഞ്ചലം കൊണ്ട് കണ്ണുനീരൊപ്പിക്കൊണ്ട് പറഞ്ഞു. "അദ്ദേഹത്തിന്റെ അനുവാദത്തോടെ ഈ ഓപ്പറേഷൻ നടക്കുമെന്ന് തോന്നുന്നില്ല. എങ്കിലും അദ്ദേഹത്തെക്കൊണ്ട് സമ്മതിപ്പിക്കാൻ ഞാൻ ശ്രമിക്കാം. നിങ്ങൾ നിങ്ങളുടെ പരിശ്രമം തുടരണം."

"നിങ്ങൾ പറഞ്ഞാൽ മാഷ് സമ്മതിക്കുമോ?" ജയേഷ് ചോദിച്ചു.

"എങ്ങനെയെങ്കിലും പറഞ്ഞു സമ്മതിപ്പിക്കാം. ഉണ്ണാതെയും ഉറങ്ങാതെയും ഞാൻ വാശി കാണിച്ചാൽ അദ്ദേഹം വഴങ്ങാതിരിക്കില്ല."

"ശരി" കൃഷ്ണകുമാർ പറഞ്ഞു. "ഞങ്ങൾ ഒരാഴ്ച കഴിഞ്ഞു വരാം."

ഞങ്ങൾ നാലുപേരും ആശ്വാസത്തോടെ കാറിൽ കയറി.

***************

അടുത്ത ആഴ്ച. നട്ടുച്ച സമയം.

ഞാനും കൃഷ്ണകുമാറും ഒരു ബൈക്കിൽ സച്ചിദാനന്ദൻ മാഷിന്റെ വീട്ടു മുറ്റത്തു വന്നിറങ്ങി.

വീട് നിശ്ശബ്ദമായിരുന്നു. ഞങ്ങൾ പടികയറി. വെറുതെ ചാരിവച്ചിരുന്ന കതകിൽ ഞാൻ പതിയെ മുട്ടി. അല്പസമയത്തിനു ശേഷം മാഷിന്റെ ഭാര്യ വാതിൽ തുറന്നു പുറത്തേക്ക് വന്നു. മുഖത്ത് ശോകഭാവം. ശൂന്യമായ നെറ്റിത്തടം. ചിതറിക്കിടക്കുന്ന കേശഭാരം.

"സാറ്?"

"സാറ് ... നമ്മെ വിട്ടുപോയി." അവരുടെ ശബ്ദം തൊണ്ടയിലുടക്കി.

ഞങ്ങൾ പതറിപ്പോയി.

"എ.... എപ്പോൾ....?"

"ഇന്നേക്ക് മൂന്നുദിവസമായി. നിങ്ങളുടെ അഡ്രസ്സറിയാത്തത് കൊണ്ട് അറിയിക്കാൻ കഴിഞ്ഞില്ല."

"എങ്ങനെ....?" ചോദ്യം ഗദ്ഗദമായി പുറത്തുവന്നു.

"ഹാർട്ട് അറ്റാക്ക് ആണെന്നാണ് ഡോക്ടർ പറഞ്ഞത്."

"ഓപ്പറേഷൻ സ്വീകരിക്കാൻ നിങ്ങളദ്ദേഹത്തെ നിർബന്ധിച്ചിരുന്നോ?"

"ഇല്ല. അതിനെക്കുറിച്ചു സംസാരിക്കാൻ ഞാൻ പലതവണ തുനിഞ്ഞതാണ്. പക്ഷേ, ഏതോ ഒരു അദൃശ്യശക്തി അതിൽ നിന്നെന്നെ വിലക്കി. അപ്പോഴേക്കും അദ്ദേഹം...."

അവർ തേങ്ങിപ്പോയി. ഞങ്ങൾ തരിച്ചു നിൽക്കവേ അവർ പറഞ്ഞു.

"ഇഷ്ടമില്ലാത്ത കാര്യത്തിനു നിർബന്ധിച്ച് ആ മനസ്സ് വിഷമിപ്പിച്ചില്ലല്ലോ എന്നോർക്കുമ്പോൾ അല്പം ആശ്വാസം തോന്നുന്നു." അവർ കണ്ണുകൾ തുടച്ചു.

വേദന വിങ്ങുന്ന സ്വരത്തിൽ കൃഷ്ണകുമാർ പറഞ്ഞു. "ഞങ്ങളുടെ ഗുരുനാഥന്റെ അസുഖം ചികിത്സിച്ചു ഭേദമാക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. ആ വലിയ മനസ്സിനെ മരണത്തിനു വിട്ടുകൊടുക്കേണ്ടി വന്നു. അവസാനമായി ഒരു നോക്കു കാണാൻ പോലും ദൈവമനുവദിച്ചില്ല. അദ്ദേഹത്തെ.... അദ്ദേഹത്തെ എവിടെയാണ് അടക്കിയിരിക്കുന്നതെന്നു പറയൂ. ഞങ്ങൾക്ക് അവിടെ ചെന്ന് പുഷ്പാഞ്ജലിയർപ്പിക്കണം. അദ്ദേഹത്തിന്റെ അസ്ഥിമാടത്തിൽ വിളക്കുവെച്ചു തൊഴണം. ആ വിശാലഹൃദയത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണം. പറയൂ...

"അതിനും നിങ്ങൾക്കു കഴിയില്ല കുട്ടികളെ.." അവർ വിരക്തിയോടെ പുഞ്ചിരിച്ചു.

ഞങ്ങൾ അവരെ പകച്ചു നോക്കി.

അവർ തുടർന്നു. "അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം എന്തായിരുന്നെന്നറിയാമോ നിങ്ങൾക്ക്? താൻ മരിച്ചു കഴിഞ്ഞാൻ തന്റെ ശരീരം ദഹിപ്പിക്കുവാനോ സംസ്കരിക്കുവാനോ പാടില്ല. പകരം, മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്കു പഠിക്കാൻ തന്റെ ശരീരം ഒരു പാഠപുസ്തകമായി പ്രയോജനപ്പെടുത്തണം എന്നായിരുന്നു അദ്ദേഹത്തിന്റെ അവസാനത്തെ ആഗ്രഹം. അതുപ്രകാരം ജീവൻ വേർപ്പെട്ട് ഒരു മണിക്കൂറിനുള്ളിൽ മെഡിക്കൽ കോളേജ് അധികൃതരെ വിവരമറിയിച്ചു. ഉടനെ അവിടെ നിന്ന് ആംബുലൻസുമായി ആളുകളെത്തി അദ്ദേഹത്തെ... കൊണ്ടുപോയി...."

പറഞ്ഞുതീരുന്നതിനു മുൻപേ അവർ വിങ്ങിപ്പൊട്ടി.

ഞങ്ങൾ ഇരുവരും മരവിച്ചുനിന്നു.

മരിക്കുന്നതുവരെ മറ്റുള്ളവർക്ക് ഉപകാരം ചെയ്യുവാനാണെനിക്കിഷ്ടം എന്ന മാഷിന്റെ വാക്കുകൾ അവിടെയെങ്ങും മുഴങ്ങുന്നതായി തോന്നി.

മരണം വരെ മറ്റുള്ളവർക്ക് ഉപകാരിയായിരിക്കുവാനിഷ്ടപ്പെട്ട ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുനാഥൻ, മരിച്ചുകഴിഞ്ഞിട്ടും.... മഹാനുഭാവനായ ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുനാഥാ, അങ്ങയുടെ പാവനസ്മരണയ്ക്ക് മുന്നിൽ ഞങ്ങളിതാ ശിരസ്സു നമിക്കുന്നു. ഞങ്ങളോടൊപ്പം സർവ്വചരാചരങ്ങളും....

********************

# എല്ലാം ഒരു സ്വപ്നം പോലെ

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

**പ്ലാ**റ്റ്ഫോമിൽ ഏതോ ട്രെയിൻ വന്നു നിന്നതിന്റെ ബഹളം. യാത്രക്കാരുടേയും പോർട്ടർമാരുടേയും ആരവം. കൂടാതെ ഉച്ചഭാഷിണിയുടെയും ടെലിവിഷന്റെയും മുഴക്കം.

റെയിൽവേ സ്റ്റേഷനിലെ സിഗ്നൽ റൂമിനോടു ചേർന്ന ഇടുങ്ങിയ ഇരുട്ടുമുറിയിൽ ഞാനും എനിക്കഭിമുഖമായി മുസ്തഫയും ഇരിക്കുകയാണ്.

അൽപനേരം എന്റെ കൈയിലെ പുകയുന്ന ബീഡിയിലേക്ക് ദൃഷ്ടിയുറപ്പിച്ചിരുന്നിട്ട് മുസ്തഫ പറഞ്ഞു.

"ഈയൊരവസ്ഥയിൽ സതീശേട്ടനെന്നെ കൈവെടിയരുത്. മറ്റൊരു വഴിയും കാണാത്ത തോണ്ടാ..."

ഞാൻ നിസ്സംഗതയോടെ പുകവലിച്ചു വിട്ടുകൊണ്ടിരുന്നു.

അവൻ തുടർന്നു. "ഉപ്പാന്റെ മരണം ഉമ്മാനെ ദെണ്ണക്കാരിയാക്കി. കയ്യിലഞ്ഞ് കായില്യ. ഇനിയീ ലോകത്ത് സതീശേട്ടൻ മാത്രേള്ളൂ ഞങ്ങളുടെ രക്ഷയ്ക്ക്."

അവൻ ദൈന്യത നിറഞ്ഞ കണ്ണുകൾ എന്റെ നേർക്കുയർത്തി.

പ്ലാറ്റ്ഫോമിലെ ബഹളങ്ങൾ ഒട്ടൊന്നടങ്ങിയിരുന്നു. പുറപ്പെടാനൊരുങ്ങുന്ന ട്രെയിനിന്റെ ചൂളം വിളി പിന്നെയും എന്റെ മനസ്സിൽ കഴിഞ്ഞ രാത്രി കണ്ട സ്വപ്നത്തെക്കുറിച്ചുള്ള ചിന്തയുണർത്തി.

ആ പഴയ പാലത്തിനു മുകളിലൂടെ കുതിച്ചുപായുന്ന തീവണ്ടി. അടിയിൽ കയങ്ങളെ ഗർഭം ധരിച്ച പുഴ. പെട്ടെന്ന്.... എഞ്ചിനും മറ്റു ബോഗികളും തമ്മിലുള്ള ബന്ധം വേർപ്പെട്ടു. അവ തമ്മിൽ കൂട്ടിയിടിച്ച് പുഴയിലേക്ക് മറിയുന്നു. ആയിരങ്ങളുടെ അലർച്ചകൾ... ആർത്തനാദങ്ങൾ....

എന്തായിരിക്കും ആ സ്വപ്നത്തിന്റെ പൊരുൾ....?

ഒരുപക്ഷെ ഞാൻ കണ്ടിട്ടുള്ള മറ്റു സ്വപ്നങ്ങൾ പോലെ ഇതും സത്യമായേക്കുമോ?

കുറച്ചുനാളായി ഞാൻ കാണുന്ന സ്വപ്നങ്ങളൊക്കെ ഫലിക്കുന്നു. ഒരിക്കൽ സ്റ്റേഷൻ മാസ്റ്റർ അച്യുതനുണ്ണി നിറകണ്ണുകളോടെ എന്നെ സമീപിക്കുന്നതായി ഞാൻ സ്വപ്നം കണ്ടു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഒരു ട്രാൻസ്ഫർ ഓർഡറിനെത്തുടർന്ന് അദ്ദേഹം കണ്ണീരോടെ യാത്ര ചോദിച്ചു.

പിന്നീടൊരിക്കൽ ഫോർമാൻ കൃഷ്ണൻകുട്ടി ഒറ്റകയ്യനായി നടന്നു നീങ്ങുന്നത് ഞാൻ സ്വപ്നത്തിൽ കണ്ടു. അതിന്റെ പിറ്റേന്നാണ് അയാൾ പ്ലാറ്റ്ഫോമിൽ നിന്ന് റെയിൽവേ ട്രാക്കിലേക്ക് കാലു തെറ്റി വീണ് വണ്ടിക്കടിയിൽപെട്ട് വലത്തെ കൈ അറ്റുപോയത്.

അങ്ങനെ... അങ്ങനെ പലപ്പോഴും..... പല സ്വപ്നങ്ങളും സത്യമായിട്ടുണ്ട്.

എന്നാൽ എന്റെ അമ്മ മുഴുവയറുണ്ണുന്നതായും എന്റെ രണ്ട് പെങ്ങന്മാരെയും യോഗ്യരായ രണ്ടുപേരുടെ കൂടെ നിറയെ പൊന്നണിയിച്ച് ഇറക്കിവിടുന്നതായും ഞാൻ സ്വപ്നം കാണാറുണ്ട്.

ആ സ്വപ്നങ്ങളൊന്നുമെന്തേ ഫലിക്കാത്തത്?

ഒരു പക്ഷെ അതൊന്നും എന്റെ സ്വപ്നങ്ങളായിരിക്കില്ല. വെറും വ്യാമോഹങ്ങൾ മാത്രം...

"സതീശേട്ടാ.."

മുസ്തഫയുടെ സ്വരം എന്നെ വർത്തമാനകാലത്തിലേക്ക് മടക്കിക്കൊണ്ടുവന്നു.

ഞാൻ മുസ്തഫയുടെ കണ്ണുനീർ മുറ്റി നിൽക്കുന്ന കണ്ണുകളിലേക്ക് നോക്കി. അവ രണ്ടും

തീവ്രദു:ഖത്തിന്റെ ആഴക്കയങ്ങളായി തോന്നി.

അവൻ പറഞ്ഞു.

"ബുദ്ധിമുട്ടിക്യാന്ന് തോന്നര്ത്. സാബിറാക്ക് ഒരുപാട് നല്ല ആലോചനകൾ വരുന്നുണ്ട്. കൈയി ലൊന്നുമില്ലാത്തതോണ്ട് ഒന്നിനും ഒരു ധൈര്യം വര്ണില്യ. സതീശേട്ടന്റെ കാശ് കിട്ടിയിട്ടുവേണം..."

ഹൃദയത്തിലെവിടെയോ ഒരു കൊളുത്തു വീണതുപോലെ...

സതീശേട്ടന്റെ കാശ്!

ചിതറിയ സ്ഫടികപ്പൊട്ടുകളിൽ പ്രതിഫലിക്കുന്ന മൺചെരാതിന്റെ പ്രകാശം പോലെ വേർപ്പെട്ടു കിടക്കുന്ന അവന്റെ വാക്കുകളെ ഇടപിരിച്ചെടുത്ത് കൂട്ടിവെച്ചു വായിച്ചു നോക്കി. അതിൽ ആജ്ഞയുടെ... ഇല്ല....ആജ്ഞയുടെ നേരിയ ലാഞ്ജന പോലുമില്ല. അവൻ അപേക്ഷിക്കുകയാണ്.

അഥവാ ആജ്ഞാപിച്ചാൽ തന്നെ അതിലെന്താണ് തെറ്റ്? അവന് അവകാശപ്പെട്ടതാണ് അവൻ ചോദിക്കുന്നത്.

അക്കരപ്പച്ചകൾ കൈമാടി വിളിച്ചപ്പോൾ, സമ്പാദ്യമോഹം നുരയിട്ടപ്പോൾ അവന്റെ ഉപ്പാന്റെ കയ്യിൽ നിന്നും കുറേ രൂപ കടം വാങ്ങിയിരുന്നു. ചെറുപ്പക്കാരെയെല്ലാം സ്വന്തം മക്കളെപ്പോലെ കരു തിയിരുന്ന ആ നല്ല മനുഷ്യൻ എന്റെ യാചിക്കുന്ന കൈകളെ തട്ടിമാറ്റിയില്ല. ചോദിച്ചതിലേറെ പണം കനിവോടെ തന്നു.

അവിടെയുമുണ്ടായിരുന്നു കാര്യം മുടക്കികൾ.

"ങക്കെന്താ ഹാജ്യാരെ നൊസ്സുണ്ടോ? ഒരു കാഫിറിന് വർക്കത്തുണ്ടാവാൻ സഹായി ക്കണ്...?"

ഹാജ്യാര് മറുപടി പറഞ്ഞു.

"ഞമ്മക്കങ്ങനെ ജാതിബ്യത്യാസൊന്നൂല്യ. നമ്പൂതിരിക്കുട്ട്യോളും നസ്രാണിക്കുട്ട്യോളുമൊക്കെ ഞമ്മന്റെ സ്വന്തം മക്കളെപ്പോലെയാ ഞമ്മക്ക്."

യാത്ര പറയാൻ വേണ്ടി നിറകണ്ണുകളോടെ സമീപ്പിച്ചപ്പോൾ ഹാജ്യാര് നെറുകയിൽ കൈവെ ച്ചനുഗ്രഹിച്ചു കൊണ്ട് പറഞ്ഞു.

"ന്റെ കുട്ടി നയിച്ച് നന്നായി വരും."

ആ പണമാണ് ഇവൻ, ഹാജ്യാരുടെ മകൻ ഇന്ന് തന്നോടാവശ്യപ്പെടുന്നത്.

ഞങ്ങൾക്കിടയിൽ മൗനം കോട്ട കെട്ടുന്നതറിഞ്ഞ് മുസ്തഫ വാചാലനായി.

"അവസാനകാലത്ത് ഉപ്പാക്ക് മരുന്ന് വാങ്ങാൻ പോലും കൈയില് കാശ്ണ്ടായിര്ന്നില്യ. മിക്ക ദിവസവും മുഴുപട്ടിണിയായിരുന്നു. സതീശേട്ടൻ വാങ്ങിച്ച പണത്തെ പറ്റി ഓർമ്മപ്പെടുത്തു മ്പോഴൊക്കെ ഉപ്പ പറയും വേണ്ട, ഇനി ആരും അതിനെപ്പറ്റി മിണ്ടണ്ട. അത് ഓൻ നന്നാവാമ്മേണ്ടി ഞമ്മ കൊടുത്ത പണമാണ്. അതോണ്ട് ഓൻ നന്നായിവരട്ടെ. ഇന്നിട്ട് ഓൻ നിങ്ങക്കെന്തെങ്കിലും ചെയ്തുതരും. മരിക്കുവോളം സതീശേട്ടനെ വന്ന് കാണാനോ കാശ് ചോദിക്കുവാനോ ഉപ്പ സമ്മതി ച്ചില്യ."

കത്തിത്തീർന്ന ബീഡി ഞാൻ പുറത്തേക്കെറിഞ്ഞു. മുസ്തഫ തുടർന്നു.

"ഞാനും ചോദിക്കണ്ടാന്ന് തന്നേര്ന്ന് കരുതീര്ന്നത്. പക്ഷെ... വീട്ടില് ഇന്റെ ഉമ്മ സുഖല്യാതെ കെടക്കുമ്പോ... ന്റെ പെങ്ങമ്മാര് പാവാട മുറുക്കിയുടുത്ത് ഇന്നെ സന്തോഷിപ്പിക്കാൻ വേണ്ടി ചിരിച്ചു കാണിക്കുമ്പൊ.... വയ്യ സതീശേട്ടാ... ഇന്നെ ങള് സഹായിക്കണം."

ഞാനെങ്ങനെ നിന്നെ സഹായിക്കും? അതെങ്ങനെ നിന്നെ പറഞ്ഞു മനസ്സിലാക്കും?

ലോകം കീഴടക്കാനുള്ള ആവേശത്തോടെയാണ് ഞാൻ നാടു വിട്ടുപോന്നത്. ഒരു പ്യൂൺ ജോലിയെങ്കിലും കിട്ടുമെന്നായിരുന്നു പ്രതീക്ഷ. എന്നിട്ട് എത്തിപ്പെട്ടതോ - മംഗലാപുരം റെയിൽവെ സ്റ്റേഷനിലെ ചില്ലിട്ട പുസ്തകകൂട്ടിനുള്ളിൽ. ഹിഗ്ഗിൻ ബോതംസിന്റെ സ്മാരകമായ ഈ മരപ്പെട്ടിക്കുള്ളിൽ ജീർണ്ണിച്ചളിഞ്ഞ ഒരുകൂട്ടം എഴുത്തുകാരുടെയും ഉടുതുണിക്ക് മറുതുണിയില്ലാത്ത കുറേ സിനിമാക്കാരുടെയും ഇടയിലിരുന്നു ഞാൻ അനുദിനം സ്വപ്നങ്ങൾ വിറ്റഴിക്കുന്നു.

ജലപ്പരപ്പിലേക്കൊഴുക്കിവിട്ട കളിമൺതോണിപോലെ ജീവിതം കുതിർന്നിടിഞ്ഞപ്പോൾ... പ്രതീക്ഷകളുടെ ചീട്ടുകൊട്ടാരം തകർന്നുവീണപ്പോൾ... വിധിക്ക് മുന്നിൽ നിസ്സഹായനായി സ്വയം സമർപ്പിക്കാനല്ലാതെ മറ്റൊന്നിനും എനിക്ക് കെൽപ്പില്ലായിരുന്നു.

ഞാൻ പറഞ്ഞു

"മുസ്തഫ ഇപ്പോൾ കിടന്നോളു. നേരം വെളുത്തിട്ട് സംസാരിക്കാം."

ആതിഥ്യമര്യാദയോടെ അവനെ കയറ്റുകട്ടിലിലേക്ക് ക്ഷണിച്ചെങ്കിലും അവൻ അത് നിരസിച്ച് നിലത്ത് ചുരുണ്ടുകൂടുകയാണുണ്ടായത്. പാവം!

എടോ ശുദ്ധഹൃദയനായ മുസ്തഫാ, നീ കാണുന്നില്ലേ എന്നെ? എന്റെ അവസ്ഥ നീ അറിയുന്നില്ലേ? നീ ഈ മുറിമുഴുവനൊന്ന് കണ്ണോടിച്ചു നോക്കൂ. കുടുസ്സുമുറി, മാറാലകെട്ടിയ, ഓടുപൊട്ടിയ കഴുക്കോലുകൾ ദ്രവിച്ച മേൽക്കൂര, സിമന്റിളകിയ തറ. പ്രകാശത്തിന്റെ ഒരിലച്ചീന്തിനെയോ ശുദ്ധവായുവിന്റെ ഒരു നേർത്തപടലത്തെയോ അകത്തേക്ക് പ്രവഹിപ്പിക്കാതെ കാലാകാലമായി അടഞ്ഞുകിടക്കുന്ന ചിതലരിക്കുന്ന ജനാലകൾ, കയറയഞ്ഞു പിഞ്ഞിപ്പറിഞ്ഞ കയറ്റുകട്ടിൽ, തലയിണയില്ല. വിരിപ്പില്ല....

എന്റെ ഈ ശോചനീയാവസ്ഥ കണ്ടിട്ടും നിനക്കെന്നോട് കാശ് ചോദിക്കാൻ തോന്നുന്നതെന്ത്? ഒരു പക്ഷേ എന്നെക്കാൾ ദയനീയമാണോ നിന്റെ അവസ്ഥ.

ഇങ്ങനെ ഓരോന്നാലോചിച്ചുകൊണ്ട് ഞാൻ കിടന്നു. ആ നിമിഷം മുതലാണ് എന്റെ മനസ്സിൽ ആ ദുഷ്ചിന്ത കടന്നു കൂടിയത്.

എന്നെക്കൊണ്ട് മുസ്തഫയുടെ കടം വീട്ടാൻ എങ്ങനെ കഴിയും? എനിക്ക് കിട്ടുന്ന തുച്ഛമായ ശമ്പളം എന്റെ അത്യാവശ്യങ്ങൾക്ക് പോലും തികയുന്നില്ല. നാട്ടിലേക്കിതുവരെ ഞാൻ പണമയച്ചിട്ടില്ല.

കഴിഞ്ഞ ആഴ്ചപോലും അമ്മയുടെ കത്തുണ്ടായിരുന്നു. വീട്ടിലെ പ്രാരാബ്ധങ്ങളുടെ ഒരു നീണ്ട കദനകഥയ്ക്ക് ശേഷം അമ്മ എഴുതിയിരുന്നു.

"ഞങ്ങളിവിടെ എങ്ങിനെയെങ്കിലും കഴിഞ്ഞു കൂടിക്കൊള്ളാം. നീ വിഷമിക്കരുത്. സമയത്തിന് ഭക്ഷണം കഴിക്കണം. പണമയക്കാനില്ലെങ്കിൽ നിനക്കൊരു കത്തെങ്കിലും അയച്ചുകൂടെ?"

ഇല്ല. മുസ്തഫയുടെ കടം വീട്ടാൻ എനിക്ക് കഴിയില്ല. പക്ഷെ, കൊടുക്കാതെയിരുന്നാൽ മുസ്തഫ വീണ്ടും പണം ചോദിച്ചുവരും. എങ്ങനെയെങ്കിലും അവന്റെ ശല്യമൊഴിവാക്കണം. പക്ഷെ എങ്ങനെ...?

പതിയെ...പതിയെ...

എന്റെ ഹൃദയം ഒരു പാലമായി മാറി. അടിയിൽ കൂലം കുത്തിയൊഴുകുന്ന പുഴ. പുഴയുടെ

അടിത്തട്ടിൽ മരണം പതിയിരിക്കുന്ന ഗർത്തങ്ങൾ. കട കട ശബ്ദത്തോടെ ഒരു പുകവണ്ടി പാലത്തിലൂടെ കടന്നുപോയി... പെട്ടെന്ന്... അത് നുറുങ്ങുകളായി പുഴയിലേക്ക് വീണു. വിശന്നു നിലവിളിക്കുന്ന പുഴ അവയെ വിഴുങ്ങി....

വീണ്ടും അതേ സ്വപ്നം...

പ്രജ്ഞയുടെ അവ്യക്തമായ പടവുകളിലൂടെ ഞാൻ ആ സ്വപ്നത്തലേക്കിറങ്ങിച്ചെന്നു.

നാളെ പാലത്തിനു മുകളിൽവെച്ച് ട്രെയിൻ പാളം തെറ്റി പുഴയിലേക്ക് മറിയും. ഒട്ടേറെ പേർ മരിക്കും. കൂട്ടത്തിൽ മുസ്തഫയുടെ ജീവനും ആ കാലവാഹിനിയുടെ ഓളങ്ങളിൽ ലയിക്കും. അല്ലെങ്കിൽ... ഒരു മഹാദുരന്തത്തിന്റെ ശേഷിപ്പുകളുമായി അവൻ കാലങ്ങളോളം ചലനമറ്റു കിടക്കും. എന്തായാലും ഇനിയവൻ പണം ചോദിച്ചെന്നെ സമീപിക്കരുത്. അവന്റെ ശല്യം ഇതോടെ തീരണം.

അവൻ മരിക്കണം......

പിറ്റേന്ന്.

റെയിൽവെ സ്റ്റേഷനിലെ സിമന്റ് ബെഞ്ചിലിരിക്കുമ്പോൾ മുസ്തഫ ചോദിച്ചു.

“സതീശേട്ടാ ഞാൻ നാളെ പോയാൽ പോരെ.? അതിനുള്ളിൽ കുറച്ചു പണമെങ്കിലുമൊപ്പിക്കാൻ സതീശേട്ടന് കഴിയൂലേ?”

“മുസ്തഫ... അത്... നീയീ വണ്ടിക്കുതന്നെ പോകണം. എനിക്കിവിടെ കുറച്ച് കാശ് കിട്ടാനുണ്ട്. ഉടനെ കിട്ടും. അത് കിട്ടിയാലുടനെ ഞാൻ ഒറ്റപ്പാലത്തേക്ക് വരാം.”

“യാത്രക്കാർ ദയവായി ശ്രദ്ധിക്കുക. ചെന്നൈ സെൻട്രൽ വരെ പോകുന്ന ചെന്നൈ മെയിൽ അൽപസമയത്തിന്നുള്ളിൽ പ്ലാറ്റ്ഫോം നമ്പർ ഒന്നിൽ നിന്നും പുറപ്പെടുന്നതാണ്.”

ഒറ്റപ്പാലത്തേക്ക് ഒരു ടിക്കറ്റ് വാങ്ങി പോക്കറ്റിൽ വെച്ച് കൊടുത്ത് ഒരു ജനറൽ കമ്പാർട്ട്മെന്റിന്റെ തിരക്കിലേക്ക് അവനെ ഉന്തിക്കയറ്റുമ്പോൾ എന്റെ മനസ്സ് വിങ്ങിയിരുന്നു.

എന്നെപ്പോലെ ഒരമ്മപെറ്റ മകൻ... എന്നെ സഹായിച്ച ഹാജ്യാരുടെ ഒരേ മകൻ... പക്ഷെ.... വേറെ നിവൃത്തിയില്ല...

ജനലിനുള്ളിലൂടെ ഞാൻ നീട്ടിയ കൈ പിടിച്ചു കുലുക്കുമ്പോൾ അവന്റെ കണ്ണുകളിൽ നിരാശ.... യാചന......

“ആ കാശ് കിട്ടിയാലുടനെ...” ഞാൻ പറഞ്ഞു.

അവൻ അത് വിശ്വസിച്ചുവോ?

ചൂളം വിളി. പെരുമ്പാമ്പിനെപ്പോലെ ഇഴഞ്ഞുനീങ്ങുന്ന തീവണ്ടിയുടെ ഉദരത്തിലിരിന്നുകൊണ്ടവൻ എന്നെ നിസ്സഹായനായി നോക്കി. ചെന്നൈ മെയിൽ കടന്നുപോയിക്കഴിഞ്ഞു.

മുസ്തഫ, നീ ഇനി നാട്ടിലെത്തില്ല. നിന്റെ എല്ലാ ദുരിതങ്ങളും ഇതോടെ തീരും, എന്റെയും..... പരമസാധുവായ നിന്റെ ആത്മശാന്തിക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു...

പിറ്റേന്ന് പത്രത്തിൽ വാർത്തയും ഫോട്ടോയും കണ്ടു. വൻതീവണ്ടിയപകടം! ആയിരക്കണക്കിന് യാത്രക്കാരുമായി പോവുകയായിരുന്ന ചെന്നൈ മെയിലിന്റെ ബോഗികൾ പാളം തെറ്റി പുഴയിലേക്ക് മറിഞ്ഞ്.... ജീവഹാനി.... അംഗഭംഗം.

എന്റെയുള്ളിൽ മുസ്തഫയുടെ മുഖം തെളിഞ്ഞുവന്നു. കണ്ണുകൾ നിറഞ്ഞു, കുറ്റബോധം കൊണ്ട് മനസ്സും....

ഒരു മാസം പിന്നിട്ടു. ഒരു ദിവസം അമ്മയുടെ കത്ത് വന്നു.

“പ്രിയപ്പെട്ട മകൻ സതീശന്,

നീ മുസ്തഫയുടെ കൈയിൽ കൊടുത്തുവിട്ട പണം കിട്ടി. അതു കൊണ്ട് ശ്രീലതയുടെ വിവാഹം നടത്തി. അത്യാവശ്യം സാമ്പത്തിക പ്രാപ്തിയുള്ള കുടുംബം. നിനക്ക് വരാൻ കഴിയില്ലെന്ന് പറഞ്ഞെങ്കിലും നിന്റെ കുറവില്ലാതെ എല്ലാറ്റിനും മുന്നിൽ നിന്ന് മുസ്തഫ കല്ല്യാണം നടത്തിത്തന്നു. അവന്റെ പെങ്ങൾ സാബിറാന്റെയും നിക്കാഹ് കഴിഞ്ഞു. അവരിപ്പോൾ നല്ല നിലയിലാണ്.”

എന്റെ കൈകൾ വിറച്ചു. കണ്ണിൽ ഇരുട്ടുകയറി.

ഞാൻ മുസ്തഫയുടെ കൈയിൽ കൊടുത്തയച്ച പണമോ? മുസ്തഫ തീവണ്ടി അപകടത്തിൽ മരിച്ചില്ലേ? പിന്നെയെങ്ങനെ!!!

ഞാൻ തളർന്നിരുന്നു.

ദിവസങ്ങൾ പിന്നിട്ടപ്പോൾ മറ്റൊരു കത്തു കിട്ടി. ഞാൻ പ്രേഷകന്റെ പേര് നോക്കി. മുസ്തഫ!!

നടുക്കത്തോടെ ഞാൻ ആ കത്തു വായിച്ചു.

“പ്രിയപ്പെട്ട സതീശേട്ടന്,

അല്ലാഹുവിന്റെ കാരുണ്യത്താൽ വലിയൊരു വിപത്തിൽ നിന്ന് രക്ഷപ്പെടാനും ഇന്നീ കത്തെഴുതാനും എനിക്ക് കഴിഞ്ഞു.

സതീശേട്ടന്റെ സഹോദരിയുടെ വിവാഹം കഴിഞ്ഞ വിവരം അറിഞ്ഞുകാണുമല്ലോ? ഞാനെങ്ങനെയാണ് അവളുടെ കല്ല്യാണം നടത്തിയതെന്ന് സതീശേട്ടൻ അതിശയിക്കുന്നുണ്ടാവുമല്ലേ? എല്ലാം പറയാം.

സതീശേട്ടൻ അവിടെ നല്ല നിലയിലായിരിക്കും എന്ന പ്രതീക്ഷയിലാണ് ഞാൻ സതീശേട്ടനെ കാണാൻ വന്നത്. എന്നാൽ അവിടെയെത്തിയപ്പോഴാണ് ഏട്ടന്റെ അവസ്ഥ ഞാൻ മനസ്സിലാക്കിയത്. ഒരുപാട് ദു:ഖങ്ങൾ ഉള്ളിലൊതുക്കി ജീവിക്കുന്ന സതീശേട്ടന്റെ അവസ്ഥ എന്നെ വേദനിപ്പിച്ചു. എന്നെ ആശ്വസിപ്പിക്കാനായി ഏട്ടൻ പലതും പറഞ്ഞെങ്കിലും ഈയൊരവസ്ഥയിൽ എനിക്ക് പണം നൽകാൻ ഏട്ടന് കഴിയില്ല എന്നെനിക്ക് തീർച്ചയായിരുന്നു. ഇനി ഏട്ടനെ തെരഞ്ഞുവന്ന് ശല്യപ്പെടുത്തരുതെന്ന് തീർച്ചപ്പെടുത്തിയിട്ടാണ് ഞാൻ നാട്ടിലേക്ക് തിരിച്ചു വണ്ടി കയറിയത്.

ഞാൻ ട്രെയിനിലിരുന്ന് നമ്മുടെ വിഷമതകളെക്കുറിച്ച് ഒരുപാട് ചിന്തിച്ചു. വീട്ടിലെ കഷ്ടപ്പാടുകളും പണം കിട്ടുവാൻ ഇനി വേറെ മാർഗ്ഗങ്ങളില്ല എന്ന ചിന്തയും എന്നെ വിഷമിപ്പിച്ചു. ഈ തീവണ്ടിയിൽ നിന്നു ചാടി എല്ലാം അവസാനിപ്പിച്ചാലോ എന്നുവരെ ഞാൻ ചിന്തിച്ചു.

പക്ഷെ സംഭവിച്ചത് മറ്റൊന്നാണ്. പാലത്തിനു മുകളിൽ വെച്ച് ട്രെയിൻ പുഴയിലേക്ക് മറിഞ്ഞു. എല്ലാം തീർന്നുവെന്നാണ് ഞാൻ ആദ്യം കരുതിയത്. എന്നാൽ കുത്തനെ വെള്ളത്തിൽ വന്നു വീണതിനാൽ എനിക്ക് നീന്തി രക്ഷപ്പെട്ടാൻ കഴിഞ്ഞു. എന്റെ ദു:ഖങ്ങൾ തീർക്കാൻ പടച്ചവൻ വേറെ നല്ല വഴികളൊന്നും കാണിച്ചുതരാതിരുന്നതിനാൽ എനിക്ക് ആ വഴി സ്വീകരിക്കേണ്ടിവന്നു. വെള്ളത്തിലേക്ക് വീണ ബോഗികൾക്കുള്ളിൽ ആയിരങ്ങൾ അലറിവിളിക്കുമ്പോൾ ഞാൻ അവരുടെ പെട്ടിയും പണവും കൊള്ളയടിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ കൈയിൽ കിട്ടിയ സ്യൂട്ട്കേസുകളും ബാഗുകളും സ്ത്രീകളുടെ ശരീരത്തിലെ ആഭരണങ്ങളും കവർന്നു ഞാൻ കടന്നുകളഞ്ഞു. മനസ്സാക്ഷി അനുവദിച്ചിട്ടില്ല. മറ്റൊരു വഴിയും കാണാഞ്ഞത് കൊണ്ടാണ് എനിക്കാ കടുകൈ ചെയ്യേണ്ടി വന്നത്.

നാട്ടിലെത്തിയതും കിട്ടിയ പണവും ആഭരണങ്ങളും കൊണ്ട് ഞാൻ ആദ്യം ശ്രീലതയുടെ വിവാഹം നടത്തി. പിന്നെ എന്റെ പെങ്ങൾ സാബിറയുടെ നിക്കാഹ് നടത്തി. ഇനിയും കൂറേ പണം കൂടി കൈവശമുണ്ട്. അതുകൊണ്ട് നാട്ടിൽ ചെറിയ ഒരു ബിസിനസ്സ് തുടങ്ങണം.

സതീശേട്ടൻ ഇനി ആ നാട്ടിൽ കിടന്ന് കഷ്ടപ്പെടേണ്ട. എത്രയും വേഗം നാട്ടിലേക്ക് വരൂ. നമുക്ക് ഒരുമിച്ച് ബിസിനസ്സ് കൈകാര്യം ചെയ്യാം. നമുക്ക് രണ്ടുപേർക്കും ഓരോ പെങ്ങൻമാർ കൂടി ഉണ്ടല്ലോ? അവർക്ക് വിവാഹപ്രായമാകുന്നതിന്നു മുൻപ് നമുക്കൊന്നു പച്ചപിടിക്കണം.

മറ്റു വിശേഷങ്ങളൊക്കെ നേരിൽ പറയാം. മറുപടി പ്രതീക്ഷിക്കാതെ ഏട്ടന്റെ മടക്കം മാത്രം പ്രതീക്ഷിച്ചുകൊണ്ട് ഇവിടെ നിർത്തുന്നു.

സ്നേഹത്തോടെ,

മുസ്തഫ.”

**********************************

# ഫ്രിഡ്ജും ഭാര്യയും പിന്നെ അയൽക്കാരും..

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

എല്ലാ സെറ്റിൽമെന്റുകളും ക്ലിയർ ചെയ്ത് ഒരു ദീർഘ നിശ്വാസത്തോടെ അയാൾ ഫ്രിഡ്ജ് സെന്ററിൽ നിന്നും പുറത്തേക്ക് വന്നു. ഒരു ഓട്ടോ വിളിക്കുകയോ ബസ്സിൽ കയറുകയോ ചെയ്യാതെ അയാൾ തന്റെ വീട്ടിലേക്ക് ഒന്നര കിലോമീറ്റർ ദൂരം നടന്നു.

അയാൾ വളരെ ക്ഷീണിതനായിരുന്നു.

രണ്ടാഴ്ചയോളമായി ഈ വെപ്രാളം പിടിച്ച ഓട്ടം തുടങ്ങിയിട്ട്. ഇൻസ്റ്റാൾമെന്റ് വ്യവസ്ഥ തീരുന്നതിനു മുൻപ് എങ്ങനെയെങ്കിലും ഒരു ഫ്രിഡ്ജ് സ്വന്തമാക്കുന്നതിനുവേണ്ടിയുള്ള ഓട്ടം. ഓഫീസ് ലോണിനപേക്ഷിക്കാനും അത് കിട്ടില്ലെന്ന് കണ്ടപ്പോൾ ബാങ്ക് അക്കൗണ്ട് പിൻവലിക്കാനും ബാക്കി കടം വാങ്ങിച്ചേർക്കാനും ജാമ്യക്കാരനെ കിട്ടാനും ഫ്രിഡ്ജ് വീട്ടിലെത്തിക്കാനും ഗഡു അടച്ച് സെറ്റിൽമെന്റ് ക്ലിയർ ചെയ്യാനും - ഓട്ടം തന്നെയായിരുന്നു, നെട്ടോട്ടം. ഇപ്പോഴാണ് ഫിനിഷിംഗ് പോയന്റ് ഒന്നു കടന്നുകിട്ടിയത്. ആശ്വാസം.

ഒരു ഞായറാഴ്ച ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് തന്റെ വാടക വീടിന്റെ കോലായിൽ പത്രം വായിച്ചിരിക്കുമ്പോഴാണ് ചുണ്ടിൽ ഘടിപ്പിച്ച കച്ചവട പുഞ്ചിരിയുമായി അയാൾ രംഗപ്രവേശനം ചെയ്തത്. നഗരത്തിലെ പ്രമുഖ ഫ്രിഡ്ജ് വിതരണ സ്ഥാപനത്തിന്റെ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് എന്നു സ്വയം പരിചയപ്പെടുത്തിയ അയാൾ കുറേ വർണശബളമായ കാറ്റ്ലോഗുകൾ തന്റെ മടിയിലേക്കിട്ട ശേഷം പുതിയ ഫ്രിഡ്ജ് ഇൻസ്റ്റാൾമെന്റ് സ്കീമിനെക്കുറിച്ച് പ്രസംഗിക്കാൻ തുടങ്ങി.

ഇവിടെ ഫ്രിഡ്ജിന്റെ ആവശ്യമില്ലെന്ന് ആദ്യം മയത്തിലും പിന്നെ സ്വല്പം കടുപ്പിച്ചും പറഞ്ഞപ്പോൾ അയാൾ നിരാശയോടെ പിന്തിരിയാൻ ഭാവിച്ചെങ്കിലും വാതിൽക്കൽ പ്രത്യക്ഷപ്പെട്ട ഭാര്യയുടെ ആശമുറ്റിയ മുഖം കണ്ടപ്പോൾ അയാൾ അവളിലെ സ്ത്രീചാപല്യം മുതലെടുത്ത് അധര വ്യായാമം തുടങ്ങി. നിർത്താതെ, ശ്വാസം വിടാതെ... ആദ്യമൊക്കെ അരിശം തോന്നിയെങ്കിലും പിന്നെ അയാളും ആ വിരുതന്റെ വാചകവെടിയിൽ വീണുപോയി. ഭാര്യയുടെ പ്രേരണ കൂടിയായപ്പോൾ ഒരു ഫ്രിഡ്ജ് വാങ്ങിക്കളയാമെന്ന് തന്നെ തീരുമാനിച്ചു.

പിറ്റേന്ന് തന്നെ ഓഫീസിൽ ലോണിനപേക്ഷിക്കുകയും ഭാര്യയേയും കൂട്ടി ഫ്രിഡ്ജ് സെന്ററിലെത്തി അവൾക്കിഷ്ടപ്പെട്ട മോഡലിൽ, നിറത്തിൽ ഒരു ഫ്രിഡ്ജ് നോക്കിവെക്കുകയും ചെയ്തു.

അന്നു രാത്രി ഭാര്യ അയാളുടെ ചെവിയിൽ മന്ത്രിച്ചു:

"ദേ, ലോൺ കിട്ടുന്നതുവരെ കാത്തിരുന്നാൽ ആ മോഡൽ മറ്റാരെങ്കിലും വാങ്ങിക്കൊണ്ടുപോകും. എനിക്കതിന്റെ കളർ നന്നേ ഇഷ്ടപ്പെട്ടു. വൈൻ റെഡ്. എത്രയും വേഗം നമുക്കതു സ്വന്തമാക്കണം."

അതിന്റെ പിറ്റേന്ന്, പരിചയക്കാരനായ ഒരു സർക്കാർ ജീവനക്കാരന്റെ ജാമ്യത്തിൽ അതേ ഫ്രിഡ്ജ് വീട്ടിലേക്ക് കൊണ്ടുവന്നു. ലോൺ ഉടൻ പാസ്സാകുമെന്ന പ്രതീക്ഷയിലാണങ്ങനെ ചെയ്തത്.

പക്ഷേ, ലോൺ അപേക്ഷ പിന്തള്ളപ്പെട്ടപ്പോൾ അക്ഷരാർഥത്തിൽ വായു വിഴുങ്ങിപ്പോയി.

അതൊട്ടും പ്രതീക്ഷിച്ചിരുന്നില്ല. ആകെ പുലിവാല് പിടിച്ചപോലെയായി. എത്രയും വേഗം ഫ്രിഡ്ജ് സെന്ററിൽ പണമടച്ചില്ലെങ്കിൽ ഫ്രിഡ്ജ് തിരിച്ചുകൊടുക്കേണ്ടി വരും. മാത്രമല്ല, ജാമ്യം നിന്ന സുഹൃത്തിന്റെ അപ്രീതിയുണ്ടാകും. അയാൾക്ക് തന്നിലുള്ള വിശ്വാസം നഷ്ടപ്പെടുകയും ചെയ്യും. അതു കൂടാതെ–

"നമ്മൾ ഫ്രിഡ്ജ് വാങ്ങിയതിൽ അയലോക്കത്തെ മേഴ്സിക്കും ദേവകിക്കും മീനാക്ഷിക്കുമൊക്കെ വലിയ കണ്ണുകടിയാ. ഇനി അതെങ്ങാൻ തിരിച്ചുകൊടുക്കേണ്ടി വന്നാൽ അവർ കൈകൊട്ടിച്ചിരിക്കും. ആകെ നാണക്കേടാകും." ഭാര്യ പരിഭവിച്ചു.

ഒടുവിൽ ആകെയുണ്ടായിരുന്ന എസ്.ബി.അക്കൗണ്ട് പിൻവലിച്ചും ബാക്കി കടം വാങ്ങിയും സ്കീമിന്റെ ആദ്യ ഗഡു അടച്ച് സെറ്റിൽമെന്റ് ക്ലിയർ ചെയ്തപ്പോഴാണ് അല്പം ആശ്വാസമായത്.

റോഡരികിലെ ഫ്രൂട്ട്സ്റ്റാൾ കണ്ടപ്പോഴാണ് ഇത്ര കഷ്ടപ്പെട്ട് വാങ്ങിയ ഫ്രിഡ്ജിൽ സൂക്ഷിച്ചുവെക്കാനൊന്നുമില്ലല്ലോ എന്നയാൾ ഓർത്തത്.

കുറച്ചു പഴങ്ങളും പച്ചക്കറികളും വാങ്ങിയാലോ.

അയാൾ കീശയിൽ തപ്പി ആകെ മുന്നൂറിൽ താഴെ രൂപയാണ് അവശേഷിക്കുന്നത്. ഇനി അതുകൊണ്ടുവേണം അടുത്ത ഒന്നാം തീയതി വരം കഴിഞ്ഞു കൂടാൻ. അതു തീർന്നാലുള്ള ഭവിഷ്യത്ത് ഓർത്തിട്ടാണല്ലോ ക്ഷീണിതനെങ്കിലും ഓട്ടോയിലും ബസ്സിലും കയറാതെ ഒന്നര കിലോമീറ്റർ നടക്കാമെന്നു വെച്ചത്.

വേണ്ട, ഇപ്പോഴൊന്നും വാങ്ങേണ്ട, ശമ്പളം കിട്ടിയിട്ടാകാം.

കാലുകഴയ്ക്കുന്നു. ചെറുതായി തലവേദനിക്കുന്നുമുണ്ട്. വീട്ടിലെത്തിയിട്ടുവേണം പുതിയ ഫ്രിഡ്ജിൽ നിന്നും ഐസ് വാട്ടർ എടുത്തു കുടിച്ച് ക്ഷീണവും ദാഹവും മാറ്റാൻ. പിന്നെ വസ്ത്രം പോലും മാറാൻ നില്ക്കാതെ നേരെ ചെന്നു കിടക്കയിൽ വീഴണം.

വീടിനു മുന്നിലെത്തിയപ്പോൾ അയൽവക്കത്തെ കുറെ സ്ത്രീകൾ ചിരിച്ചു വർത്തമാനം പറഞ്ഞുകൊണ്ടിറങ്ങി വരുന്നതു കണ്ടു. പുതിയ ഫ്രിഡ്ജ് കാണാൻ വന്നവരായിരിക്കണം. അല്ലെങ്കിൽ, തന്റെ ഭാര്യ അതു കാണിക്കാൻ വേണ്ടി അവരെ ക്ഷണിച്ചു വരുത്തിയതാവണം.

അയാൾ കോലായിലെ ക്യാൻവാസ് ചെയറിൽ തളർന്നിരുന്നു. ഭാര്യ അയാൾക്ക് ഒരു ഗ്ലാസ്സ് വെള്ളം കൊണ്ടുവന്നു കൊടുത്തു. ഗ്ലാസ്സ് വാങ്ങിയതും അയാൾ മുഖം ചുളിച്ചു. പച്ചവെള്ളം!

അയാൾക്ക് വല്ലാതെ അരിശം തോന്നി.

ഫ്രിഡ്ജ് വാട്ടറുള്ളപ്പോൾ പച്ചവെള്ളമോ? ഫ്രിഡ്ജ് വാങ്ങിയത് നാട്ടുകാരെ കാണിക്കാൻ മാത്രമാണോ?

അയാൾ ഗ്ലാസ്സ് തിരികെ കൊടുത്ത് ദേഷ്യത്തോടെ എഴുന്നേറ്റ് ചെന്ന് ഫ്രിഡ്ജ് തുറന്നു. വൈൻ റെഡ് നിറത്തിലുള്ള ഫ്രിഡ്ജിന്റെ വാ പിളത്തിയപ്പോൾ പലതരം പഴങ്ങൾ, പച്ചക്കറികൾ, പാനീയങ്ങൾ...

ഇതൊക്കെ! ഓ, അവൾ അവളുടെ സ്വകാര്യ സമ്പത്തിൽ നിന്ന് വാങ്ങിവെച്ചതാകും.

അയാൾ ഫ്രിഡ്ജിൽ നിന്ന് രസ്ന കലക്കി നിറച്ച ഗ്ലാസ് ജാർ കൈയിലെടുത്തു.

“അയ്യോ, അതെടുക്കല്ലേ..” പുറകിൽ നിന്ന് ഭാര്യയുടെ ശബ്ദം. “അത് അടുത്ത വീട്ടിലെ മേഴ്സി കൊണ്ടുവന്നുവെച്ചതാ. വീട്ടിലേക്കാരോ വരുന്നുണ്ടെന്നും പറഞ്ഞ്.....”

അയാൾ ഭഗ്നാശയോടെ ജാറ് തിരികെ വച്ചു. അപ്പോഴാണ് ഒരു സ്റ്റീൽ ഗ്ലാസ്സിൽ കൊഴുത്ത മോരിരിക്കുന്നത് കണ്ടത്. മോര് ക്ഷീണം മാറ്റാൻ നല്ലതാണ്. അയാൾ ആ ഗ്ലാസ്സെടുത്ത് ചുണ്ടോടടുപ്പിച്ചു.

“അയ്യോ അത് നമ്മുടേതല്ല, അത് മീനാക്ഷീടെയാ,. അതവിടെ വെച്ചേക്ക്....”

അയാൾ മുഷിച്ചിലോടെ ആ ഗ്ലാസ്സ് എടുത്തിടത്തു തന്നെ വെച്ചശേഷം സ്റ്റാൻഡിൽ നിരത്തി വെച്ച ബിസ്ലേറി കുപ്പികളിൽ നിന്ന് ഒന്നെടുത്ത് മൂടി തുറന്നു.

“ദേ, അതൊന്നും നമ്മുടേതല്ല. അതൊക്കെ സാറായും സരസ്വതി ടീച്ചറും മറ്റും കൊണ്ടു വെച്ചതാ...”

അയാൾ കോപമടക്കാനാവാതെ പൊട്ടിത്തെറിച്ചു.

“പിന്നെ, നമ്മടേതെന്താ ഒള്ളേ ഇതിനകത്ത്?”

ഭാര്യ വിരണ്ടു.

“ഓ ...... ഒന്നുമില്ല.”

“ങേ......”

“ആ ഫ്രിഡ്ജ് മാത്രമേയുള്ളൂ നമ്മുടേത്.”

അയാൾ ഒരു നിമിഷം ഭാര്യയെ തറപ്പിച്ചു നോക്കി നിന്നു. പിന്നെ അവളുടെ കൈയിൽ നിന്ന് പച്ചവെള്ളം വാങ്ങിക്കുടിച്ചിട്ട് കിടപ്പു മുറിയിലേക്ക് ചെന്നു. ഷർട്ടൂരിയെറിഞ്ഞിട്ട് ഒരു നെടുവീർപ്പോടെ അയാൾ കിടക്കയിലേക്ക് വീണു....... ദിവസങ്ങളായി കുടിശ്ശിക വരുത്തിയ ഉറക്കത്തിന്റെ ഗഡുക്കളടച്ചു തീർക്കാൻ.....

-------------------

# രക്തസാക്ഷികൾ ഉണ്ടാകുന്നത്

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

**സ**മ്മതിദാനാവകാശം സമർഥമായി വിനിയോഗിച്ചുവെങ്കിലും അതിന്റെ ഗുണകാംക്ഷികളാകാൻ കഴിയാത്ത അവർ രണ്ടുപേരും പ്രതീക്ഷയുടെ അന്ത്യനിശ്വാസങ്ങളുമായാണ് ഭരണകക്ഷി ഓഫീസിന്റെ പടവുകൾ കയറിയത്. അവിടുത്തെ ആഡംബരവും ആഢ്യത്വവും സൃഷ്ടിച്ച ഭ്രമക്കാഴ്ചയിൽ അവർ പരസ്പരം മന്ത്രിച്ചു.

"നമ്മുടെ പണം, അവരുടെ യോഗം."

ജനക്ഷേമ ചർച്ചക്കിടയിലേക്ക് കടന്നു ചെന്ന് തങ്ങളുടെ തൊഴിലില്ലായ്മയുടെയും ദാരിദ്ര്യത്തിന്റെയും മടിശ്ശീല നിവർത്തിയ അവർക്കു നേരെ ഭരണമുഖ്യൻ കുരച്ചു ചാടി.

"ഹും, എന്തിനും ഏതിനും ഭരണകക്ഷിയെ കുറ്റം പറയുന്ന ഒരു പ്രതിപക്ഷമുണ്ടല്ലോ ഇവിടെ. അവരോടു ചെന്നു പറ നിങ്ങളെ രക്ഷിക്കാൻ."

പിന്നീടവരെ നാം കാണുന്നത് പ്രതിപക്ഷ നേതാവിന്റെ വസതിക്കു മുന്നിലാണ്. ആ എടുപ്പിന്റെ പ്രൗഢിയും സമ്പന്നതയും കണ്ട് അമ്പരന്ന അവർ അന്യോന്യം നെടുവീർപ്പറിയിച്ചു.

"ഓരോരുത്തരുടെ യോഗം."

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ പ്രതിപക്ഷനേതാവ് പുച്ഛത്തോടെ മുഖം ചുളിച്ചു.

"ഇതൊക്കെ വന്നു ഞങ്ങളോട് പറഞ്ഞിട്ടെന്താ കാര്യം. നിങ്ങളൊക്കെച്ചേർന്ന് കുറേ പ്രമാണിമാരെ വോട്ടു കൊടുത്ത് ഭരണപീഠത്തിൽ പിടിച്ചിരുത്തിയിട്ടുണ്ടല്ലോ? അവരോടു ചെന്നു പറ..."

പ്രതീക്ഷയുടെ ഊർധ്വൻവലി കേട്ട് പുറത്തിറങ്ങിയ അവർ ആദർശ പിതാവിന്റെ നാമം ധരിക്കുന്ന ആ നാൽക്കൂട്ടപ്പെരുവഴിയിൽ ദിക്കറിയാതെ ഉഴറിനിൽക്കവെ പോലീസ് അകമ്പടിയോടെ ഒരു ഭരണകക്ഷി പ്രമുഖന്റെ ലക്ഷ്വറി കാർ അവിടേക്ക് ഇരച്ചുവന്നു. എതിർദിശയിൽ നിന്ന് കൊടിയും മുദ്രാവാക്യവുമായി വന്ന പ്രതിപക്ഷ പാർട്ടിയുടെ ജാഥ ആ വാഹനം തടഞ്ഞു. തുടർന്ന് പ്രതിഷേധങ്ങൾ. മൂർദ്ദാബാദ് വിളികൾ, താക്കീതുകൾ, കല്ലേറ്, ലാത്തിയടി....

നിമിഷങ്ങൾക്കകം അവിടേക്ക് നിസർവ് പോലീസ് സന്നാഹം പാഞ്ഞെത്തി. കാറിലിരിക്കുന്ന നേതാവിന്റെ നിർദേശപ്രകാരം പോലീസ് മേധാവിയുടെ കമാന്റ്- "ഫയർ."

പിന്നീടങ്ങോട്ട്......

മരണം ചീറ്റുന്ന തോക്കുകൾക്കു മുന്നിൽ നിന്ന് സമരക്കാർ പിന്തിരിഞ്ഞോടി.

ഒടുവിൽ..... വെടിയും പുകയും ശമിച്ചു കഴിഞ്ഞപ്പോൾ അവിടെ രക്തം പുതച്ചു കിടന്ന നാലു ശവങ്ങളിൽ രണ്ടെണ്ണം നമുക്കു നേരത്തെ പരിചയമുള്ളവയായിരുന്നു....

എന്നാൽ ആ ജഡാവസ്ഥയിൽ അവർ വിലമതിക്കപ്പെട്ടു. അവർ പ്രതിപക്ഷത്തിന്റെ ധീരരക്തസാക്ഷി കളായി. പൊതു ദർശനവും അനുശോചനയോഗവും കഴിഞ്ഞ് പാർട്ടി പതാക പുതപ്പിക്കപ്പെട്ട് വിലാപയാത്രയായി പൊതുശ്മശാനത്തിലേക്ക് നീങ്ങുമ്പോൾ അവരുടെ ആത്മാവുകൾ തമ്മിൽ കുറുകുറുത്തു.

"ഒക്കെ ഒരു യോഗമാ..."

-------------------

# ഹസ്താക്ഷരം

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

**ആ** വെള്ളക്കടലാസ് എന്റെ കൈകളിൽ കിടന്നു വിറച്ചു. അതിൽ അണിനിരന്നിരിക്കുന്ന കറുത്ത അക്ഷരങ്ങൾ ഒരു അരണയെ പോലെ എന്റെ ജീവരക്തം വലിച്ചു കുടിക്കുന്നതായി എനിക്ക് തോന്നി. ചെറുപ്പക്കാർ അക്ഷമയോടെ എന്റെ മുഖത്തേക്ക് നോക്കിയിരിക്കുകയാണ്.

ഗ്രാമനഗരവത്കരണം; ഒപ്പുശേഖരണം. ശീർഷകം വായിച്ച എന്റെ കണ്ണുകൾ കറുത്ത ഫ്രെയ്മിട്ട കണ്ണടയ്ക്കുള്ളിലൂടെ താഴോട്ടുർന്നിറങ്ങി.

“സുഹൃത്തെ,

രാജവാഴ്ചയുടെ കാലം തൊട്ട് നിലവിലിരിക്കുന്ന ഒരു ഗ്രാമമാണ് നമ്മുടേത്. പുത്തനാശയങ്ങളും പുതുമകളും നിറഞ്ഞ ഒട്ടേറെ സംവത്സരങ്ങൾ കടന്നു പോയിട്ടും നാം സാമൂഹികമായും സാംസ്കാരികമായും തീരെ പുരോഗതി കൈവരിച്ചിട്ടില്ല. രണ്ട് സുപ്രധാന വ്യവസായ വാണിജ്യ മേഖലകളുടെ നടുക്ക് സ്ഥിതി ചെയ്യുന്ന നമ്മുടെ ഗ്രാമം ഭൗതിക പുരോഗതിയിൽ നിന്നും സാമൂഹിക-സാംസ്ക്കാരിക പുനരുദ്ധാരണങ്ങളിൽ നിന്നും അകന്നു നിൽക്കുന്നു. ആധുനിക സാങ്കേതിക സങ്കേതങ്ങളെ സ്വീകരിക്കുവാനും ഒരു പരിഷ്കൃത ജനവിഭാഗമായി പരിണമിക്കുവാനും നമ്മുടെ ഗ്രാമീണർ കാണിച്ച വൈമുഖ്യമാണ് ഇത്തരം ഒരു സ്ഥിതി വിശേഷം ഇവിടെ സംജാതമായിത്തീരുവാൻ വഴിയൊരുക്കിയത്.

ഈ അധഃസ്ഥിതാവസ്ഥയിൽ നിന്ന് മുക്തി പ്രാപിക്കുവാനും ഒരു സാമൂഹിക സാംസ്കാരിക നവോത്ഥാനത്തിന് വഴിതെളിക്കാനും നമ്മുടെ ഗ്രാമീണരെ പുരോഗതിയുടെയും സമ്പൽ സമൃദ്ധിയുടെയും വക്താക്കളാക്കിമാറ്റുവാനുമായി ഗ്രാമസമിതി ഗ്രാമനഗരവത്കരണ പദ്ധതി എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. പാർശ്വങ്ങളിൽ സ്ഥിതിചെയ്യുന്ന രണ്ട് നഗരങ്ങൾ തമ്മിൽ ഘടിപ്പിക്കുന്ന ഒരു റോഡ് നമ്മുടെ ഗ്രാമത്തിന് കുറുകെ നിർമ്മിക്കുകയാണ് ഈ പദ്ധതി പ്രകാരമുള്ള ആദ്യ പ്രവർത്തനം. ഇതു വഴി ഈ നഗരങ്ങൾ തമ്മിലുള്ള വാണിജ്യബന്ധം സുഗമവും സുദൃഢവുമാക്കുവാനും അതിലുപരി ഈ നഗരങ്ങളുമായുള്ള നമ്മുടെ സാംസ്ക്കാരികവും സാമ്പത്തികവുമായ ബന്ധം അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കുന്നതാണ്. ഇവിടെ ഒരു ഷോപ്പിംഗ് കോപ്ലക്സും, റിക്രിയേഷൻ ക്ലബും, സിനിമാ തിയ്യേറ്ററും നിർമ്മിക്കുക വഴി ഈ ഗ്രാമത്തെയും ഒരു വാണിജ്യമേഖലയാക്കി ഉയർത്തി സമ്പന്നമാക്കുവാനും ലക്ഷ്യമുണ്ട്.

യാഥാസ്ഥിതികതയുടെ കൂരിരുട്ട് വ്യാപിച്ചുകിടക്കുന്ന നമ്മുടെ ഗ്രാമത്തേയും ഗ്രാമീണരേയും പുതിയ യുഗത്തിന്റെ ഉന്മേഷത്തിലേക്ക് ആനയിക്കുവാനും അവരെ സാംസ്ക്കാരിക സമുന്നതിയിലേക്ക് കൈപിടിച്ചുയുർത്തുവാനുമുള്ള അഭ്യൂദയകാക്ഷികളായ ഒരു സംഘം ചെറുപ്പക്കാരുടെ പരിശ്രമത്തെ പ്രോത്സാഹിപ്പിക്കുവാനും മേൽപറഞ്ഞ കാര്യങ്ങൾ അധികാരപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുവാൻ താങ്കളുടെ ഒപ്പ് നൽകി സഹകരിക്കുവാനും വിനീതമായി അപേക്ഷിച്ചു കൊള്ളുന്നു.

എന്ന്,

പ്രസിഡണ്ട്, ഗ്രാമസമിതി.''

വായിച്ചു തീർന്നിട്ടും ഞാനതിലേക്കു തന്നെ നോക്കിയിരുന്നു. ഉള്ളിലെവിടെയോ ഒരു ഗദ്ഗദം കിളുർത്തത് ഞാനറിഞ്ഞു. മനസ്സിന്റെ ആകാശപ്പരപ്പിൽ വിഷാദത്തിന്റെ രണ്ട് കാർമേഘങ്ങൾ സന്ധി ചെയ്തു കണ്ണീർമഴയായി പെയ്തുതുടങ്ങി. എന്റെ ഗ്രാമം. ഞാൻ ജനിച്ചുവളർന്ന ഗ്രാമം. പ്രകൃതിയുടെ പല്ലവപുടങ്ങളാൽ പരിലാളിതവും പരിലാസിതവുമായ ഗ്രാമം. ശൈശവത്തിന്റെയും കൗമാരത്തിന്റെയും യൗവ്വനത്തിന്റെയും സൗവർണ്ണസ്മരണകൾ നിറഞ്ഞ ഗ്രാമം. എന്റെ ഗ്രാമം...

വയറെരിയുന്ന കർഷകന്റെ വിയർപ്പുമുത്തുകൾ വീണ് വളക്കൂറുള്ളതായിത്തീർന്ന മണ്ണ്. കേരളീയ തനിമയെയും ഐശ്വര്യത്തേയും നിലനിർത്തികൊണ്ട് തലയെടുപ്പോടെ നിൽക്കുന്ന, ഇളം കാറ്റിൽ നൃത്തം വെക്കുന്ന കൽപവൃക്ഷങ്ങൾ. പുള്ളുവൻ പാട്ടിന്റെ താളവും മണ്ണുഴുതു മറിക്കുന്ന കാളകളുടെ കിതപ്പും നിറഞ്ഞ, പല്ലിളിച്ചുകൊണ്ട് നിൽക്കുന്ന നോക്കുക്കുത്തികളേന്തിയ ഹരിതാഭയാർന്ന വയലേലകൾ. വണ്ടി വലിക്കുന്ന കാളകളുടെ മണിക്കിലുക്കവും പുളയുന്ന ചാട്ടവാറിന്റെ സീൽക്കാരവും മുഴങ്ങുന്ന ചെമ്മൺ പാത. ഗ്രാമകന്യകയെ അരഞ്ഞാണമണിയിച്ച് കൊണ്ടാഴുകുന്ന പുഴ. ചൂളം വിളിച്ചെത്തുന്ന തെക്കൻക്കാറ്റ്. പൂക്കൾ നിറഞ്ഞ ആരാമങ്ങൾ, മധുപങ്ങൾ, ശലഭങ്ങൾ....

കറ്റമെതിക്കുന്ന നടുമുറ്റങ്ങൾ. നെല്ലിടിക്കുന്ന അകത്തളങ്ങൾ. പുകയുന്ന അടുപ്പുകൾ. നിറയുന്ന വയറുകൾ. നിറഞ്ഞ മന്ദസ്മിതങ്ങൾ. സകലപ്രപഞ്ചാനുഭൂതികളേയും ആവാഹിച്ചെടുത്ത ഐശ്വര്യ സമ്പുഷ് ടമായ എന്റെ ഗ്രാമം. ഇന്നിതാ നാഗരികതയുടെ കിരാതവസ്ത്രമണിയാൻ കോപ്പു കൂട്ടുന്നു. അതിന്റെ സർവ്വഐശ്വര്യങ്ങളും നഷ്ടപ്പെടാൻ പോകുന്നു. അതിന്റെ സകലപ്രൗഡിയും തകർന്നടിയാൻ പോകുന്നു.

ആശാൻ പാടിയതെത്ര നേര്. ശ്രീഭൂവിലസ്ഥിര.

''കാർന്നോർടേം കൂടിയൊരൊപ്പു വേണം.'' ചെറുപ്പക്കാരിൽ ഒരാൾ ഭവ്യതയോടെ പറഞ്ഞു. ഞാൻ അവന്റെ മുഖത്തേക്ക് നോക്കി. വെളുത്ത് തുടുത്ത മുഖം. മൂർച്ചയേറിയ ബ്ലേഡ് കൊണ്ട് ചിരച്ച് വടിച്ച് വരണ്ടിയെടുത്ത മുഖം. വെളിച്ചപ്പാടിനെപ്പോലെ മുടി പുറകോട്ട് വളർത്തിയിരിക്കുന്നു. മൊത്തത്തിൽ കണ്ടാൽ ശിഖണ്ഡിയുടെ രണ്ടാം ജന്മമാണെന്നേ തോന്നൂ. ഇവന് മുടിയൊന്ന് വെട്ടിച്ചാലെന്താ? ഇവിടെയെന്താ ബാർബർ ഷാപ്പില്ലെ? അതോ ഇവന് ചോദിക്കാനും പറയാനുമൊന്നും ആരുമില്ലേ? ഉണ്ടായിട്ടെന്താ കാര്യം..... ഇപ്പോഴത്തെ പിള്ളേർക്ക് കാർന്നോന്മാരെ പേടി വേണ്ടേ?

എന്റെയൊക്കെ ചെറുപ്പകാലത്ത് കാർന്നോന്മാരുടെ നിഴല് കണ്ടാൽ പോലും മുട്ടുവിറയ്ക്കുമായിരുന്നു. വല്യച്ഛനേയും വല്ല്യമ്മാവനെയും മറ്റും നല്ല പേടിയായിരുന്നു. അതിലേറെ ആദരവും. അവരില്ലാത്തപ്പോൾ വീട്ടിൽ എന്റെ പരാക്രമം പറയേണ്ടതുണ്ടാവില്ല. അവരുടെ ഒച്ചയെങ്ങാനും കേട്ടാൽ പിന്നെ മിണ്ടാതെ ഒരിടത്തിരിക്കും ഒരു നല്ല കുട്ടിയായിട്ട്.....

അച്ഛൻ കൊച്ചിയിലെ ഒരു കമ്പനിയിൽ ഗുമസ്ഥനായിരുന്ന കാലത്ത് ഞാനും അനിയത്തിയും അവിടെയാണ് പഠിച്ചിരുന്നത്. ഓണത്തിന് സ്കൂൾ പൂട്ടിയാൽ മക്കളെയും കൊണ്ട് നാട്ടിൽ വരണമെന്ന് വല്യച്ഛൻ അച്ഛന് കത്തെഴുതിയിരുന്നു. അവധിക്ക് നാട്ടിൽ പോകുന്നത് ഓർക്കുമ്പോൾ വലിയ സന്തോഷമായിരുന്നു. പരീക്ഷക്ക് പഠിക്കുമ്പോഴും നാട്ടിലേക്കുള്ള തീവണ്ടിയാത്രയും നാട്ടിലെ ആൾക്കാരും കാഴ്ചകളുമായിരിക്കും മനസ്സ് നിറയെ...

മുതുകുളം തീവണ്ടിയാപ്പീസിൽ വന്നിറങ്ങിയാൽ ഒരു നവോന്മേഷം ഉള്ളിൽ നിറയും. ഞാനും

അനിയത്തിയും അമ്മയുടെ സാരിയിൽ തൂങ്ങി ഉണർവ്വോടെ നടക്കും. തീവണ്ടിയാപ്പീസിൽ നിന്ന് ഒന്നരമൈൽ നടന്നാൽ കടവെത്തും. അന്നൊന്നും മുതുകുളം ഇന്നത്തെ പോലെ വലിയ നഗരമായിട്ടില്ല. എന്നിരുന്നാലും ആളുകൾ കച്ചവടത്തിനും മറ്റും ഇവിടേക്കായിരുന്നു വന്നിരുന്നത്.

സ്വച്ഛമായ ജലതരംഗങ്ങളെ വേർപ്പെടുത്തികൊണ്ട് നീങ്ങുന്ന കടത്തുതോണിയിലിരുന്നു ഉച്ച വെയിൽ തട്ടി മിന്നുന്ന നീരൊഴുക്കിനെ തലോടിക്കൊണ്ടും പുഴക്കരയിൽ ലാസ്യനൃത്തം പൂണ്ട് നിൽക്കുന്ന വൃക്ഷങ്ങളുടെ ഭംഗി ആസ്വദിച്ചുകൊണ്ടും പുഴയ്ക്ക് നടുക്കുള്ള ചെറിയ തുരുത്തുകളിൽ പതിയിരുന്നു അമ്പരപ്പോടെ നോക്കുന്ന നീർനായകളുടെ മേൽ വെള്ളം കോരിത്തെറിപ്പിച്ച് കൊണ്ടുമുള്ള ആ യാത്ര.....

വീട്ടിലെത്തിയാൽ പിന്നെ ഒരുത്സവ പ്രതീതിയാണ്. വല്ല്യമ്മാവന്റേയും ഓപ്പമാരുടേയും ചെറിയച്ഛന്റെയും മക്കളുണ്ടാകും കൂട്ടിന്. ആദ്യത്തെ ദിവസം എല്ലാവരും കൂടി നാടുകാണാനൊരിറങ്ങലാണ്. കൂട്ടത്തിൽ ഞാനായിരുന്ന ഏറ്റവും വികൃതി. പാടവരമ്പിലൂടെ നടക്കുമ്പോൾ അമ്മൂട്ടിയെ ചേറിലേക്ക് തള്ളിയിട്ടതിന് വല്യച്ഛന്റെ കൈയിൽ നിന്ന് കിട്ടിയ തല്ലിന് കണക്കില്ല. എന്നിരുന്നാലും വല്യച്ഛന് എന്നോടായിരുന്നു കൂടുതൽ സ്നേഹം. പേരക്കുട്ടികളിൽ പഠിക്കുവാൻ ഏറ്റവും സമർത്ഥനും ബുദ്ധിമാനും ഞാൻ തന്നെയെന്നതാണ് കാരണം.

വല്യച്ഛന്റെ കൂടെ നടക്കാൻ എനിക്ക് വലിയ താൽപര്യമായിരുന്നു. ഞാറു നടുന്നിടത്തും തൊണ്ട് പിരിക്കുന്നിടത്തുമൊക്കെ വല്യച്ഛന്റെയും കാര്യസ്ഥന്റേയും കൂടെ ഞാനും പോകുമായിരുന്നു. വല്യച്ഛനോടടുത്തിരുന്നാണ് ഊണ് കഴിക്കുക. ചിലപ്പോൾ വല്യച്ഛൻ തന്നെ തന്റെ പാളക്കരണ്ടിപോലത്തെ കൈയിൽ ചോറുരുളയെടുത്ത് വായിലേക്കിട്ടുതരും. എന്തൊരു വലിയ ചോറ്റുരുള. ഞാനത് ചവച്ചിറക്കുമ്പോഴേക്കും വല്യച്ഛൻ അഞ്ചുരുളയുണ്ടിട്ടുണ്ടാകും. ഊണ് കഴിഞ്ഞ് ഉമ്മറക്കോലായിലെ ഈട്ടികൊണ്ടുള്ള ചാരുകസേരയിൽ ചാരിക്കിടക്കുമ്പോൾ വെറ്റിലയിൽ ചുണ്ണാമ്പു പുരട്ടി കൊട്ടപ്പാക്കും പുകയിലയും ചേർത്ത് വായിൽ വെച്ച് കൊടുക്കുന്നത് ഞാനായിരുന്നു. വല്യച്ഛൻ പതിയെ മയക്കത്തിലേക്ക് വഴുതുമ്പോൾ രണ്ടാം മുണ്ട് കൊണ്ട് ഞാൻ വീശിക്കൊടുക്കുമായിരുന്നു.

“ഇതാ പേന”. യുവാക്കളലൊരുവൻ ഒരു പേന എന്റെ നേർക്ക് നീട്ടി. സ്വർണ്ണത്തിന്റെ നിറമുള്ള ചന്തമേറിയ ഒരു ഫോറിൻ ഫൗണ്ടൻ പേന. അവന്റെ മോതിരമിട്ട വിരലുകളുടെ പിടിയിൽ അത് വെട്ടിത്തിളങ്ങി. വിറക്കുന്ന കൈകളോടെ ഞാനാ പേന വാങ്ങി.

ഗ്രാമീണതയുടെ സ്മരണകളുടെ മണിച്ചെപ്പ് തുറന്ന് ഭൂതകാലം എന്റെ മനോവീഥിയിലൂടെ പദയാത്ര നടത്തി.

പത്തായപ്പുരയിൽ ഒളിച്ചുകളിച്ചതും തൊടിയിൽ കവുങ്ങുകൾകിടയിൽ തൊട്ട് കളിച്ചതും ഇടയ്ക്ക് വഴക്കിട്ടതുമൊക്കെ ഓർമ്മയിൽ വന്നു. ചായകുടി കഴിഞ്ഞാൻ തന്നെ എല്ലാവരും തൊടിയിൽ സമ്മേളിക്കുമായിരുന്നു. അവിടെ ഊഞ്ഞാലുകെട്ടിയാടുകയും പാട്ട് പാടുകയും കൈക്കൊട്ടിക്കളിക്കുകയും ചെയ്യുമായിരുന്നു. തൊടിയിലെ വൃക്ഷത്തലപ്പുകളിൽ പലതരത്തിലുള്ള പക്ഷികൾ വന്നിരിക്കുമായിരുന്നു. പച്ചപ്പനന്തത്ത, പഞ്ചവർണ്ണക്കിളി, പവിഴച്ചുണ്ടൻകിളി, കരിങ്കുയിൽ, ഓലവാലൻ അങ്ങനെ പലതും. ഞാനും അച്ചുവും ഗോവിന്ദനും എത്രതവണ നോക്കിയതാണ് അവയെ കെണിവച്ചും കവണക്കല്ലെറിഞ്ഞും പിടിക്കാൻ. പക്ഷെ......

അപ്പുണ്ണിമാമയുടെയും ഗിരിജ ഓപ്പയുടെയും മക്കളുടെ കൂടെ വീട്ടിലാരുമറിയാതെ കുളിക്കാൻ പോയതും മടങ്ങി വരുമ്പോൾ നമ്പ്യാരുടെ കൃഷിത്തോട്ടത്തിൽ നിന്ന് വെള്ളരിപ്പൂവൽ പൊട്ടിച്ചുതിന്നതും നമ്പ്യാർ ചൂരലുമായി വന്നപ്പോൾ നിലവിളിച്ചോടിയതും ഓവുചാലിന് കുറുകെ വെച്ചിരുന്ന തെങ്ങിൻതടി കടന്ന് ഓടുമ്പോൾ കാൽവഴുതി ചാലിൽ വീണതുമൊക്കെ ഞാൻ ഓർത്തുപോയി. അന്ന് പനിച്ചു. തുളവീണമരക്കോപ്പയിൽ കയ്ക്കുന്ന കഷായം കോരിയെടുത്ത് വല്യാമ്മ എന്റെ വായിലേക്ക് ഒഴിച്ചു തന്നു. രാവിലെ എഴുന്നേറ്റപ്പോൾ പഴയ ഊർജ്ജവും ഉൻമേഷവും തിരിച്ചുകിട്ടിയിരുന്നു.

ഓണത്തിന് ഞങ്ങൾ കുട്ടികളെല്ലാവരും കൂടി നമ്പ്യാരിക്കുന്നിലേക്ക് പൂപറിക്കാൻ പോകുമായിരുന്നു. പിച്ചിപ്പൂക്കളും തെച്ചിപ്പൂക്കളും ഇലക്കൂമ്പിളിലാക്കികൊണ്ട് വരും. അത്തം പത്തിന് കളമൊരുക്കാൻ. ഓണപ്പാട്ടുകളും പാടി രസിച്ച് തിമിർത്തുകൊണ്ടായിരിക്കും കുന്നുകയറലും ഇറങ്ങലും. പോക്കർഹാജിയുടെ മകൻ അബുവും തോലൻ ഓസേപ്പിന്റെ മകൻ തോമസുമുണ്ടാകും ഞങ്ങളോടൊപ്പം. തോമസ്സിന് നന്നായി കരണം മറിയാനറിയാമായിരുന്നു. കുന്നിറങ്ങുമ്പോൾ കീഴ്ക്കാംതൂക്കായ കുന്നിന്റെ ചെരിവിലൂടെ അവൻ കുട്ടിക്കരണമിട്ടിറങ്ങുന്നത് കാണാൻ എല്ലാവർക്കും വലിയ ഹരമായിരുന്നു.

വല്യച്ഛൻ കഴിഞ്ഞാൽ പിന്നെയെനിക്ക് ഏറ്റവും ഭയവും ബഹുമാനവും വല്യമ്മാവനോടായിരുന്നു. നാലാം ക്ലാസിൽ തോറ്റപ്പോൾ ചിറയ്ക്കൽ അമ്പലവളപ്പിലെ ആൽമരത്തിന്റെ കൊമ്പത്ത് കയറിയിരുന്ന് നാട്ടുകാരെ, പ്രിയപ്പെട്ടവരെ, ഞാൻ നാലാം ക്ലാസ്സിൽ തോറ്റവിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു എന്നുറക്കെ പ്രഖ്യാപിച്ച ആളാണെത്രെ വല്ല്യമ്മാവൻ.

വല്ല്യമ്മാവൻ തൊടിയിൽ പല പച്ചക്കറികളും കൃഷിചെയ്തിരുന്നു. കപ്പ, കാച്ചില്, കുമ്പള, വത്തക്ക, കൈപ്പക്കായ, മുരിങ്ങ എന്നിവയായിരുന്നു പ്രധാന കൃഷി വിഭവങ്ങൾ. കൃഷിത്തോട്ടത്തിൽ അദ്ദേഹം ഒരു നോക്കുക്കുത്തി നാട്ടിയിരുന്നു. പഴയ ഒരു കുപ്പായവും കാലുറയുമെടുത്ത് അതിനുള്ളിൽ വൈക്കോൽ നിറച്ച് ഉടലാക്കി തുളവീണ ഒരു ചട്ടിയിൽ കുമ്മായം കൊണ്ട് കണ്ണും മൂക്കും വായും വരച്ച് തലയാക്കി ഉണ്ടാക്കിയതായിരുന്നു ആ നോക്കുകുത്തി.

ഒരു ദിവസം രാത്രി അപ്പു അതിന്റെ ചട്ടിത്തലയെടുത്ത് തലയിൽ കമിഴ്ത്തി വന്ന് ഉറങ്ങിക്കിടന്ന മാളൂട്ടിയുടെ അരികിൽ ചെന്ന് ഒറ്റ അലർച്ച. ഞെട്ടിയുണർന്ന മാളൂട്ടി പേടിച്ച് നിലവിളിച്ചു. അന്ന് വല്ല്യമ്മാവന്റെ കൈയ്യിൽ നിന്ന് അവന് കിട്ടിയ പ്രഹരം.... ആ ആശയം പറഞ്ഞുകൊടുത്തതിന് എനിക്കും കിട്ടി ഒരോഹരി.

അന്നിവിടെ അയ്യങ്കാട് എന്നൊരു ചെറിയ കാട് ഉണ്ടായിരുന്നു. അതിനുള്ളിൽ ഒരു പടുവൃദ്ധൻ കുടിൽ കെട്ടിപ്പാർത്തിരുന്നു. പാമ്പും പഴുതാരയും കീരിയും മറ്റുമുള്ള ആ കാട്ടിനുള്ളിൽ ആ അയ്യൻ എങ്ങനെയാണ് കഴിയുന്നതെന്ന് എല്ലാവർക്കും അതിശയമായിരുന്നു. അയാൾ പാമ്പിനേയും തവളയേയും തൊലിയുരിച്ച് വേവിച്ച് തിന്നും എന്ന് ആളുകൾ പറയുമായിരുന്നു. ഒരു ദിവസം ഞങ്ങൾ ഒരു സംഘം കുട്ടികൾ കാട്ടിനുള്ളിൽ കടന്ന് പതുങ്ങിച്ചെന്ന് കുടിലിന്റെ ഉള്ളിലേക്കെത്തിനോക്കി. അയ്യന്റെ വളർത്തുനായ ഞങ്ങളെ കണ്ടതും കുരച്ചുചാടിവന്നു. ഞങ്ങൾ പിന്തിരിഞ്ഞോടി. ഓട്ടത്തിനിടയിൽ വീണുപോയ അബുവിനെ നായ പിടികൂടി. അവനെ കടിച്ചു വലിക്കുന്നത് കണ്ട് ഞങ്ങൾ ഉരുളൻ കല്ലുകൾ കൊണ്ടും കടമ്പിന്റെ തണ്ടുകൊണ്ടും നായയെ എറിഞ്ഞു....

“കാർന്നോരെ, ഞങ്ങൾക്കിനിയും ഒരുപാട് വീടുകളിൽ പോകാനുണ്ട്. വേഗമൊന്നൊപ്പിട്ടു തന്നാൽ...” ഞാൻ നിർന്നിമേഷനായി അതു പറഞ്ഞ ചെറുപ്പക്കാന്റെ മുഖത്തേക്ക് നോക്കി. അവിടെ അക്ഷമ വീർപ്പുമുട്ടി നിന്നിരുന്നു. ആ മുഖത്തെ ചോരത്തുടിപ്പിലേക്ക് നോക്കിയിരിക്കവേ......

മദിരാശിയിൽ പഠിച്ചുവന്നവനാകയാൽ ചെറുപ്പക്കാരുടെ ഇടയിൽ എനിക്ക് ഒരു പ്രത്യേക നിലയും വിലയുമൊക്കെയുണ്ടായിരുന്നു. മുകുന്ദനായിരുന്നു എന്റെ ഒറ്റ സുഹൃത്ത്. എല്ലാ ദിവസവും വൈകുന്നേരം വായനശാലയിൽ വെച്ചായിരുന്നു ഞങ്ങൾ കണ്ടുമുട്ടിയിരുന്നത്. കുറെ പുസ്തകവുമായി ഇരുവരും നമ്പ്യാരിക്കുന്നിൽ പോയിരിക്കുമായിരുന്നു. വായിച്ചു കഴിഞ്ഞാൽ ആ പുസ്തകങ്ങളെപ്പറ്റിയും പ്രാപഞ്ചികവിഷയങ്ങളെപ്പറ്റിയും ഞങ്ങൾ ചർച്ചചെയ്യുമായിരുന്നു. അവിടെ പ്രകൃതിയും മനുഷ്യനും മരങ്ങളും മരണവും വരെ വിഷയങ്ങളാകും. രാഷ്ട്രീയത്തിനവിടെ പ്രവേശനമില്ലായിരുന്നു.

കുന്നിൻ പുറത്തിരുന്നാൽ താഴെ ഗ്രാമഭംഗി പൂർണ്ണമായും ആസ്വദിക്കാൻ സാധിക്കുമായിരുന്നു. പച്ചപുതച്ച പാടങ്ങളും രാശിക്കളം വരച്ചതു പോലുള്ള പാടവരമ്പുകളും ചെമ്പട്ട് വിരിച്ചതു പോലത്തെ മൺപാതകളുമൊക്കെ കണ്ട് ഹൃദയം ആനന്ദം കൊണ്ടിരുന്നു. ആ അവർണ്ണനീയമായ ദൃശ്യാനുഭൂതി നുകർന്നിരുന്ന വേളകളിലാണ് ശ്രീലക്ഷ്മിയെ കാണുന്നത്. പാവാടയും ജമ്പറുമണിഞ്ഞ് പുസ്തകങ്ങളും ചോറ്റുപാത്രവും മാറോടടക്കിപ്പിടിച്ച് കുനിഞ്ഞ ശിരസ്സുമായി കോളേജ് വിട്ട് പോകുന്ന ശ്രീലക്ഷ്മി. കണ്ടു, ഇഷ്ടപ്പെട്ടു, പ്രേമിച്ചു, പ്രേമമഭ്യർത്ഥിച്ചു, കിട്ടി. ബന്ധപ്പെട്ടവരറിഞ്ഞു. പിന്നെ പെണ്ണുചോദിക്കൽ, പെണ്ണുകാണൽ, നാൾകുറിക്കൽ, താലിചാർത്തൽ.

“അതേയ് ഞങ്ങൾക്ക് ധൃതിയുണ്ട്.” ഒരുവൻ തെല്ലൊരു രോഷത്തോടെ പറഞ്ഞു. ഞാൻ അവനെയൊന്ന് ചുഴിഞ്ഞുനോക്കി. എനിക്ക് നിന്നെപ്പോലത്തെ മൂന്ന് മക്കളുണ്ടെടാ. അണ്ടിയേറ് അമ്മാവനിട്ട് വേണ്ടടാ എന്ന ഒരു നോട്ടം. അവൻ മുഖം തിരിച്ചു കളഞ്ഞു.

“എവിടെയാ റോഡ് വരുന്നേ?” വിറയ്ക്കുന്ന ശബ്ദത്തിൽ ശിഖണ്ഡി രണ്ടാമനോട് ചോദിച്ചു.

“ചിറക്കൽ മേനോന്റെ പാടത്തിനടുത്തുകൂടി നീങ്ങുന്ന ചെറിയ മൺപാത വികസിപ്പിച്ച്.....” അവൻ നിരസത്തോടെയാണെങ്കിലും പറഞ്ഞു.

“കെട്ടിടങ്ങൾ?”

“പാടത്തിന്റെ തെക്കേപ്പൊളിയിലെ പുളിമരക്കാടും മാന്തോപ്പും പഴയ ചിറയ്ക്കലമ്പലത്തിന്റെ ആൽത്തറയും പൊളിച്ച് നീക്കിയിട്ട് റോഡിന് ഇടതുവശത്തായിട്ട്...” അവന്റെ ശബ്ദത്തിൽ അസഹ്യതമുഴച്ചുനിന്നു.

എന്റെ ഉള്ളൊന്ന് കാളി. ആൽത്തറ? ഇടറുന്ന സ്വരം തൊണ്ടകീറി പുറത്ത് വന്നു. ആൽത്തറയും പൊളിക്കേണ്ടി വരും... എനിക്ക് കരച്ചിൽ വന്നു. കണ്ണുകൾ നിറഞ്ഞു. കാലനവശേഷിപ്പിച്ച ഞാനടുങ്ങുന്ന നാലഞ്ച് വയസ്സന്മാർക്ക് വൈകുന്നേരങ്ങളിൽ സമ്മേളിക്കുവാനും പഴയ ഓർമ്മകൾ പുതുക്കുവാനും നേരംമ്പോക്കു പറയാനുള്ള ഏക തമ്പാണ് ചിറയ്ക്കൽ അമ്പല വളപ്പിലെ ആൽത്തറ. വെയിലാറുന്നതിന് മുൻപേ വീട്ടിൽ നിന്ന് കട്ടൻ കാപ്പിയും കുടിച്ചിട്ടിറങ്ങും. പോക്കുവെയിലേറ്റ് മയങ്ങിക്കിടക്കുന്ന പാടവരമ്പിലൂടെ നടക്കും. ഭാർഗ്ഗവനും മൂസയും ഫിലിപ്പച്ചനും രാഘവനും ഉണ്ണ്യാ

ളനും കാത്തിരിക്കുന്നുണ്ടാവുമവിടെ. പിന്നെ അവിടെ ഞങ്ങളുടേതായ ഒരു ലോകം പണിയുകയായി. കുശലപ്രശ്നങ്ങളിൽ തുടങ്ങി കാര്യവർത്തമാനങ്ങളിലൂടെ ഞങ്ങൾ ഭൂതകാലത്തിന്റെ രാജവീഥിയിലെത്തിച്ചേരും.

കന്മഷങ്ങളെ കഴുകിക്കളഞ്ഞു ഹൃദയത്തെ ശുദ്ധികലശം ചെയ്യുന്ന തീർത്ഥജലത്തെപ്പോലും മരണം വിതയ്ക്കുന്ന വിഷവളമാക്കുവാൻ അതീവ സമർത്ഥനാണ് മനുഷ്യൻ. പരിശുദ്ധമായ സ്നാനഘട്ടത്തെപ്പോലും പാപപങ്കിലമായ പീഡഭൂമിയാക്കുവാൻ ഉള്ള അവന്റെ കരവിരുത് അപാരമാണ്. അലംഘനീയമായ നിയമസംഹിതകളെപ്പോലും വികലമായി പൊളിച്ചെഴുതുവാനുള്ള അവന്റെ ധാർഷ്ട്യം.... പഞ്ചഭൂതങ്ങളെ കീഴടക്കി പ്രപഞ്ചത്തെ വെട്ടിപ്പിടിക്കുവാനുള്ള അവന്റെ സംത്രാസം നികൃഷ്ടം തന്നെ.

എന്റെ കാൽമുട്ടുകൾ വിറച്ചു. കൈകൾ വിറച്ചു. കൈകളിൽ പിടിച്ചിരുന്ന പേനയും വെള്ളകടലാസും വിറച്ചു. ചുണ്ടുകൾ വിറച്ചു. ശരീരമാകെ വിറച്ചു.

ഇന്നിതാ, ഇവർക്ക് റോഡ് വേണം. മോട്ടോർ വാഹനങ്ങൾ ഓക്കാനിക്കുന്ന പുകകൊണ്ട് ഈ ഗ്രാമം കരിവാളിക്കണം. ഡീസലിന്റെയും പെട്രോളിന്റെയും ഗന്ധരൂക്ഷതയാൽ ഗ്രാമീണസൗരഭ്യം നഷ്ടപ്പെടണം. ചീറിപ്പായുന്ന വാഹനങ്ങളുടെ പുറം കുത്തേറ്റ് മനുഷ്യജന്മങ്ങൾ പെരുവഴിയിൽപ്പിടഞ്ഞു വീണൊടുങ്ങണം. നഗ്നനായികയുടെ ആഭാസനർത്തനവും കാമപേക്കൂത്തും കാണുവാൻ ഇവർക്ക് സിനിമാശാല വേണം. അവളുടെ അംഗലാവണ്യം കണ്ട് ഇവർക്ക് കൺകുളിർക്കണം. അകം നിറയണം. ഇവരുടെ ലൈംഗികാഭിനിവേശം മൂത്ത് ഇവർക്ക് അമ്മപെങ്ങന്മാരെ തിരിച്ചറിയാതെയാവണം.

വിദേശികൾ കുപ്പിയിലാക്കിയയക്കുന്ന വിഷദ്രാവകം കോരിക്കുടിച്ച് ഇവർക്ക് നിർവൃതി അടയണം. ആനന്ദാതിരേകത്താൽ ഇവർ സ്വന്തം വസ്ത്രമുരിഞ്ഞെറിയണം. അസഭ്യം പറയണം. മണ്ണിൽ വീണുരുളണം. വഴി നടക്കുന്ന സഹോദരിമാരെ തടഞ്ഞുവെക്കണം. മാനഭംഗപ്പെടുത്തണം. അങ്ങനെ പരമ്പരാഗതമായി കാത്തു സൂക്ഷിച്ച പരിപാവനമായ ഗ്രാമീണ സംസ്കൃതി കാലഹപരണപ്പെടണം. ഇതിനെല്ലാം ഇവർക്കൊരു മേൽക്കൂര വേണം. ഒരു ക്ലബ്.

കൊള്ളയടിക്കപ്പെട്ടതും മായം ചേർത്തതുമായ അസംസ്കൃത പദാർത്ഥങ്ങൾ വിൽക്കാനിവർക്ക് ഒരു ഷോപ്പിംഗ് കോംപ്ലക്സ് വേണം. പാവപ്പെട്ട ഗ്രാമീണരുടെ കണ്ണീരും വിയർപ്പും വിറ്റ് കള്ളക്കടത്തുക്കാരന്റെയും കരിഞ്ചന്തക്കാരന്റെയും പുഴ്ത്തിവെപ്പുക്കാരന്റെയും പണസഞ്ചി വീർക്കണം. വരു തലമുറ നമ്മുടെ ഭർത്സനങ്ങൾ കണ്ട് വളരണം. അവരുടെ ജീവിതത്തിൽ പകർത്തണം. ജനങ്ങൾ കൈപ്പുനീരു കുടിക്കണം.

ചുരുക്കത്തിൽ, എന്റെ ഗ്രാമത്തിന്റെ ഈ ഐശ്വര്യം, ഈ സൗന്ദര്യം, ഈ സൗരഭ്യം, ഈ ക്ഷേമം, ഈ പരിശുദ്ധി, ഈ നിഷ്കളങ്കത എല്ലാം നഷ്ടപ്പെടാൻ പോകുന്നു. സൽഗുണ സമ്പന്നയായ ഈ ഗ്രാമകന്യക പങ്കിലയാകാൻ പോകുന്നു.

അതിന് എല്ലാവരും കൂട്ടുനിൽക്കണം. എല്ലാവരും താങ്കളുടെ വിലയേറിയ ഒപ്പുകൾ നൽകി ഈ സംരംഭത്തെ പ്രോൽസാഹിപ്പിക്കണം. ഈ കാട്ടുനീതിയോട് സഹകരിക്കണം.

എന്റെ കണ്ണുകളിൽ ഇരുട്ട് കയറി. രക്തക്കറപുരണ്ട ഒരു വിളറിയ പാട വന്ന് കണ്ണുകളിൽ

നിറഞ്ഞു. അതിന്റെ പഴുപ്പിനിടയിലൂടെ അവ്യക്തമായി ഞാൻ കണ്ടു. ക്ഷമയുടെ മറുകരകണ്ട യുവാക്കൾ, തലയിൽ കൊമ്പ് മുളച്ച് ദംഷ്ട്രകൾ നീട്ടി രാക്ഷസന്മാരായി മാറുന്നു. ചോരനിറമുള്ള നാവ് ദ്രുതഗതിയിൽ ചലിപ്പിച്ച് കൊണ്ട് അവർ എന്നെ സമീപിക്കുന്നു.

വെള്ളക്കടലാസിലെ കറുത്ത അക്ഷരങ്ങൾ ഓരോന്നും വിഷം പുരട്ടിയ ശൂലമേന്തിയ ഓരോ യോദ്ധാവായി മാറുന്നു. അവർ നീട്ടിയെറിഞ്ഞ ശൂലങ്ങൾ എന്റെ നെഞ്ചിൽ തുളച്ചു കയറി. എന്റെ ഹൃദയം പിളർന്ന് തണുത്ത രക്തം ചീറ്റി. കണ്ണുകളിൽ വേദന നിറഞ്ഞ തപ്തബാഷ്പമൊഴുകി.

എനിക്കൊന്നുറക്കെ കരയാൻ തോന്നി. പക്ഷെ ശബ്ദം പുറത്ത് വന്നില്ല. എന്റെ തൊണ്ട യിൽ രണ്ട് കനത്തകവാടങ്ങൾ വന്നടഞ്ഞു. കാഴ്ചകൾക്ക് നിറം മങ്ങി. കൺമുന്നിൽ ഒരു മായാവ ലയം രൂപം കൊണ്ടു. പേനയും കടലാസും അക്ഷരങ്ങളും, യുവാക്കളും അതിൽ വിലയം പ്രാപി ക്കുന്നു. ഏതോ ഒരദൃശ്യശക്തി എന്നെ അഗാധതയിലേക്ക് വലിച്ചിഴയ്ക്കുന്നു.

***********************************

# കളിപ്പാവകൾ

കെ.പി നജീമുദ്ദീൻ

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

**പൂ**ത്തൻപുരയ്ക്കലെ തോട്ടക്കാരൻ കുഞ്ഞാലിയാണ് ഓടിക്കിതച്ചു വന്നു വിവരം പറഞ്ഞത്.

"ചെത്തുകാരൻ രാവുണ്ണി തെങ്ങേന്ന് വീണു."

ഓണപ്പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പിലായിരുന്നു ഞാൻ. കേട്ടപാടെ പുസ്തകമടച്ചുവെച്ച് പുത്തൻപുരയ്ക്കലേക്കോടി. ഞാൻ ചെല്ലുമ്പോഴേക്കും ആരെല്ലാമോ ചേർന്ന് രാവുണ്ണിയെ ജീപ്പിലെടുത്തിട്ട് ആശുപത്രിയിലേക്കു കൊണ്ടുപോയിരുന്നു. പുരുഷന്മാരും അയൽവക്കത്തെ സ്ത്രീകളും കുട്ടികളുമായി ധാരാളം പേർ അവിടെ കൂടിയിരുന്നു.

പുത്തൻപുരക്കൽ വീടിന്റെ മുറ്റം കോൺക്രീറ്റ് കല്ലുകൾ പതിച്ചതാണ്. പോർച്ചിലേക്ക് കാർ കയറ്റാൻ സൗകര്യം ചെയ്തതാണങ്ങനെ. മുറ്റത്തിനു നടുവിലുള്ള തെങ്ങിന്മേൽ നിന്നാണ് രാവുണ്ണി തലപ്പുപൊട്ടി വീണിരിക്കുന്നത്. കോൺക്രീറ്റ് തറയിലും അതിനിടയിൽ വെച്ചു പിടിപ്പിച്ച പുല്ലിലും രക്തം തളംകെട്ടിക്കിടന്നിരുന്നു.

"തറേല് തലയിടിച്ചാ വീണിരിക്കുന്നത്. കാര്യം പോക്കാ." പിറകിൽ നിന്നാരോ പറഞ്ഞു.

എനിക്ക് വലിയ വിഷമം തോന്നി.

വാചകമടി കൂടുതലാണെങ്കിലും രാവുണ്ണി വിനയമുള്ളവനായിരുന്നു. എല്ലാവർക്കും അയാളെ വലിയ കാര്യമായിരുന്നു. ഭാര്യയും പറക്കമുറ്റാത്ത നാലു കുഞ്ഞുങ്ങളുമുള്ള പാവപ്പെട്ട ചെത്തുതൊഴിലാളിയാണ് രാവുണ്ണി. അയാൾക്കെന്തെങ്കിലും സംഭവിച്ചാൽ ആ കുടുംബം അനാഥമാകും.

അധികനേരം അവിടെ നിൽക്കാനാകാതെ വീട്ടിലേക്കു മടങ്ങുമ്പോൾ ഞാൻ മനം നിറയെ സഹതപിക്കുകയായിരുന്നു. അല്ലാതെന്തു ചെയ്യാൻ?

അന്നെനിക്കു പഠനകാര്യത്തിൽ കാര്യമായി ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. സാമ്പത്തിക ശാസ്ത്രത്തിലെ ചോദന-പ്രത്യായ നിയമങ്ങൾ വ്യാഖ്യാനിക്കുമ്പോഴും ഇന്ത്യാ ചരിത്രത്തിലെ കർണ്ണാട്ടിക് യുദ്ധങ്ങൾ അതിജയിക്കുമ്പോഴും ഒരു ചോദ്യചിഹ്നംപോലെ രാവുണ്ണിയുടെ വിധി എന്റെ ചിന്തയിൽ തൂങ്ങിയാടി.

അടുത്ത ദിവസം പരീക്ഷ കഴിഞ്ഞ് മടങ്ങുന്ന വഴി ധർമ്മാശുപത്രിയിൽ ചെന്ന് രാവുണ്ണിയെ കണ്ടു. തലയിലും കൈകാലുകളിലും വലിയ ബാൻഡേജുകളുമായി അബോധാവസ്ഥയിൽ കിടക്കുന്ന രാവുണ്ണിക്കു സമീപം നാലു കുഞ്ഞുങ്ങളേയും ചേർത്തുപിടിച്ച് വിഷണ്ണയായിരിക്കുന്ന അയാളുടെ ഭാര്യ പറഞ്ഞു.

"രക്ഷപ്പെടുന്ന കാര്യം കഷ്ടിയാണെന്നാണിവിടുള്ളോര് പറേണത്. ഇന്റോനെന്തെങ്കിലും പറ്റിയാൽ പിന്നെ ഏനും ന്റെ കുട്ട്യോൾക്കും വേറാരാള്ളത്."

രാവുണ്ണിയുടെ മൃതപ്രായമായ ശരീരത്തിന്റെ നിശ്ചലതയിലേക്ക് സലൈൻ ബോട്ടിലിൽ നിന്ന് പതിഞ്ഞ താളത്തിൽ ഡ്രിപ്പിറങ്ങുന്നുണ്ടായിരുന്നു. ആയുസ്സിന്റെ കൗൺട്-ഡൗൺ പോലെ......

ഭാവിയുടെ മരവിപ്പിലേക്ക് മിഴിച്ചിരിക്കുന്ന ആ കുരുന്നുകളെ കൂട്ടിവന്ന് ഞാൻ കാന്റീനിൽ നിന്ന് ചായയും പലഹാരവും വാങ്ങിക്കൊടുത്തു. മൂത്തവൻ ചായക്കോപ്പയിൽ നിന്നുയരുന്ന ആവി

യിലേക്ക് തെല്ലുനേരം മിഴിനട്ടിരുന്ന ശേഷം ഒന്നും പറയാതെ കാന്റീനിൽ നിന്നിറങ്ങിപ്പോയി. കുറച്ചിടെ സംശയിച്ചു നിന്ന ശേഷം ചായ കുടിച്ചു തീർക്കാതെ അവന്റെ കൂടപ്പിറപ്പുകളും എഴുന്നേറ്റു പോയി. അവരുടെ അച്ഛന്റെ ആയുസ്സിനെ കുറിച്ചുള്ള അല്പമാത്രമായ പ്രതീക്ഷപോലെ ചായയും വടയും പാത്രങ്ങളിലവശേഷിച്ചു......

തുടർന്നുള്ള ഒന്നിടവിട്ട ദിവസങ്ങളിലെ എന്റെ സന്ദർശനങ്ങൾക്കിടയിൽ രാവുണ്ണിക്ക് ബോധം വീഴുകയും ഡോക്ടർമാർ പ്രതീക്ഷയ്ക്ക് വകനൽകുകയും ചെയ്തു.

പരീക്ഷ കഴിയുന്നതിന് രണ്ടുദിവസം മുമ്പ് ഞാൻ ചെന്നപ്പോൾ രാവുണ്ണിയുടെ നില കുറേക്കൂടി മെച്ചപ്പെട്ടിരുന്നു. അയാളുടെ ഭാര്യയും മക്കളും കൂടുതൽ പ്രസന്നതയോടെ കാണപ്പെട്ടു. അവർ പറഞ്ഞു.

"ഇനി പേടിക്കാനൊന്നൂല്യാന്നാ ഡോക്ടർ പറഞ്ഞെ.... രണ്ടു ദെവസം കഴിഞ്ഞ് വീട്ടിലേക്ക് പോവാത്രെ. മുറിവൊണങ്ങണവരെ പണിയൊന്നുമെടുക്കരുതെന്നും പറഞ്ഞിരിക്കണു."

അവരുടെ സന്തോഷം കണ്ടപ്പോൾ എന്റെ മനസ്സും നിറഞ്ഞു.

ദൈവം കരുണാമയനാണ്...

കോളേജ് പൂട്ടുന്ന ദിവസമാണ് രാവുണ്ണിയെ ഡിസ്ചാർജ്ജു ചെയ്യുമെന്ന് പറഞ്ഞിരുന്നത്. അവസാനത്തെ പരീക്ഷയും കഴിഞ്ഞ് വലിയൊരപകടം തരണം ചെയ്ത ആശ്വാസത്തോടെ വീട്ടിലേക്ക് മടങ്ങുമ്പോൾ ഞാൻ മനസ്സിൽ കരുതി- ഇപ്പോൾ രാവുണ്ണിയെ വീട്ടിലേക്ക് കൊണ്ടു വന്നിട്ടുണ്ടാകും. വീട്ടിലെത്തിയ ഉടനെ കാപ്പികുടി കഴിഞ്ഞ് രാവുണ്ണിയുടെ വീട്ടിൽ ചെല്ലണം.

വീട്ടിൽ ചെന്ന് തീൻമേശയ്ക്ക് മുന്നിലിരിക്കുമ്പോൾ ഉമ്മ ചായക്കപ്പ് എന്റെ മുന്നിൽ വെച്ചിട്ട് പറഞ്ഞു.

"നീയറിഞ്ഞോ? രാവുണ്ണി മരിച്ചു....."

പൊടുന്നനെ എന്റെയുള്ളിൽ അഗ്നിപാതം... ഉരുൾപൊട്ടൽ...

"മരിച്ചോ... എങ്ങനെ?" ചോദ്യം കിതപ്പുകളായി ചിതറിവീണു.

"ആശുപത്രീന്ന് സ്റ്റിച്ചും കെട്ടുമൊക്കെ അഴിച്ച് വീട്ടിലേക്ക് വരുന്ന വഴിക്ക് അവരുടെ ഓട്ടോറിക്ഷേല് ലോറി വന്നിടിച്ച് രാവുണ്ണീം ഇളയകുട്ടിയും മരിച്ചു. കെട്ട്യോൾക്കും മറ്റുള്ളോർക്കും നല്ല പരുക്കുണ്ടെത്രെ." ഒരു നെടുവീർപ്പോടെ ഉമ്മ പറഞ്ഞു നിർത്തി. "ഇത്ര ദയയില്ലാത്തൊരു പടച്ചോൻ..."

നടുക്കത്തോടെയും തളർച്ചയോടെയും കട്ടിലിൽ ചെന്ന് വീഴുമ്പോൾ എന്റെ ഹൃദയത്തിന്റെ പെരുമ്പറഭാഷ്യം എനിക്ക് കേൾക്കാമായിരുന്നു.

ക്രൂരനായ ദൈവത്തിന്റെ പൈശാചിക വിനോദമാണ് വിധി. ക്രൂരമായ വിധിയുടെ കൈയിലെ കളിപ്പാവകളാണ് മനുഷ്യർ. വിധിയൊന്നു മേടുമ്പോൾ ഉടഞ്ഞു വീഴുന്ന വെറും കളിമൺ പാവകൾ....

-------------------

# സ്വാതന്ത്ര്യദിനം

**കെ.പി നജീമുദ്ദീൻ**

കളത്തിൽ വീട്, ആലിങ്ങൽ, തൃപ്രങ്ങോട് പി.ഒ, തിരൂർ, മലപ്പുറം ജില്ല-676108,മൊബൈൽ: 9446568615

---

ദിക്കുകൾ പിളരുമാറുച്ചത്തിൽ ഒരു സ്ഫോടനം. പ്രപഞ്ചത്തെ പിടിച്ചുലയ്ക്കുന്ന ഘോരമായ മുഴക്കം. ഒപ്പം ആകാശത്തെ ദഹിപ്പിക്കുമാറ് ഭൂമിയുടെ ഉദരത്തിൽ നിന്നൊരു അഗ്നിഗോളം മുകളിലേക്കുയർന്നു. പഴുത്ത ഇലകൾ നിറഞ്ഞ ഒരു വടവൃക്ഷംപോലെ....

രാംനാഥ് മുഖർജി ഞെട്ടി കണ്ണു തുറന്നു പടിഞ്ഞാറാകാശത്തിലേക്കുയർന്ന അഗ്നിവൃക്ഷത്തെ പകപ്പോടെ നോക്കി.

വീണ്ടും സ്ഫോടനം. ആകാശത്തിന്റെ കരുവാളിപ്പിലേക്ക് തീകാറ്റുയർന്നു. ആയരങ്ങളുടെ നിലവിളി ഉയർന്നു. സ്ത്രീകളുടെ, കുട്ടികളുടെ... തുടർച്ചയായ സ്ഫോടനത്തിന്റെ പ്രകമ്പനം ദിക്കുകളിൽ മാറ്റൊലി കൊണ്ടു. ഭയന്നു വിറയ്ക്കുന്ന കാറ്റിൽ ഉരുകിയ പച്ചമാംസത്തിന്റെയും വെടിക്കോപ്പുകളുടേയും രൂക്ഷഗന്ധം.

രാംനാഥ് മുഖർജി തുടരെത്തുടരെ ചുമച്ചു. വായിൽ നിന്ന് തെറിച്ച കഫക്കട്ട മഫ്ളർ കൊണ്ട് തുടച്ച് അദ്ദേഹം ചാരുകസേരയിലേയ്ക്ക് ചാഞ്ഞിരുന്നു.

നഗരം ഒരു വ്യാളീന്ദ്രനെപ്പോലെ തീ തുപ്പുകയാണ്. നാട്ടിലെ പ്രബുദ്ധരായ രണ്ടു രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സംഘട്ടനം. കുതന്ത്രങ്ങളിലൂടെ അധികാരം പിടിച്ചടക്കിയ ഭരണകക്ഷിയും അവരെ ഭരിക്കാനനുവദിക്കില്ലെന്ന് ശഠിക്കുന്ന പ്രതിപക്ഷവും വാളും വടിയും തോക്കും ബോംബുമായി തെരുവിലിറങ്ങിയിരിക്കുകയാണ്-ജനങ്ങളെ സേവിക്കാൻ.

രാംനാഥ് ചുമച്ചുകൊണ്ട് താഴെ തറയിൽ കിടക്കുന്ന ഭാര്യയെയും മകളെയും നോക്കി. ഭയന്നുറങ്ങുകയാണ് തന്റെ മകൾ രവീണ. എങ്ങനെ ഭയക്കാതിരിക്കും?

എപ്പോഴാണ് ഈ വീടിനു മുകളിൽ ഒരു കൈ ബോംബ് വന്നു വീഴുന്നതെന്നറിയില്ല. പുറത്തെ ഇരുട്ടിൽ മരണം പതിയിരിപ്പുണ്ട്. ഏതു നിമിഷവും....

“മോളെ... മോളെ....” അദ്ദേഹം മകളെ തട്ടി വിളിച്ചു.

അവൾ ഞെട്ടി കണ്ണുതുറന്ന് ഭയത്തോടെ അച്ഛനെ നോക്കി.

“എഴുന്നേറ്റ് അകത്ത് ചെന്ന് കിടക്ക് മോളെ”

“ഏട്ടൻ വന്നോ അച്ഛാ?”

അദ്ദേഹത്തിന് മറുപടി പറയാൻ കഴിഞ്ഞില്ല.

“ഏട്ടൻ വരട്ടെ.”

അവൾ വീണ്ടും കൈത്തണ്ടയിൽ തലവെച്ചു കണ്ണടച്ചു കിടന്നു.

അയാൾ നെടുവീർപ്പിട്ടു.

ഏട്ടൻ...

ഏട്ടനെ കാത്തു കിടക്കുകയാണവൾ.

അവൻ കുരുക്ഷേത്രത്തിലാണ്. ആദർശങ്ങൾ കൂട്ടിമുട്ടുന്ന, ഗർവ്വം ചിലയ്ക്കുന്ന യുദ്ധ ഭൂമിയിൽ... ദുരമൂത്ത മനുഷ്യന്റെ മദം പൂണ്ട ശരീരം ഒരു വാളോങ്ങലിൽ ശിരസ്സറ്റ് വീഴുന്ന, വിഷം ഘനീഭവിച്ച അവന്റെ ഹൃദയം ഒരു സ്ഫോടനത്തിൽ ചിന്നിച്ചിതറുന്ന രണാങ്കണത്തിൽ....

അയാൾ ഭാര്യയെ നോക്കി. അവരുടെ ദൈന്യത നിറഞ്ഞ കണ്ണുകളിൽ കണ്ണുനീരിന്റെ ഉപ്പുരസവും ദു:ഖത്തിന്റെ ചവർപ്പും അയാൾ രുചിച്ചറിഞ്ഞു. അവർ വിതുമ്പിക്കരഞ്ഞു. കരയാതെന്തു ചെയ്യും?

റവാലഡു വിൽക്കാൻ വരുന്ന പഠാണി ഇന്നുച്ചയ്ക്ക് അവളോട് സംസാരിക്കുന്നത് താനും കേട്ടിരുന്നു.

“മേംസാബ്, നഗരത്തിൽ കോളിളകുകയാണ്. മനുഷ്യർ തമ്മിൽ വെട്ടിയും കുത്തിയും കൊല്ലുന്നു. ബോംബ് പൊട്ടി എത്രയെണ്ണമാ ചിന്നിച്ചിതറുന്നത്. വഴിനടക്കാമ്മേല.. റോഡ് മുഴുവൻ ശവങ്ങളാണ്. മനുഷ്യശരീരത്തിന്റെ പാർട്സുകൾ ചോരയിൽ കിടന്നു പിടയുന്ന കാഴ്ച... അമ്മോ.... നിരപരാധികളായ മനുഷ്യർ ജീവന് വേണ്ടി നെട്ടോട്ടമോടുകയാണ്. തലങ്ങും വിലങ്ങും ചീറിപ്പായുന്ന വെടിയുണ്ടകൾക്കിടയിലൂടെ... ഓടുന്നവർ തമ്മിൽ കൂട്ടിയിടിച്ചുവീഴുന്നുണ്ട്. പുകകൊണ്ട് കണ്ണു കാണണ്ടേ.....”

ഭീതി പിടയ്ക്കുന്ന ചെറിയ മൗനത്തിന് ശേഷം അയാൾ ശബ്ദം താഴ്ത്തി ചോദിച്ചു.

“മേംസാബിന്റെ മകൻ യുവസേനയിലല്ലേ?”

കരച്ചിലടക്കി നിൽക്കുന്ന അവളെ നോക്കി നെടുവീർപ്പിട്ട് കുട്ടയും തലയിലേറ്റി നടക്കുമ്പോൾ അയാൾ പറഞ്ഞു.

“മനുഷ്യർക്ക് മദമിളകിയിരിക്കുകയാണ്. കലികാലന്നല്ലാതെന്താ പറയാ. ലോകാവസാനം അടുത്തെന്നാ തോന്നുന്നേ...”

രാംനാഥ് നെറ്റിയിൽ അമർത്തിത്തടവി.

ലോകമൊന്നവസാനിച്ചിരുന്നെങ്കിൽ...

റാന്തൽ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ അയാൾ ചുമരിൽ തൂങ്ങുന്ന ദേശീയ നേതാക്കളുടെ നേർക്ക് നോക്കി. അയാൾ പതുക്കെ എഴുന്നേറ്റ് രാഷ്ട്രപിതാവിന്റെ ചിത്രത്തിന് മുന്നിൽ ചെന്നു നിന്നു. കൈകൊണ്ട് ചില്ലിലെ പൊടിതുടച്ച ശേഷം അയാൾ ആ മുഖത്തേക്ക് നോക്കി നിന്നു. ആ മുഖത്ത് അടക്കിപ്പിടിച്ച ദു:ഖത്തിന്റെ വിങ്ങലുണ്ടോ? ആ കണ്ണുകൾ നിറയുന്നുണ്ടോ? ആ ചുണ്ടുകൾ വിതുമ്പുന്നുവോ?

മുറ്റത്ത് കാൽപ്പെരുമാറ്റം കേട്ടപ്പോൾ അയാൾ തിരിഞ്ഞു നോക്കി. അവൻ തന്നെ. രഘുറാം. അവന്റെ വേഷവും ഭാവവും കണ്ട് രാംനാഥും ഭാര്യയും പകച്ചു നിന്നു.

കീറിപ്പറഞ്ഞ വസ്ത്രങ്ങൾ, ശരീരത്തിലങ്ങിങ്ങായി മുറിവേറ്റ പാടുകളും രക്തക്കറയും. തീയേറ്റ് പൊള്ളിയ പോലെ മുഖം വീർത്തിരുന്നു. കൈയിൽ രക്തക്കറ പുരണ്ട കഠാര.

“എന്റെ മോനെ...”

വികാരവായ്പോടെ വിളിച്ചുകൊണ്ട് അവനെ കെട്ടിപ്പിടിക്കാനാഞ്ഞ ഗായത്രിദേവി കഠാര കണ്ട് ഭയന്ന് പുറകോട്ട് മാറി.

അവൻ കഠാര തിണ്ണമേൽ വെച്ച ശേഷം പുറത്തേക്ക് നോക്കി വിളിച്ചു.

“കയറി വരൂ.....”

ഇരുട്ടിൽ നിന്ന് രൂപം കൊണ്ടപോലെ നാലുപേർ കോലായിലേയ്ക്ക് കയറി.

രഘുറാം ആരെയും ഗൗനിക്കാതെ അവരെയും കൂട്ടി തന്റെ സ്വകാര്യ മുറി തുറന്ന് അകത്തു

കടന്നു. അവരിലൊരാളുടെ കൈയിൽ നാലായി മടക്കിയ ഒരു ചാക്കുണ്ടായിരുന്നു.

രാംനാഥും ഗായത്രിയും അന്യോന്യം പകച്ചുനോക്കി. രവീണ ഭയന്നുമാറി നിൽക്കുകയാണ്.

അവന്റെ മുറിയിൽ നിന്ന് താഴ്ന്ന സ്ഥായിയിലുള്ള സംസാരം കേട്ടു. ആ രക്തം പുരണ്ട കഠാര അടുത്ത പാതകത്തിനായി തിണ്ണയിൽ കാത്തിരുന്നു. അതിൽ നിന്ന് കനം കുറഞ്ഞ ചോരത്തുള്ളികൾ ഇറ്റിവീഴുന്നുണ്ടായിരുന്നു.

അൽപസമയം കഴിഞ്ഞ് രഘുറാമും കൂട്ടരും പുറത്ത് വന്നു. കൂടെയുണ്ടായിരുന്നവന്റെ കൈയിലെ ചാക്ക് നിറഞ്ഞ് കനം തൂങ്ങുന്നുണ്ടായിരുന്നു.

ആരെയും ഗൗനിക്കാതെ കഠാരയെടുത്ത് അരയിൽ തിരുകി പുറത്തിറങ്ങിപ്പോകാൻ തുനിഞ്ഞ അവനെ രാംനാഥ് തടഞ്ഞു നിർത്തി.

"നിൽക്ക്. എങ്ങോട്ടാ നീ പോകുന്നത്?"

അവൻ തിരിച്ചൊന്നും മിണ്ടാതെ രൂക്ഷമായി നോക്കി.

"ഇതെന്തിനുള്ള പുറപ്പാടാ നീയൊക്കെ?"

ഒന്നും പറയാതെ കടന്നു പോകാൻ തുനിഞ്ഞ അവന്റെ ചുമലിൽ ബലമായി പിടിച്ചു നിർത്തിക്കൊണ്ടയാൾ പറഞ്ഞു.

"വേണ്ട മോനെ. ഇതൊന്നും വേണ്ട. പരസ്പരം കുത്തിപ്പിളർന്ന് കുരുതിപ്പുഴയൊഴുക്കിയത് കൊണ്ട് നമുക്കൊന്നും നേടാനില്ല."

"അച്ഛൻ മാറിനിൽക്ക്. ഇത് ധർമ്മ സമരമാണ്. ലക്ഷ്യം നിറവേറാതെ ഈ സമരം തീരില്ല. "

"എന്തു ധർമ്മം? എന്തു ലക്ഷ്യം? ആരാ നിന്നെയൊക്കെ ധർമ്മം പഠിപ്പിക്കുന്നത്? ആദർശശുദ്ധിയില്ലാത്ത കുറെ പ്രസ്ഥാനങ്ങളെ ഭിന്നിപ്പിച്ച് തമ്മിലടിപ്പിക്കുന്ന രാഷ്ട്രീയക്കോമരങ്ങളോ? അതോ പേനയും പുസ്തകവും പിടിക്കേണ്ട കൈകളിൽ കൊടിയും കൊലക്കത്തിയും പിടിപ്പിച്ച് നിന്നെയൊക്കെ പെരുവഴിയിലിറക്കുന്ന പാർട്ടിനേതാക്കളോ.... പരസ്പരം വെട്ടിമരിക്കുന്ന അണികളുടെ ചോരത്തുള്ളികളുടെ കണക്കു പറഞ്ഞ് വോട്ടുവാരുന്ന അധികാര കേസരികളോ?"

"അല്ല." രഘുറാം പൊട്ടിത്തെറിച്ചു. "ഇത് നീതിയും അനീതിയും തമ്മിലുള്ള പോരാട്ടമാണ്. ചതിപ്രയോഗത്തിലൂടെ അധികാരം പിടിച്ചെടുത്ത വിഷപ്പാമ്പുകളുടെ പത്തിയറുക്കാനുള്ള യുദ്ധം. ജനാധിപത്യത്തെ തകർക്കാനൊരുങ്ങുന്ന കാപാലികർക്കെതിരെയുള്ള ദേശസ്നേഹികളുടെ സായുധവിപ്ലവം....."

"ഹും, നീതിയോ? പരസ്പരം കൊന്നും കൊലവിളിച്ചുമല്ല നീതി നടപ്പാക്കേണ്ടത്. ജനങ്ങളുടെ സ്വൈരം കെടുത്തിയിട്ടല്ല ജനാധിപത്യത്തെ സംരക്ഷിക്കേണ്ടത്... പൊതുമുതൽ നശിപ്പിച്ചു കൊണ്ടല്ല ദേശസ്നേഹം കാണിക്കേണ്ടത്....."

"നിർത്ത്.... അച്ഛന്റെയീ ഗിരിപ്രസംഗം കേട്ടോണ്ടു നിൽക്കാൻ എനിക്ക് സമയമില്ല. ഒരു രാഷ്ട്രീയ പ്രവർത്തകന്റെ സമരവീര്യം അച്ഛന് മനസ്സിലാവില്ല."

"അതേടാ... സ്വന്തം സഹോദരന്റെ ചങ്കിലേയ്ക്ക് കത്തിയാഴ്ത്തുന്നവന്റെ സമരവീര്യം എനിക്ക് മനസ്സിലാവില്ല. അണികളുടെ അസ്ഥിക്കൂന കൊണ്ട് അടിത്തറയുറപ്പിക്കുന്ന മഹാപ്രസ്ഥാനങ്ങളുടെ പ്രത്യയശാസ്ത്രവും എനിക്ക് മനസ്സിലാവില്ല. ഹിംസയെ സഹന ശക്തികൊണ്ട് നേരിട്ടിരുന്ന ആ പഴയ സമരമുറ മാത്രമേ എനിക്കറിയൂ. ബ്രിട്ടീഷുകാരന്റെ ലാത്തിക്കും പീരങ്കിക്കും മുന്നിൽ അടിപതറാതെ നെഞ്ചുവിരിച്ച് നിന്ന് ഞാനും നിന്റെ മുത്തച്ഛനുമൊക്കെ പോരാടിയത് തമ്മിലടിച്ച് മരിക്കുന്ന

ഇന്ത്യക്കാരുടെ ചോരകൊണ്ട് നാടിനെ ചുവപ്പിക്കാനല്ല. ഐക്യത്തോടെ പ്രവർത്തിക്കുന്ന യുവതലമുറയെ സ്വപ്നം കണ്ടുകൊണ്ടാണ് ഞങ്ങൾ അവരുടെ ബൂട്ടുകൾക്ക് നെഞ്ച് സമർപ്പിച്ചതും വെടിയുണ്ടകൾക്ക് ജീവനർപ്പിച്ചതും....''

അദ്ദേഹം മകനോടൊപ്പം വന്ന അപരിചിതരായ ചെറുപ്പക്കാരുടെ നേരെ തിരിഞ്ഞു കൊണ്ട് ചോദിച്ചു.

''ആർക്കു വേണ്ടിയാണ് നിങ്ങളീ കടുംകൈ ചെയ്യുന്നത്? നിങ്ങൾ കുറേപ്പേർ തമ്മിൽ വെട്ടിമരിച്ചത് കൊണ്ട് ഈ നാട് സ്വർഗ്ഗഭൂമിയാകുമോ? നിങ്ങൾ മരിച്ചുവീണാൽ നിങ്ങൾ ജീവൻ ബലിയർപ്പിച്ച ഈ പ്രസ്ഥാനം നിങ്ങളുടെ മൃതദേഹം പനിനീർ തെളിച്ച് പാർട്ടി പതാക പുതപ്പിച്ച് ആചാരവെടിയോടെ സംസ്ക്കരിക്കുമെന്ന് കരുതിയോ? ഇല്ല മക്കളേ.... മരിച്ചു വീണ പോരാളികളെ ഒരു പ്രസ്ഥാത്തിനും ആവശ്യമില്ല. ഉടലും തലയും വേർപെട്ട നിങ്ങളെ മുനിസിപ്പാലിറ്റിക്കാർ കൂനകൂട്ടി തീകൊടുക്കുകയേ ഉള്ളൂ....'' രാംനാഥ് മുഖർജി കിതച്ചു.

''ഈ വാക്കുകൾക്കൊന്നും ഞങ്ങളെ പിന്തിരിപ്പിക്കാൻ കഴിയില്ല. ശത്രുക്കളെ പൂർണ്ണമായി നശിപ്പിക്കാതെ ഞങ്ങൾ ഈ സമരത്തിൽ നിന്ന് പിന്മാറില്ല. ഒന്നുകിൽ ഞങ്ങൾ അല്ലെങ്കിൽ അവർ..... ഏതെങ്കിലുമൊരു ചേരി പൂർണ്ണമായും നശിക്കുന്നത് വരെ ഈ യുദ്ധം തുടർന്നുകൊണ്ടിരിക്കും..''

ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടിറങ്ങിപ്പോകാൻ തുനിഞ്ഞ മകനെ കടന്നുപിടിച്ചുകൊണ്ട് ആ പിതാവ് വിലപിച്ചു.

''ഇല്ല നിന്നെ ഞാൻ വിടില്ല, ഈ അച്ഛനോട് നിനക്ക് സ്നേഹമുണ്ടെങ്കിൽ.... നിന്റെ അമ്മയേയും പെങ്ങളേയും ഓർത്ത് നീ നാശത്തിലേക്ക് നീങ്ങരുത്.''

''എന്നെ വിട്...ഞാൻ പോകും....'' അവൻ കുതറി.

''ഇല്ല. നിന്നെ ഞാൻ വിടില്ല.''

''എനിക്കെന്റെ പാർട്ടിയാണ് വലുത്. വഴി തടയുന്നതാരായാലും ശരി.. വെട്ടിമാറ്റി മുന്നോട്ട് നീങ്ങണമെന്നതാണ് ഞങ്ങളുടെ പാർട്ടിയുടെ തത്വം..... സ്വന്തം അച്ഛനായാൽപ്പോലും.. എന്നെക്കൊണ്ടത് ചെയ്യിക്കരുത്...''

അവൻ കുതറിക്കൊണ്ട് ഇരുട്ടിലേയ്ക്കിറങ്ങി നടന്നു.

ആ പിതൃഹൃദയം മരവിച്ചു നിന്നു. പിന്നെ ജീവനറ്റപോലെ ചാരുകസേരയിലേക്ക് വീണു.

ഈശ്വരന്മാരേ......

ഇതിനൊരവസാനമില്ലേ?

ഇതിനുവേണ്ടിയാണോ ആയിരങ്ങൾ രക്തം ചിന്തിയത്? ഇതിനുവേണ്ടിയാണോ ഒരായിരം ഭാരതസ്ത്രീകൾ അപമാനിക്കപ്പെട്ടത്? ഇതിനുവേണ്ടിയാണോ താനും കൂട്ടരും ജയിലറകളിൽ യൗവ്വനം ഹോമിച്ചത്?

അയാളുടെ കണ്ണ് നിറഞ്ഞു.

അയാൾ ചുവരിലേയ്ക്ക് നോക്കി. സ്വാതന്ത്ര്യത്തിന്റെ പ്രവാചകന്മാരെല്ലാം പരാജയബോധത്തോടെ തലകുനിച്ചു നിൽക്കുകയാണെന്ന് ഒരു നിമിഷം അയാൾക്ക് തോന്നിപ്പോയി.

കാൽപ്പാദങ്ങളിൽ ഈർപ്പം അനുഭവപ്പെട്ടപ്പോൾ അയാൾ കണ്ണുതുറന്നു നോക്കി. ആ കാലുകൾ കെട്ടിപ്പിടിച്ചു കരയുകയാണ് ഗായത്രീദേവി.

''നമ്മുടെ മോൻ....'' നിറകണ്ണുകളോടെ അവർ ഭർത്താവിനെ നോക്കി.

എന്തു പറയണം? എങ്ങനെ ആശ്വസിപ്പിക്കണം?

അയാൾ മകളെ നോക്കി. പാവം കരഞ്ഞു മുഖം വാടി നിൽക്കുകയാണ്.

അയാൾ പതുക്കെ അവരുടെ നെറുകയിൽ കൈവെച്ചുഴിഞ്ഞുകൊണ്ട് പറഞ്ഞു.

“ഗായത്രീ...കരയരുത്. ഒക്കെ നേരെയാവും... കരയാതെ... മോളെയും കൂട്ടി അകത്തു ചെന്ന് കിടക്ക്...”

ഗായത്രീദേവി എഴുന്നേറ്റ് ചേലത്തുമ്പ് കൊണ്ട് കണ്ണീർ തുടച്ച് മകളേയും കൂട്ടി അകത്തേയ്ക്ക് പോയി.

രാംനാഥ് മുഖർജി സ്വൽപനേരം ചിന്തയിലാണ്ടിരുന്നു.

പിന്നെ എന്തോ തീരുമാനിച്ചുറച്ചപോലെ എഴുന്നേറ്റ് മകന്റെ മുറി തുറന്നു.

*****************************************************************************

കാടും പൊന്തയും മൂടിയ വിജനമായ പ്രദേശത്തെ കനത്ത ഇരുട്ടിൽ ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു പഴയ വീട്. ഒരു നിറംമങ്ങിയ ബൾബിന്റെ മഞ്ഞപ്രകാശം അവിടെ തളം കെട്ടിനിൽക്കുന്നുണ്ട്. അവിടെ ഇരുപതോളം യുവാക്കൾ വട്ടം കൂടിയിരുന്ന് പതിഞ്ഞ ശബ്ദത്തിൽ സംസാരിക്കുന്ന മദ്ധ്യ വയസ്ക്കനായ നേതാവിന്റെ സംഭാഷണം ശ്രദ്ധിക്കുന്നു.

“ഇതിങ്ങനെ അധികം നീട്ടിക്കൊണ്ട് പോകാൻ കഴിയില്ല. നമ്മുടെ അംഗസംഖ്യ കുറഞ്ഞു വരികയാണ്. എത്രയും വേഗം ശത്രുക്കളെ മുഴുവനായി തകർക്കണം. സഹായത്തിനായി മറ്റു സ്ഥലങ്ങളിൽ നിന്ന് വാടകയ്ക്ക് ആളെ കൊണ്ടുവരണം. അവർ ചെറുത്തുനിൽപ് നിർത്തിയാലും നമ്മൾ ആക്രമണം അവസാനിപ്പിക്കരുത്... ജനസാന്ദ്രത കൂടിയ ചില സ്ഥലങ്ങളിൽ ഒരു സ്ഫോടന പരമ്പരയും ആസൂത്രണം ചെയ്യാനുണ്ട്. ഈ നാടിനെത്തന്നെ ചോരയിൽ മുക്കിയെടുക്കണം...”

കേൾവിക്കാർ അതിനെ അനുകൂലിച്ച് ശിരസ്സിളക്കിക്കൊണ്ടിരിക്കവെ പെട്ടെന്ന് വാതിൽ തുറക്കപ്പെട്ടു. ജുബ്ബയും പൈജാമയുമണിഞ്ഞ് ഗാന്ധിത്തൊപ്പി വെച്ച ഒരു വൃദ്ധൻ അകത്തേയ്ക്ക് വന്നു. അപ്രതീക്ഷിതമായി കടന്നുവന്ന ആഗതനെ അവിടേക്കൂടിയിരുന്നവർ പകപ്പോടെ നോക്കിയിരിക്കവേ അയാൾ കതകടച്ചു കുറ്റിയിട്ടു.

“എല്ലാവർക്കും എന്റെ അഭിവാദ്യങ്ങൾ..” അയാൾ കൈകൂപ്പി.

കൂട്ടത്തിൽ നിന്നൊരു ചെറുപ്പക്കാരൻ ക്ഷോഭിച്ചെഴുന്നേറ്റു.

“അച്ഛാ.... എന്തിനാണിപ്പോൾ ഇങ്ങോട്ട് വന്നത്..? അച്ഛനിവിടുന്ന് പോ....”

“പോകാം. എനിക്ക് ഇവിടെ ഒരു ചെറിയ ജോലിയുണ്ട്. അത് തീർന്നാൽ നമ്മുക്കെല്ലാവർക്കും ഒരുമിച്ചുപോകാം...”

“നിങ്ങൾക്കെന്തായിവിടെ കാര്യം?”നേതാവ് ക്ഷുഭിതനായി. “കടന്നുപോ ഇവിടുന്ന്. രഘുറാം, നിന്റെ അച്ഛനോട് പോകാൻ പറ”

“അച്ഛാ...

“മിണ്ടരുത്...” അയാൾ രൗദ്രനായി. “കാലം കുറച്ചധികമായി നീയൊക്കെ ഈ നാട്ടിന്റെ മുതുകെല്ലിൽ ചവിട്ടിനിന്ന് രാഷ്ട്രീയം കളിക്കാൻ തുടങ്ങിയിട്ട്. നിന്റെയൊക്കെ ചവിട്ടേറ്റ് നീരുവന്ന് വേദനിക്കുന്ന ഈ ഭൂമിയുടെ കരച്ചിൽ ദാ ഇപ്പോഴും എനിക്ക് കേൾക്കാം. മതി. ഇനിയെങ്കിലും ആ കണ്ണീര് തോരട്ടെ... ഒക്കെ ഇവിടെ അവസാനിക്കട്ടെ...”

“ടോ... മര്യാദയ്ക്ക് ഇറങ്ങിപോടാ...”

“തൂക്കിയെടുത്ത് പുറത്ത് എറിയെടോ അയാളെ...”

“തല്ലിപ്പുറത്താക്കെടോ...”

ആക്രോശങ്ങളുയർന്നു. അവർ ഒന്നടങ്കം അയാളുടെ നേർക്കാഞ്ഞു.

“ആരും അടുത്തുപോകരുത്...” അയാൾ ജുബ്ബയുടെ കീശയിൽ നിന്നൊരു വസ്തു പുറത്തെടുത്തു. എല്ലാവരും ഞെട്ടി പുറക്കോട്ടുമാറി.

അതിമാരകമായ സ്ഫോടനശേഷിയുള്ള ഒരു ബോംബ് !

“അച്ഛാ...”

“എന്താ? വിശ്വാസമാകുന്നില്ലല്ലേ...?” അയാൾ ചിരിച്ചു. “ഗീതാപുസ്തകം മാത്രം പിടിച്ചുകണ്ടിട്ടുള്ള നിന്റെ അച്ഛന്റെ കൈയിൽ ജെലാറ്റിൻ സ്റ്റിക്ക് കണ്ടിട്ട് നിനക്ക് വിശ്വാസം വരുന്നില്ലല്ലേ.....? അഹിംസാവാദിയായ അച്ഛന്റെ കൈയിൽ ഇതെങ്ങിനെ വന്നു എന്നാവും നിന്റെ സംശയം. നിന്റെ മുറിയിൽ നീ രഹസ്യമായി സൂക്ഷിച്ചിരുന്ന നിന്റെ അനർഘസമ്പത്തിൽ നിന്ന് ഞാൻ കണ്ടെടുത്തതാണിത്... എന്റെ വലിയ ഒരു തെറ്റിന് പ്രായശ്ചിതം ചെയ്യാൻ....”

അയാൾ കീശയിൽ നിന്നൊരും സിഗററ്റ് ലൈറ്റർ കൈയിൽ എടുത്തു. അവർ സ്തംഭിച്ചുനിന്നു.

“കുറച്ചുമുമ്പ് നീ എന്താ പറഞ്ഞത്? ഏതെങ്കിലും ഒരു ചേരി പൂർണ്ണമായും നശിക്കുന്നത് വരെ ഈ യുദ്ധം തുടരുമെന്നല്ലേ? അങ്ങനെ ഏതെങ്കിലും ഒരു ചേരി മുഴുവനായി നശിച്ചാലേ ഈ നാട്ടിൽ സമാധാനമുണ്ടാകൂ എങ്കിൽ..... ഈ മനുഷ്യക്കുരുതിക്കൊരവസാനമുണ്ടാകൂ എങ്കിൽ... അതന്റെ മകന്റെ ചേരിതന്നെയാകട്ടെ...”

അവർ നടുങ്ങിപ്പോയി. അയാൾ തുടർന്നു.

“നിന്നെപ്പോലെയൊരു മന:സ്സാക്ഷിയില്ലാത്ത മഹാപാപിക്ക് ജൻമം നൽകിയ പാപത്തിന് എനിക്ക് നിന്നെ മാത്രം കൊന്നാൽ മതിയായിരുന്നു. പക്ഷെ അങ്ങനെയൊരു വിഡ്ഢിത്തം ഞാൻ ചെയ്താൽ നാളെ നിന്റെ ശവശരീരം വെച്ചായിരിക്കും നിന്റെ ഈ കൂട്ടുക്കാർ കള്ളചൂത്ത് കളിക്കുന്നത്. അതുകൊണ്ട്, ഈ കൂട്ടത്തെ മുഴുവൻ ഞാൻ നശിപ്പിക്കാൻ പോവുകയാണ്...”

“അരുത്...” നേതാവിന്റെ ശബ്ദം വിറച്ചു. “ഒരു ശുദ്ധ ഗാന്ധിയനായ അങ്ങ്...?”

“അതേടോ...ഒരുറുമ്പിനെപ്പോലും നോവിക്കുന്നത് മഹപാപമാണെന്നാണ് ആ മഹാനായ നേതാവ് ഞങ്ങളെ പഠിപ്പിച്ചത്. പക്ഷെ നിന്റെയൊക്കെ സ്വാർത്ഥതയ്ക്ക് മുന്നിൽ ആയിരക്കണക്കിന് നിരപരാധികൾ ദിവസവും മരിച്ചുവീഴുമ്പോൾ, ഈ നാടിന്റെ രക്ഷക്കായി നിന്നെ പോലുള്ള രാജദ്രോഹികളെ കൂട്ടത്തോടെ വകവരുത്തുന്നത് ഒരു മഹത്തായ പാപമാണ്. മരണത്തോടടുത്ത ഈ പ്രായത്തിൽ എന്റെ മതൃരാജ്യത്തിന് വേണ്ടി ഞാൻ നേരുന്ന ആത്മബലിയാകട്ടെ ഇത്. സാരോപദേശങ്ങൾക്കൊന്നും ഇനി നിങ്ങളെ തിരുത്താൻ കഴിയില്ല. അതിന് ഇതല്ലാതെ മറ്റു മാർഗ്ഗവുമില്ല.”

നേതാവും അനുയായികളും രക്ഷപ്പെടാൻ തത്രപ്പെട്ട് നാലുപാടും നോക്കി.

“ഇനിയെങ്കിലും ഈ നാട്ടിൽ ശാന്തിയും സമാധാനവും ഉണ്ടാവട്ടെ. ഏതെങ്കിലും ഒരു പാർട്ടി സമാധാനപരമായി ഭരിക്കട്ടെ. ഇനിയൊരു തുള്ളി രക്തം പോലും ഈ മണ്ണിൽ ചിന്താതിരിക്കട്ടെ. കുറഞ്ഞപക്ഷം ഈ നഗരത്തിലെങ്കിലും മനുഷ്യക്കുരുതി അവസാനിക്കട്ടെ.. ഇതാകട്ടെ ഈ മണ്ണിന്റെ പുതിയ സ്വാതന്ത്ര്യദിനം...”

അയാൾ ലൈറ്റർകൊണ്ട് ബോംബിന്റെ തിരികൊളുത്തി.

“അരുത്...

“അച്ഛാ വേണ്ട

ദീനമായ വിലാപങ്ങൾ ആ നാല് ചുമരുകൾക്കിടയിൽ മുഴങ്ങി.

"എല്ലാവരും പ്രാർത്ഥിച്ചോ.... മിച്ചമുള്ള ആയുസ്സിന്റെ കണികയിലെങ്കിലും മനസ്സുണർന്ന് പ്രാർത്ഥിച്ചോ... ചെയ്ത്കൂട്ടിയ പാപങ്ങളുടെ പേരിൽ, നിങ്ങളുടെ സിംഹാസനങ്ങൾക്കടിയിൽപ്പെട്ട് ഞെരിഞ്ഞമർന്ന മനുഷ്യാത്മാക്കളുടെ പേരിൽ, അടുത്ത ജന്മത്തിലെങ്കിലും രാജ്യസ്നേഹമുള്ള ഭാരതീയരായി ജനിക്കാൻ വേണ്ടി പ്രാർത്ഥിച്ചോളൂ... നാളെ ഈ മണ്ണിൽ സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും ഒരു പുതുപലരി പിറക്കട്ടെ... ഭാരത് മാതാ കീ ജയ്.... ഭാരത് മാതാ കീ ജയ... ഭാരത് മാതാ... കീ..."

ഭൂം.....

ശക്തമായ പൊട്ടിത്തെറി. കൂട്ടനിലവിളി.

ദിഗന്തങ്ങളാകെ ഒന്നുവിറച്ചു. പക്ഷികൾ ഞെട്ടിയുണർന്നു ചിലച്ചു. മൃഗങ്ങൾ ഉറക്കെ നിലവിളിച്ചു.

പ്രകൃതി വിറങ്ങലിച്ചു നിന്നു....

അതായിരുന്നു ആ നഗരത്തിലെ അവസാനത്തെ തീപ്പൊരി... അവസാനത്തെ കൂട്ടക്കുരുതിയും...

**********************************